# എനിക്ക് കാഴ്ച പ്രാപിക്കേണം

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# എനിക്ക് കാഴ്ച പ്രാപിക്കേണം

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

E - mail : profmyyohannan@crfgospel.org

Website : www.crfgospel.org

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

Cover Design :

Swaminathan, Computer Park

●

Layout & Printing :

Merin Graphics, Edappally, Kochi- 24

E-mail: meringraphics@gmail.com

●

*copy right reserved*

# അവതാരിക

എൻ.ഡി. ചെറിയാൻ
റിട്ട: ഡെപ്യൂട്ടി കളക്ടർ

ബഹു: യോഹന്നാൻ സാർ എഴുതിയിട്ടുള്ള 34-ാമത്തെ പുസ്തകമാണ് " എനിക്ക് കാഴ്ച പ്രാപിക്കേണം " എന്ന ഈ ഗ്രന്ഥം. 17-ാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ട നാളുമുതൽ നീണ്ട കാലഘട്ടങ്ങൾ കർത്താവിന്റെ വയൽ പ്രദേശത്ത് കർത്തൃ ശുശ്രൂഷയിൽ നിറഞ്ഞുനിൽക്കുന്ന ഭാഷാ പണ്ഡിതനും തിരു വചനജ്ഞാനിയുമായ എന്റെ ആദരണീയനായ ആത്മീയ ഗുരു വാണ് ബഹു: യോഹന്നാൻ സാർ. അദ്ദേഹത്തിന്റെ പുസ്തക ത്തിന് ഒരു അവതാരിക എഴുതുവാനുള്ള യോഗ്യത ഒരു തര ത്തിലും എനിക്കില്ലെങ്കിലും ഈ വലിയ ഭാഗ്യം എന്റെ നാഥ നായ കർത്താവ് എനിക്ക് ദാനമായി തന്നതാണെന്ന് വിശ്വസി ച്ചുകൊണ്ട് ഈ ദൗത്യം ഞാൻ വിനയപൂർവ്വം സ്വീകരിക്കുന്നു.

അനേകവർഷങ്ങളായി നീണ്ടുനിൽക്കുന്ന ഒരു ആത്മബ ന്ധമാണ് എനിക്ക് ബഹു: യോഹന്നാൻ സാറുമായിട്ടുള്ളത്. സാർ നേതൃത്വം നൽകുന്ന ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ, അതിന്റെ ആരംഭകാലംമുതൽ ചേർന്നുനിൽക്കുവാൻ കർത്താവ് എന്നെ സഹായിച്ചു. അതിന്റെ ഫലമായി ആചാരാനുഷ്ഠാനങ്ങ ളിലും നേർച്ചകാഴ്ചകളിലും മാത്രം വിശ്വസിച്ച് യഥാർത്ഥ ജീവി തത്തിൽ ക്രിസ്തു ഇല്ലാതിരുന്ന ഒരു ക്രിസ്ത്യാനിയായിരുന്ന

എനിക്ക്, ഞാൻ യഥാർത്ഥത്തിൽ ആരാണെന്നും ആ അവസ്ഥയിൽ ഞാൻ ഈ ലോകം വിട്ടു കടന്നുപോയാൽ, യേശു വസിക്കുന്ന, പരിശുദ്ധന്മാർ വസിക്കുന്ന, സ്വർഗ്ഗരാജ്യത്തിൽ ചെന്നെത്തുകയില്ലെന്നും ബോദ്ധ്യമായി. പുറമേയുള്ള പാപപ്രവൃത്തികളിൽ നിന്നും ഒഴിഞ്ഞു നിന്നതുകൊണ്ടുമാത്രം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ സാദ്ധ്യമല്ല എന്നും നമ്മുടെ ജീവിതത്തിലെ ചിന്തകൾ, കേൾവികൾ, കാഴ്ചകൾ, ആഗ്രഹങ്ങൾ വിചാര വികാരങ്ങൾ എന്നിവയെല്ലാം കർത്താവിന് പ്രസാദകരമായാലേ സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ സാദ്ധ്യമാകൂ എന്നും സാർ നയിക്കുന്ന കൂട്ടായ്മയാണ് എന്നെ പഠിപ്പിച്ചത്. മതമല്ല മനമാണ് മാറേണ്ടത്, സഭയല്ല ഹൃദയമാണ് മാറേണ്ടത് എന്ന സാറിന്റെ ഉൽകൃഷ്ടമായ ആശയങ്ങളും, സഭയിലെ ആദ്യകാല വി: പിതാക്കൻമാർ അനുവർത്തിച്ചുപോന്ന വിശുദ്ധിയുടെ പാരമ്പര്യത്തിലേക്ക് സഭാമക്കൾ തിരിച്ചുപോകണമെന്ന പ്രബോധനങ്ങളും അനേകം വിശ്വാസികളെ ജീവിത വിശുദ്ധിയിലേക്കും മാനസാന്തരത്തിലേക്കും നയിച്ചിട്ടുണ്ട്. ഈ കൂട്ടായ്മയിൽ സ്ഥിരമായി വചനം കേട്ടു തുടങ്ങിയപ്പോഴാണ് എനിക്ക് സഭയുടെ യഥാർത്ഥ വിശ്വാസമെന്തെന്നും ആരാധനാക്രമങ്ങളുടെയും പെരുന്നാളുകളുടേയും കൂദാശക്രമങ്ങളുടേയും അർത്ഥവ്യാപ്തി എന്തെന്നും ശരിയായി മനസ്സിലാവുന്നത്. സഭയിലെ പരിശുദ്ധ പിതാക്കന്മാർ എഴുതി വച്ചിട്ടുള്ള പ്രമിയോൻ സെദ്റാകളുടേയും ആരാധനാഗീതങ്ങളുടേയും, അർത്ഥം ബഹു:സാറിന്റെ നാവിൽകൂടി പരിശുദ്ധാത്മാവ് വെളിപ്പെടുത്തി തരുന്നത് എനിക്ക് അത്ഭുതകരമായ അനുഭവമാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള അനേകായിരങ്ങൾക്ക്, യാതനയും വേദനയും ദുരിതങ്ങളും ദു:ഖങ്ങളും മാനസീക പ്രയാസങ്ങളും കഷ്ടതയും അനുഭവിക്കുന്നവർക്ക് കർത്താവായ യേശുവിന്റെ സമാധാന വചനം കൊടുക്കുന്നതിനു ബഹു: സാറിന്റെ നാവിനെ കർത്താവ് പ്രയോജനപ്പെടുത്തിക്കൊണ്ടി

രിക്കുന്നതോർത്തു ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

ബഹു: സാർ ഇതിനകം 33 പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലോകത്തെമ്പാടുമുള്ള അനേകായിരങ്ങൾക്ക്, പല തരത്തിൽ വേദനയും യാതനയും അനുഭവിക്കുന്നവർക്ക് ഈ പുസ്തക പാരായണത്തിലൂടെ, ധ്യാനത്തിലൂടെ, ആശ്വാസവും സമാധാനവും ലഭിച്ചുകൊണ്ടിരിക്കുന്നതായി അനേകർ സാക്ഷീകരിച്ചിട്ടുണ്ട്.

ബഹു: സാറിന്റെ 34-ാമത്തെ "എനിക്ക് കാഴ്ച പ്രാപിക്കേണം" എന്ന പുസ്തകവും പരിശുദ്ധാത്മമൊഴികൾ നിറഞ്ഞു നിൽക്കുന്നതാണ്. ഈ പുസ്തകത്തെ 13 അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു ഓരോ അദ്ധ്യായത്തിൽ കൂടിയും ധ്യാനത്തോടെ കടന്നുപോകുമ്പോൾ വായനക്കാരായ നാം പല രീതിയിലും കുരുടന്മാരാണ് എന്ന സത്യം പരിശുദ്ധാത്മാവ് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. നമ്മുടെ ഹൃദയ കണ്ണുകളെ അന്ധവിശ്വാസങ്ങൾകൊണ്ടും അബദ്ധാചാരങ്ങൾകൊണ്ടും അനേകമായ ഹൃദയപാപങ്ങൾകൊണ്ടും ഇരുൾ മൂടിയിരിക്കുകയാണ് എന്നുള്ള സത്യം ഈ പുസ്തകത്തിലൂടെ പരിശുദ്ധാത്മാവ് നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ ഹൃദയത്തിന്റെ പാപാന്ധകാരം മാറ്റുവാൻ ക്രിസ്തു നമ്മുടെ അരികിലേക്ക് വരുന്നതായി ഈ പുസ്തക പാരായണത്തിലൂടെ നമുക്ക് ബോദ്ധ്യമാകുന്നു. ഇതിലെ ഓരോ വാക്കിലും സ്നേഹവാനായ കർത്താവിന്റെ സ്നേഹം നിറഞ്ഞു തുളുമ്പി നിൽക്കുന്നു.

വി: യോഹന്നാന്റെ സുവിശേഷം ഒൻപതാം അദ്ധ്യായത്തിലെ പിറവിയിലെ കുരുടന്റെ സൗഖ്യം സംബന്ധിച്ച പ്രമേയമാണ് ഈ പുസ്തകത്തിലെ പ്രതിപാദന വിഷയം. കർത്താവ് അവനെ സൗഖ്യമാക്കി. അവന് കർത്താവിൽ വിശ്വാസമുണ്ടായിരുന്നു. കർത്താവ് കല്പിച്ച വചനം അവൻ വിശ്വസിച്ചു, അനു

സരിച്ചു, സൗഖ്യം പ്രാപിച്ചു. ഈ പുസ്തകത്തിലെ ഒന്നാം അദ്ധ്യായത്തിൽ വിശ്വാസ ജീവിതത്തിന് ഏറെ പ്രാധാന്യം നൽകിയിരിക്കുന്നതായി കാണാം. വിശ്വാസമുള്ളിടത്തു മാത്രമേ കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുള്ളൂ.

അതുപോലെ മാർക്കോസ് 8- ാം അദ്ധ്യായത്തിൽ വേറൊരു കുരുടനെ കർത്താവ് സുഖപ്പെടുത്തിയതായി കാണുന്നു. അവിടെയും ആ കുരുടനെ തന്റെ അടുക്കൽ കൊണ്ടു വന്നവരുടെ വിശ്വാസം കർത്താവു കണ്ടു. അവരുടെ അപേക്ഷ കേട്ടു. അവനെ സൗഖ്യമാക്കി. നമുക്കും പാപാന്ധതയിൽ നിന്നും സൗഖ്യം പ്രാപിക്കേണം എന്ന് നാം ആവശ്യക്കാരായിരിക്കയും നമുക്ക് കർത്താവിന്റെ അത്ഭുത ശക്തിയിലും പരിശുദ്ധാത്മാവിലും വിശ്വാസമുണ്ടായിരിക്കുകയും ചെയ്താൽ അവൻ നമ്മുടെ ജീവിതത്തിലും അത്ഭുതങ്ങൾ പ്രവർത്തിക്കും എന്നു ള്ള സത്യം ഈ പുസ്തകത്തിലൂടെ നമുക്ക് മനസ്സിലാക്കാം. ഞാൻ അതിനു സാക്ഷിയാണ്, എന്റെ എളിയ ജീവിതത്തിൽ, ആത്മീയ ജീവിതത്തിലും ലൗകീക ജീവിതത്തിലും ഞാൻ വിശ്വാസത്തോടെ ആവശ്യക്കാരനായി അപേക്ഷിച്ച ഒരു കാര്യവും ക്രിസ്തു എനിക്ക് വിലക്കിയിട്ടില്ല.

സർവ്വ മാനവ ജാതിയുടേയും ഹൃദയത്തിൽ വെളിച്ചം പകർന്ന് അന്ധതമാറ്റുന്ന കർത്താവായ യേശുക്രിസ്തു വായനക്കാരായ നാം ഓരോരുത്തരുടേയും ജീവിതത്തിൽ പ്രവർത്തിച്ചു എന്നു പറയുവാനുള്ള പ്രാഗത്ഭ്യം നാം നേടിയോ? സ്നേഹവാനായ കർത്താവ് എന്റെ ജീവിതത്തിനു വെളിവു തന്നു എന്നു പറയുവാനുള്ള ഭാഗ്യം നമുക്കു ലഭിച്ചുവോ എന്ന ഗ്രന്ഥകാരന്റെ ചോദ്യത്തിനുമുമ്പിൽ നാം എന്തുത്തരം പറയും !

ബഹു: യോഹന്നാൻ സാറിന്റെ പുസ്തകങ്ങളിലൂടെ അനുവാചകരോട് അദ്ദേഹം ആവശ്യപ്പെടുന്ന ആത്മീയ ജീവിതവും

ജീവിത വിശുദ്ധിയും കറകളഞ്ഞ ദൈവസ്നേഹവും അദ്ദേഹം തന്നെ ജീവിതത്തിൽ മാതൃകയായി കാണിച്ചു തരുന്നു എന്നുള്ള വസ്തുത എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

നാം ഈ പുസ്തകം വായിച്ചു ധ്യാനിക്കുമ്പോൾ യഥാർത്ഥത്തിൽ നമ്മുടെ ജീവിതത്തിന്റെ പാപാന്ധതകൾ പരിശുദ്ധാത്മാവ് നമുക്ക് ബോദ്ധ്യം തരും. നമ്മുടെ ജീവിതത്തിലെ പാപത്തെ ഓർത്തുള്ള കുറ്റബോധവും അനുതാപവും ഉണ്ടാകും. തുടർന്ന് യേശുനാഥന്റെ കരുണയ്ക്കുവേണ്ടി യാചിച്ചാൽ തിരുരക്തത്താൽ കഴുകൽ പ്രാപിക്കുവാൻ നമുക്കു സാധിക്കും. കഴുകൽ പ്രാപിച്ചാൽ സത്യപ്രകാശമാകുന്ന ക്രിസ്തു നമ്മുടെ ജീവിതത്തിൽ വെളിച്ചമായി ശോഭിക്കും. നമ്മുടെ ജീവിതം പ്രകാശപൂരിതമായിരിക്കും. നാം ക്രിസ്തുവിന്റെ സാക്ഷികളായിത്തീരും, നാം ക്രിസ്തുവിനെ അനുഗമിക്കുന്നവരായിത്തീരും.

ഇനിയും അനേകം പുസ്തകങ്ങൾ എഴുതി അതുവഴി അനേകായിരം ജനങ്ങൾക്ക് ആത്മീയ കാഴ്ച ലഭിച്ച് സ്വർഗ്ഗരാജ്യത്തിന് അവരെ  അവകാശികളാക്കുവാൻ സ്വർഗ്ഗസ്ഥനായ കർത്താവ് ബഹു: യോഹന്നാൻ സാറിന് ആയുസ്സും ആരോഗ്യവും സകലവിധ ആത്മീയ അനുഗ്രഹങ്ങളും നൽകട്ടെ എന്ന് ഹൃദയംഗമമായി പ്രാർത്ഥിച്ചുകൊണ്ട് “എനിക്ക് കാഴ്ച പ്രാപിക്കേണം” എന്ന ഈ അമൂല്യ ഗ്രന്ഥം അനുവാചകർക്കായി ദൈവനാമത്തിൽ അവതരിപ്പിച്ചുകൊള്ളുന്നു.

കടയിരുപ്പ്,
19-12-2005

**എൻ.ഡി. ചെറിയാൻ**
റിട്ട: ഡെപ്യൂട്ടി കളക്ടർ
എറണാകുളം

# ആമുഖം

നല്ല കൂരിരുട്ടുള്ള രാത്രി. നേരം പാതിരയായി. ആ കപ്പൽ സിസിലിയിലേക്ക് പോകുകയാണ്. കപ്പലിന്റെ ഡക്കിൽ ഏകനായി ഒരാൾ ഇരിക്കുകയാണ്. ജീവിതത്തിലെ കൊടിയ പ്രശ്നങ്ങളും ദുരിതങ്ങളും പ്രതിസന്ധികളും ഒന്നിനുപുറകെ ഒന്നായി അലമാലകൾപോലെ ജീവിതത്തെ ആടി ഉലഞ്ഞുപോകുമാറ് അലട്ടുന്നതുകൊണ്ട് ഉള്ളു തളർന്ന് കവി അവിടെ ഇരിക്കുകയാണ്. കട്ടിക്കൂരിരുട്ട് ചുറ്റും തിങ്ങിനിൽക്കുന്നു. അപ്പോൾ അദ്ദേഹം ഉള്ളം തകർന്ന്, വിതുമ്പിക്കൊണ്ട് പാടി.

“Lead kindly light” “ദിവ്യപ്രകാശമേ നയിച്ചാലും” എന്ന് ഒരു ദിവ്യ ഗാനത്തിന്റെ ശീലുകൾ അറിയാതെ അധരങ്ങൾ ഉരുവിട്ടുകൊണ്ടിരുന്നു. ചുറ്റും കൂരിരുട്ടാണ്. ഞാൻ ഒറ്റയ്ക്കാണ്. ഞാൻ എന്റെ ഭവനത്തിൽ നിന്ന് ഏറെ ദൂരെയാണ്. നാഥാ, എനിക്ക് അങ്ങയുടെ സാന്നിദ്ധ്യം കൂടിയേ കഴിയൂ. ഈ കൂരിരുട്ടിൽ അവിടന്ന് എന്റെ കൂടെയിരുന്ന് എന്നെ കാക്കണമേ. ദിവ്യപ്രകാശമേ, എന്നെ നയിക്കണമേ. ദൂരത്തേയ്ക്കുള്ള വെളിച്ചമൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല. ഓരോ ചുവട് വെയ്ക്കാനുള്ള ഇടം എനിക്ക് കാണിച്ചു തന്നാൽ മതി. I do not ask the distant scene, one step is enough for me. എന്റെ പഴയകാല ചരിത്രം അവിടന്ന് അറിയുന്നുവല്ലൊ. അതൊന്നും നാഥാ, നീ ഓർക്കരുതേ, നിന്നെ കൂടാതെ ഞാൻ നടന്നവനായിരുന്നു എന്ന് ഞാൻ അനുശയവിവശതയോടെ ഏറ്റുപറയുന്നു. എന്നാൽ ഇന്ന് നീ എന്നെ നയിക്കണം. കരുണാർദ്ര ദീപമേ, നിന്റെ പ്രകാശം എനിക്ക് നൽകണമേ. Lead Kindly light.

ഈ കവിത പാടിയത് കാർഡിനൽ ന്യൂ മാൻ എന്ന വിശ്രുത പ്രതിഭയാണ്. ഈ അനുഭവമല്ലേ നമുക്കെല്ലാവർക്കും ആവശ്യം? നമ്മിലേക്ക് നോക്കി അഭിമാനിക്കാൻ നമുക്കെന്തുണ്ട്? കഴിഞ്ഞ

കാലത്തെ ചികഞ്ഞ്, ഓർത്ത് ഊറ്റം കൊള്ളാൻ വല്ല വകയുമുണ്ടോ? എല്ലാം നഷ്ടത്തിന്റെ കണക്കുകൾ മാത്രം. അമ്പേ പരാജയപ്പെട്ട പൂർവ്വകാല ജീവിതം. ഇന്ന് ഓർത്ത് ലജ്ജിക്കാം,; കരയാം ; അനുതപിക്കാം; പുതിയ സമർപ്പണം എടുക്കാം; അപ്പോഴാണ് ക്രിസ്തുവിന്റെ കരുണാർദ്ര കരങ്ങൾ നമ്മെ തലോടുന്നത്. അപ്പോഴാണ് അകക്കണ്ണ് തുറന്നു കിട്ടുന്നത്. അപ്പോഴാണ് ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു പുതുലോകം നാം ദർശിക്കുന്നത്. അപ്പോഴാണ് അത്യപൂർവ്വ സമാധാനം നമ്മിൽ വരുന്നത്. അപ്പോഴാണ് നിതാന്തശാന്തിയുടെ ഉറവ നമ്മിൽ നിന്ന് പൊട്ടിപ്പുറപ്പെടുന്നത്. അപ്പോഴാണ് നൈരാശ്യത്തിന്റെ കൊടും ചൂടിൽ എരിയുന്ന അനേകം ഹൃദയങ്ങൾ ആശ്വാസത്തിന്റെ കുളുർമഞ്ഞണിയുന്നത്.

ഈ ആശയത്തിന്റെ ധ്യാനാത്മകമായ അനുഭൂതി മധുരം പങ്കുവെയ്ക്കാനുള്ള ആശയാണ് ഈ പുസ്തക രചനയുടെ പിന്നിലെ പ്രേരക ശക്തി. സഭയ്ക്കും സമുദായത്തിനും മതത്തിനും ജാതിക്കും അതീതമായി ക്രിസ്തു തരുന്ന ഐഹിക സമാധാനവും നിത്യ സ്വർഗ്ഗ സൗഭാഗ്യവും ആർക്കും കരഗതമാക്കാം എന്ന അത്ഭുത യാഥാർത്ഥ്യം ഏവർക്കും ഉൾപ്പുളകമേകുന്നതാണ്. ഈ ഗ്രന്ഥപാരായണം മൂലം ആ ഭാഗ്യാനുഭവം എല്ലാവർക്കും ലഭിക്കട്ടെ എന്ന് ഞാൻ ആശംസിക്കുകയും സർവ്വേശ്വരനോട് യാചിക്കുകയും ചെയ്യുന്നു.

ഈ പുസ്തകത്തിന് അവതാരിക എഴുതിത്തന്ന ശ്രീ എൻ. ഡി. ചെറിയാൻ എന്റെ ജീവിതത്തിൽ പല വിധത്തിൽ എന്നെ സഹായിക്കുകയും ആദ്ധ്യാത്മിക പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്ത ഒരാത്മസുഹൃത്താണ്. ഔദ്യോഗിക ജീവിതത്തിന്റെ തിരക്കുപിടിച്ച ചുമതലകളിലൂടെ ബദ്ധപ്പാടോടെ നീങ്ങിയ കാലത്തൊരിക്കലും അഴിമതിയുടെയോ കൈക്കൂലിയുടെയോ കറപുരളാത്ത വ്യക്തി ജീവിതം പുലർത്താനും വളരെ കാര്യക്ഷമതയോടെ, ആത്മാർത്ഥതയോടെ, ചുമതലാ ബോധ

ത്തോടെ ഔദ്യോഗിക പ്രവർത്തനങ്ങൾ നിറവേറ്റാനും കഴിഞ്ഞ ഒരു ശ്രേഷ്ഠമായ വ്യക്തി ജീവിതത്തിന്റെ ഉടമയായ ശ്രീ. എൻ. ഡി. ചെറിയാൻ ഡെപ്യൂട്ടി കലക്ടർ എന്ന നിലയിൽ ചെയ്ത സേവനങ്ങൾ നാട്ടുകാരും സഹപ്രവർത്തകരും മുക്ത കണ്ഠം പ്രശംസിച്ചിരുന്ന വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. ശ്രീ. ചെറിയാനോടുള്ള എന്റെ കൃതജ്ഞത ഞാൻ ഇവിടെ പ്രകാശിപ്പിക്കുകയാണ്.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫ് റീഡിംഗ്, ഡിറ്റിപി, അച്ചടി, കവർ പേജ് എന്നീ വിവിധ പ്രവർത്തനങ്ങൾ വളരെ ആത്മാർത്ഥതയോടെ, ക്രിസ്തുവിനോടുള്ള സ്നേഹം കൊണ്ടും കടപ്പാടു കൊണ്ടും നിർവ്വഹിച്ച ശ്രീ. എ.ജെ. അബിയെ (Retd. General Manager, TCM, Mettur & Kalamassery) എത്ര പ്രശംസിച്ചാലും മതിയാകയില്ല. കർത്താവായ യേശു ക്രിസ്തു പ്രിയപ്പെട്ട അബിയ്ക്ക് എല്ലാ അനുഗ്രഹങ്ങളും നൽകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

ഈ ഗ്രന്ഥം വായിച്ച് ധ്യാനിക്കുന്നതുമൂലം അനേകരുടെ ഉൾക്കണ്ണു തുറക്കുമെന്നും ക്രിസ്തുവിന്റെ കരം സ്പർശിക്കുമ്പോൾ ലഭിക്കുന്ന ആന്തരികശാന്തി അനുവാചകർക്ക് ലഭിക്കുമെന്നും ഞാൻ ആശിക്കുന്നു; വിശ്വസിക്കുന്നു.

എല്ലാറ്റിനും കാരണ ഭൂതനും എല്ലാ നന്മകളുടെയും ഉറവിടവുമായ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയിൽ ശരണപ്പെട്ടും ക്രൂശിലെ ത്യാഗമരണത്തിലും അഭൗമ സ്നേഹത്തിലും ആശ്രയിച്ചും ഞാൻ ഈ പുസ്തകത്തിന്റെ മുഖമൊഴികൾക്ക് വിരാമം കുറിക്കുന്നു.

നിങ്ങളുടെ വിനീത വിധേയൻ
**എം.വൈ. യോഹന്നാൻ**

# ഒന്ന്

"ഇങ്ങിനെ പറഞ്ഞിട്ട് അവൻ നിലത്തു തുപ്പി. തുപ്പൽ കൊണ്ട് ചേറുണ്ടാക്കി ചേറ് അവന്റെ കണ്ണിൻമേൽ പൂശി നീ ചെന്ന് ശിലോഹാം കുള ത്തിൽ കഴുകുക എന്ന് അവനോട് പറഞ്ഞു. അവൻ പോയി കഴുകി, കണ്ണുകാണുന്നവനായി മടങ്ങി വന്നു!"

*യോഹ. 9 : 6-7*

യേശു ക്രിസ്തുവിന്റെ അത്ഭുത പ്രവൃത്തികൾ താൻ ദൈവ പുത്രൻ എന്നു വെളിപ്പെടുത്തുന്നവയാണ്. യേശു ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ എന്ത് എന്ന് വി:യോഹ ന്നാന്റെ സുവിശേഷത്തിൽ ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട്.

ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. ഞാൻ ജീവന്റെ വെളിച്ചമാകുന്നു. ഞാൻ ജീവന്റെ അപ്പമാകുന്നു. ഞാൻ തന്നെ വഴിയാകുന്നു. ഞാൻ തന്നെ സത്യമാകുന്നു. ഞാൻ തന്നെ ജീവനാകുന്നു. ഞാൻ ജീവന്റെ ജലമാകുന്നു. ഞാൻ ജീവന്റെ ആഹാരമാകുന്നു.

ഞാൻ നല്ല ഇടയനാകുന്നു.

എന്നിങ്ങനെയുള്ള അനേകം അവകാശവാദങ്ങൾ കർത്താവായ യേശുക്രിസ്തു വി:യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നുണ്ട്.

> "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു, ഇരുളോ അതിനെ പിടിച്ചടക്കിയില്ല. ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു; അവനു യോഹന്നാൻ എന്നു പേർ. അവൻ സാക്ഷ്യത്തിനായി, താൻ മുഖാന്തരം എല്ലാവരും വിശ്വസിക്കേണ്ട തിനു വെളിച്ചത്തെക്കുറിച്ചു സാക്ഷ്യം പറവാൻ തന്നെ വന്നു. അവൻ വെളിച്ചം ആയിരുന്നില്ല; വെളിച്ചത്തിനു സാക്ഷ്യം പറയേണ്ടുന്നവനത്രേ."
>
> യോഹ. 1 : 1–8

യോഹന്നാൻ സ്നാപകൻ വെളിച്ചം ആയിരുന്നില്ല. വെളിച്ചത്തിനു സാക്ഷ്യം വഹിക്കുന്നവനായിരുന്നു. ക്രിസ്തു ആണ് വെളിച്ചം. യേശുക്രിസ്തു പറഞ്ഞു:

> "നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു"
>
> മത്തായി. 5 : 14
>
> "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു"
>
> യോഹ. 8 : 12

ക്രിസ്തു ലോകത്തിന്റെ വെളിച്ചം. ക്രിസ്തു ലോകത്തിനു

ജീവൻ നൽകുന്ന സത്യ ജീവൻ. ക്രിസ്തു ലോകത്തിന്റെ ദാഹം ശമിപ്പിക്കുന്ന നിത്യ ജീവന്റെ ജീവജല സമൃദ്ധി. ക്രിസ്തു ലോകത്തിനു നിത്യാഹാരം നൽകുന്ന ജീവന്റെ അപ്പം. ക്രിസ്തു മൃതി അടഞ്ഞു പോയവർക്ക് ജീവൻ പ്രദാനം ചെയ്യുന്ന ജീവന്റെ ഉടയവൻ, ജീവന്റെ പുനരുത്ഥാനം.

യേശുക്രിസ്തുവിന്റെ അത്ഭുതങ്ങളും അടയാളങ്ങളും തന്റെ ശ്രദ്ധേയവും ഗൗരവാവഹവുമായ വചനം ജനഹൃദയങ്ങളിലേക്ക് ആഴത്തിൽ പതിയുന്നതിനു മുഖാന്തരങ്ങളാണ്.

യോഹന്നാന്റെ സുവിശേഷം രണ്ടാം അധ്യായത്തിൽ പച്ച വെള്ളത്തെ വീഞ്ഞാക്കിയത്, ക്രിസ്തു ജീവിതത്തിൽ രൂപാന്തരം വരുത്തുന്നവനാണെന്നും ദു:ഖ തപ്തമായ ഹൃദയത്തിലും ജീവിതത്തിലും കുടുംബത്തിലും കടന്നുവന്ന് ശാന്തിയും സമാധാനവും ക്രിസ്തു നൽകുന്നവനാണെന്നും വെളിപ്പെടുത്തുന്നു. ഈ സംഭവത്തോട് അനുബന്ധിച്ച് രേഖപ്പെടുത്തിയിരിക്കുകയാണ്, യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വെച്ചു ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി, അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു എന്ന്.

ക്രിസ്തുവിൽ വിശ്വസിക്കുന്നതിനു തന്റെ ശിഷ്യന്മാർക്കു മുഖാന്തരമായി ക്രിസ്തുവിന്റെ ഓരോ അടയാളങ്ങളും അത്ഭുതങ്ങളും.

വി: യോഹന്നാന്റെ സുവിശേഷം നാലാം അദ്ധ്യായത്തിൽ ഗലീലയിലെ കാനാവിൽ രാജ ഭൃത്യന്റെ മകന് സൗഖ്യം നൽകിയതിൽ കൂടെ ക്രിസ്തു സൗഖ്യ ദായകനാണെന്ന് വെളിപ്പെടുത്തുകയാണ് ചെയ്തത്. യേശു പറഞ്ഞ വാക്ക് വിശ്വസിച്ചപ്പോൾ ആ രാജഭൃത്യന്റെ മകന് സൗഖ്യം ലഭിച്ചു.

> "ആകയാൽ നിന്റെ മകൻ ജീവിച്ചിരിക്കുന്നു എന്നു യേശു പറഞ്ഞ നാഴികയിൽ തന്നേ എന്നു അപ്പൻ ഗ്രഹിച്ച് താനും കുടുംബം ഒക്കെയും വിശ്വസിച്ചു."
>
> *യോഹ. 4.53*

വിശ്വാസമാണ് സൗഖ്യത്തിനും ക്രിസ്തു ചെയ്യുന്ന അത്ഭുതങ്ങളുടെ നിവർത്തിക്കും മുഖാന്തരമാകുന്നത്.

വി. യോഹന്നാന്റെ സുവിശേഷം നാലാം അദ്ധ്യായം അമ്പത്തി മൂന്നാം വാക്യത്തിൽ "ആ രാജഭൃത്യനും കുടുംബം ഒക്കെയും വിശ്വസിച്ചു" എന്ന് എഴുതിയിരിക്കുന്നത് ശ്രദ്ധേയമാണ്.

വിശ്വസിക്കുന്നതിന്നു മുഖാന്തരമായിത്തീർന്നു യേശുവിന്റെ അത്ഭുതപ്രവൃത്തി. യോഹന്നാന്റെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിൽ മുപ്പത്തെട്ടു കൊല്ലമായി തളർവാതം ബാധിച്ചു കിടന്ന മനുഷ്യനു സൗഖ്യം നൽകിയതിനെ കുറിച്ച് വിവരിക്കുന്ന ഭാഗത്ത്, അവിടേയും ക്രിസ്തുവിനെ വിശ്വസിച്ചതു കൊണ്ട് അത്ഭുതം നടന്നതായി നമുക്ക് കാണുവാൻ സാധിക്കും.

> "യേശു അവനോട്: എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക എന്നു പറഞ്ഞു. ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്ക എടുത്തു നടന്നു"
>
> *യോഹ. 5:8-9*

യേശുവിനെ വിശ്വസിച്ചതു കൊണ്ട് ആ തളർവാത രോഗിക്ക് സൗഖ്യം ലഭിച്ചു. ക്രിസ്തു സൗഖ്യദായകനാണ്. യോഹന്നാന്റെ സുവിശേഷത്തിൽ മറ്റൊരു അത്ഭുതം നമുക്ക് കാണാൻ സാധിക്കും. അഞ്ചപ്പവും രണ്ടുമീനും ക്രിസ്തു വർദ്ധിപ്പിക്കുകയും അത് അയ്യായിരങ്ങളുടെ ആഹാരമാക്കി രൂപാന്തരപ്പെടുത്തുകയും ചെയ്തു.

> “ഇവിടെ ഒരു ബാലകൻ ഉണ്ട്, അവന്റെ പക്കൽ അഞ്ചുയവത്തപ്പവും രണ്ടു മീനും ഉണ്ട്..... പിന്നെ യേശു അപ്പം എടുത്തു വാഴ്ത്തി ഇരുന്നവർക്കു പങ്കിട്ടു കൊടുത്തു. അങ്ങിനെ തന്നെ മീനും വേണ്ടു ന്നേടത്തോളം കൊടുത്തു”
>
> *യോഹ. 6.9–12*

ഇവിടെയും വിശ്വാസത്തെയാണു ക്രിസ്തു ഊന്നി പറയു ന്നത്.

> “ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയ ച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ”
>
> *യോഹ 6: 29.*

എന്നുപറയുന്ന മഹത്തായ തിരുവചനത്തിനു അടിസ്ഥാ നമായിട്ടാണ് വാസ്തവത്തിൽ ക്രിസ്തു ഈ അത്ഭുതം ചെയ്തത്.

ക്രിസ്തു ചെയ്ത അടയാളങ്ങൾ എല്ലാം മനുഷ്യജീവിത ത്തിൽ ക്രിസ്തു ജീവനാണെന്നു വെളിപ്പെടുത്തുവാൻ, ക്രിസ്തു സൗഖ്യമാണെന്നു വെളിപ്പെടുത്തുവാൻ, ക്രിസ്തു വെളിച്ചമാ ണെന്ന് വെളിപ്പെടുത്തുവാൻ, ക്രിസ്തു ജീവജലമാണെന്ന് വെളി പ്പെടുത്തുവാൻ, ആന്തരീക ദാഹം ശമിപ്പിക്കുന്നവനാണെന്ന് വെളിപ്പെടുത്തുവാൻ, ക്രിസ്തു മനുഷ്യഹൃദയത്തിന്നു ശാന്തി ഏകുന്നവനാണെന്ന് വെളിപ്പെടുത്തുവാൻ, ക്രിസ്തു മൂലം സമൂ ഹത്തിനു എമ്പാടും കാതലായ അനുഗ്രഹങ്ങളും അനുഭവ ങ്ങളും ലഭിക്കും എന്നു വെളിപ്പെടുത്തുവാൻ ആയിരുന്നു.

യോഹന്നാന്റെ സുവിശേഷം ഒൻപതാം അദ്ധ്യായത്തിൽ പിറവിയിലേ കുരുടനായ ഒരാൾക്ക് ക്രിസ്തു കണ്ണു കാഴ്ച നൽകിയ ഒരു മഹാത്ഭുതം രേഖപ്പെടുത്തിയിട്ടുണ്ട്. അവൻ ഒരു

ഭിക്ഷക്കാരനായിരുന്നു. അവന്റെ പ്രിയപ്പെട്ടവർ അവനെ ഭിക്ഷ യാചിക്കാൻ അവന്റെ കയ്യിൽ പിടിച്ചുകൊണ്ടുവന്ന് റോഡരികിൽ ഇരുത്തുമായിരുന്നു. അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ക്രിസ്തുവിന്റെ അതിശയകരമായ സ്നേഹം വെളിപ്പെടുത്തുവാൻ ആ സന്ദർഭം ഉപയുക്തമായി.

ലോകചരിത്രത്തിൽ മഹാന്മാർ ഏറെ ഉണ്ടായിട്ടുണ്ട്. വിദ്വാന്മാർ ഉണ്ടായിട്ടുണ്ട്. ബുദ്ധി ജീവികൾ ഉണ്ടായിട്ടുണ്ട്. സോക്രട്ടീസ് വലിയ ഗ്രീക്ക് തത്വജ്ഞാനി ആയിരുന്നു. നാല്പതു വർഷം അദ്ദേഹം സമൂഹത്തിൽ ചലനം സൃഷ്ടിച്ചുകൊണ്ട് പ്രവർത്തിച്ചു. പ്ലേറ്റോ മറ്റൊരു മഹാതത്ത്വജ്ഞാനി ആയിരുന്നു. വലിയ ബുദ്ധിജീവി ആയിരുന്നു. അൻപതു വർഷമാണ് പ്ലേറ്റോയുടെ പ്രവർത്തനം നിലനിന്നിരുന്നത്.

അരിസ്റ്റോട്ടിലും നാല്പതുവർഷം വളരെ വിഖ്യാതമായ പ്രവർത്തനങ്ങൾ ലോകത്തിൽ നിവർത്തിച്ചു. ബുദ്ധിജീവികളുടെ നാടായ ഗ്രീസിൽ സോക്രട്ടീസും, പ്ലേറ്റോയും, അരിസ്റ്റോട്ടിലും നൂറ്റി മുപ്പതുവർഷം പ്രവർത്തിച്ചു. ഈ മൂന്നുപേർ ചേർന്ന് ചെയ്തു തീർത്തതിൽ എത്രയോ കൂടുതലാണ്, എത്രയോ മഹത്വമാർന്നതാണ് മൂന്നരവർഷം കൊണ്ട് കർത്താവായ യേശു ക്രിസ്തു ഈ ഭൂമിയിൽ നിവർത്തിച്ചത്.

സമയത്തിന്റെ ദൈർഘ്യം അല്ല; നേരെമറിച്ചു പ്രവർത്തിക്കുന്ന ക്രിസ്തുവിന്റെ പരമശക്തിയുടെ പ്രഖ്യാപനമാണ് സുവിശേഷങ്ങളിൽ നാം മുഴങ്ങിക്കേൾക്കുന്നത്.

വെളിച്ചം പകർന്ന് അന്ധത മാറ്റുന്ന ഈ ക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിച്ചു എന്നുപറയുവാനുള്ള പ്രാഗത്ഭ്യം നിങ്ങൾ നേടിയോ?

എന്റെ ജീവിതത്തിൽ ക്രിസ്തു പ്രവർത്തിച്ചു, എന്റെ ഹൃദ

യത്തിനു വെളിവ് തന്നു എന്നു പറയുവാനുള്ള ഭാഗ്യം നിങ്ങൾക്കു ലഭിച്ചിട്ടുണ്ടോ? സ്നേഹിതാ, നിന്റെ ഹൃദയത്തിന്റെ അന്ധകാരം മാറ്റുവാൻ ക്രിസ്തു നിന്റെ അരികത്തേയ്ക്ക് വരികയാണ്. നിന്റെ അന്ധവിശ്വാസങ്ങൾ മാറ്റുവാൻ, നിന്റെ അബദ്ധാചാരങ്ങൾ മാറ്റുവാൻ, നിന്റെ സ്വഭാവത്തിൽ ഇഴുകിച്ചേർന്നു കിടക്കുന്ന ചില അന്ധതകൾ മാറ്റുവാൻ, നിന്റെ ആന്തരീക നയനങ്ങൾ തുറന്നു തരുവാൻ ജീവന്റെ പ്രകാശമായ ക്രിസ്തു നിന്റെ സമീപത്തേക്ക് വരികയാണ്. ക്രിസ്തുവിനെ നീ ഒന്നു കാണൂ, ക്രിസ്തുവിനെ നീ ഒന്ന് എതിരേൽക്കൂ, ക്രിസ്തുവിനെ നീ ഒന്നു സ്വീകരിക്കൂ, ക്രിസ്തുവിനായി നിന്റെ ജീവിതം ഒന്നു തുറന്നു കൊടുക്കൂ, ക്രിസ്തുവിനോട് നീ പറയൂ.

നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക; എന്റെ അന്ധത നിറഞ്ഞിരിക്കുന്ന ജീവിതത്തെ പ്രകാശപൂരിതമാക്കണമേ, എന്റെ അകക്കണ്ണ് തുറക്കണമേ, എന്നെ അനുഗ്രഹിക്കണമേ.

കരുണയുള്ള കർത്താവെ, അത്ഭുതങ്ങളുടെ ദൈവമേ, നിന്റെ ആണിപ്പാടുള്ള കരങ്ങൾ എന്റെ മേൽ വെച്ച് എന്റെ അന്ധകാരം മാറ്റണമേ, അന്ധവിശ്വാസങ്ങൾ മാറ്റണമേ, എന്നെ സുബോധമുള്ളവനാക്കി തീർക്കണമേ, വെളിവു നൽകണമേ, എന്റെ ശരീരത്തിനു സൗഖ്യവും മനസ്സിനു ഉന്മേഷവും എന്റെ ആത്മാവിനു പൂർണ്ണവിശുദ്ധിയും നൽകി ദൈവാനുരൂപമാക്കി എന്നെ മാറ്റണമെ, തിരുനാമം മഹത്വപ്പെടുത്തണമേ.

## രണ്ട്

''എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു, ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു, ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ ലോകത്തിന്റെ വെളിച്ചം ആകുന്നു.''

*യോഹ: 9.4-5*

യേശുക്രിസ്തുവിന്റെ പ്രവർത്തനങ്ങളുടെ കാതലായ പശ്ചാത്തലം ക്രിസ്തു വലിയൊരു വേല, നിർവ്വഹിക്കുന്നു എന്ന അറിവായിരുന്നു. സ്വർഗ്ഗീയപിതാവിന്റെ തിരുഹിതം നിവർത്തിക്കുന്നു എന്നറിഞ്ഞ് ഏറ്റവും മഹത്തായ ആ പ്രവർത്തനം ചെയ്തു തീർക്കുവാനുള്ള ബദ്ധപ്പാടോടെ അവിടന്ന് വേല നിവർത്തിക്കുകയായിരുന്നു.

യോഹന്നാന്റെ സുവിശേഷം പതിനേഴാം അദ്ധ്യായത്തിൽ ക്രിസ്തു തന്റെ പ്രിയപ്പെട്ട പതിനൊന്നു ശിഷ്യന്മാർ ഒരുമിച്ചു പ്രാർത്ഥിക്കുമ്പോൾ ഇപ്രകാരം പറയുന്നു:

> “ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി നീ എനിക്കു ചെയ്‌വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു.”
>
> *യോഹ. 17.4*

നമുക്ക് ഓരോരുത്തർക്കും ഈ ഭൂമിയിൽ ചെയ്‌വാൻ ദൈവം ഒരു പ്രവൃത്തി തന്നിട്ടുണ്ട്. അത് നിവർത്തിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും ചുമതലയാണ്. ഒരു നിമിഷംപോലും വൈകിക്കൂടാ. “ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു” എന്നുള്ളതുകൊണ്ട് പകൽ ഉള്ളേടത്തോളം നാം പ്രവർത്തന നിരതരായി ഇരിക്കേണ്ടതാണ്. അത്യുത്സാഹത്തോടെ ദൈവത്തിന്റെ വേല ചെയ്യേണ്ടതാണ്. യേശുക്രിസ്തു ക്രൂശിന്മേൽ കിടന്നു പിടയുമ്പോൾ ജേതാവായി കല്പിക്കുന്നത് “നിവർത്തിയായി” എന്നാണ്. “It is finished”. അത് പൂർത്തീകരിച്ചിരിക്കുന്നു. അത് തികച്ചിരിക്കുന്നു.

ക്രിസ്തു, വിജയം ആഗ്രഹിക്കുന്നവൻ മാത്രമല്ല, വിജയം നേടിയവനുമാണ്. വിജയം നേടിയെടുത്തു, ജേതാവായി.

പ്രിയ സ്നേഹിതരേ, വിജയം നാം ആഗ്രഹിക്കണം, വിജയം നാം നേടിയെടുക്കണം. പരാജയത്തിനു നാം വഴങ്ങരുത്. ക്രിസ്തുവിൽ അടിസ്ഥാനപരമായി വിശ്വാസം ഉറപ്പിച്ചുകൊണ്ട് നാം മുന്നോട്ടു പോകുമെങ്കിൽ നമുക്കും ക്രിസ്തുവിന്റെ നാമത്തിൽ വിജയിക്കാം.

സങ്കീർത്തനക്കാരനായ ദാവീദ് ഇങ്ങിനെയാണ് പാടിയത്.

> “നീ എന്റെ ദീപത്തെ കത്തിക്കും, എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും. നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെല്ലും, എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും”
>
> *സങ്കീ. 18: 28-29*

ഞാൻ മതിൽ ചാടിക്കടക്കും, ദൈവത്തിന്റെ നാമത്തിൽ ദീപം തെളിയിക്കും, എന്റെ അന്ധകാരത്തെ പ്രകാശമാക്കും എന്നൊക്കെ സങ്കീർത്തനക്കാരനായ ദാവീദിന് നല്ല ഉറപ്പുണ്ടായിരുന്നു. നാം ചെയ്യേണ്ട വേല നാം തന്നെ ചെയ്തു തീർക്കണം, പൂർത്തീകരിക്കണം.

> "ഇതു ചെയ്യേണ്ടത് ഉറക്കത്തിൽ നിന്ന് ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ, നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു. അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചു കളഞ്ഞ് വെളിച്ചത്തിന്റെ ആയുധ വർഗ്ഗം ധരിച്ചുകൊൾക. പകൽ സമയത്തു എന്നപോലെ നാം മര്യാദയായി നടക്ക, വെറിക്കൂത്തുകളിലും, മദ്യപാനങ്ങളിലുമല്ല, ശയന മോഹങ്ങളിലും ദുഷ്ക്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല, കർത്താവായ യേശുക്രിസ്തുവിനെത്തന്നെ ധരിച്ചു കൊൾവിൻ. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത്"
>
> *റോമർ 13: 11-14*

ഇരുട്ടിന്റെ എല്ലാ പ്രവൃത്തികളേയും വെച്ചുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ച് പകൽ സമയത്ത് എന്ന പോലെ മര്യാദയായി നടക്കുവാൻ അപ്പോസ്തോലനായ പൗലോസ് പറയുകയാണ്.

എഫേസ്യർക്കുള്ള ലേഖനത്തിൽ ഇങ്ങിനെ നാം കാണുന്നു.

> "ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ. ബുദ്ധിഹീനരാകാതെ

കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചു കൊൾവിൻ."

*എഫെ. 5:16-17*

യേശുക്രിസ്തു സമയം തക്കത്തിൽ ഉപയോഗിച്ചതുപോലെ, ഇതു ദുഷ്കാലമാകയാൽ, നാമും സമയം നഷ്ടപ്പെടുത്താതെ, കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ച്, സമയം തക്കത്തിൽ ഉപയോഗിച്ചുകൊള്ളണം. കാരണം നമ്മുടെ മുന്നിൽ ശേഷിച്ചിരിക്കുന്നകാലം എത്രയോ ചുരുക്കമാണ്, എത്ര ക്ഷണികമാണ് ഈ ആയുസ്സ്, എത്ര താൽക്കാലികമാണ് ഈ ജീവിതം.

പണ്ട് സി.റ്റി. സ്റ്റഡ് പറഞ്ഞല്ലോ- "Just one life, it will soon soon be past, that which is done for christ alone will last" ഒരേ ഒരു ആയുസ്സു മാത്രം. അത് എത്രവേഗം തീർന്നുപോകും. ക്രിസ്തുവിനു വേണ്ടി ചെയ്യുന്നതുമാത്രം നിലനിൽക്കും.

സ്വന്തം സഹോദരന്റെ രോഗശയ്യയുടെ അരികത്ത് നിന്ന് വിതുമ്പിക്കൊണ്ട് സി.റ്റി സ്റ്റഡ് പറഞ്ഞ വാക്കുകളാണ് ഇത്. ആസന്ന മരണനായി കിടക്കുന്ന സഹോദരന്റെ മെലിഞ്ഞു ചുക്കിച്ചുളിഞ്ഞ ശരീരത്തിലേക്ക് നോക്കിക്കൊണ്ട്, ആ സുപ്രസിദ്ധ ക്രിക്കറ്റ് കളിത്താരമായ സി.റ്റി. സ്റ്റഡ് ഏങ്ങലിച്ചുകൊണ്ട് പറഞ്ഞു. "ഇനിയും ഒന്നുകൂടി ജീവക്കുവാൻ വേറെ ഒരു ആയുസ്സ് ഇല്ലല്ലോ, ക്രിസ്തുവിനു വേണ്ടി ചെയ്യുന്നതു മാത്രം നിലനിൽക്കും."

കളിക്കളത്തിൽ തിളങ്ങി നിന്ന തന്റെ സ്വന്തം സഹോദരൻ, ക്രിക്കറ്റ് പ്രേമികളുടെ ഹരമായിരുന്ന ആ യുവാവ്, ഇന്ന് മരണത്തോട് മല്ലടിച്ചു രോഗശയ്യയിൽ കിടക്കുന്നതുകണ്ടുകൊണ്ട്, മനുഷ്യജീവിതം എത്ര നിസ്സാരം എന്ന് എണ്ണിക്കൊണ്ട് ഏങ്ങലടിച്ചുകരയുകയാണ് സി.റ്റി. സ്റ്റഡ്.

സ്നേഹിതരേ, ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു, അതിവേഗം നമുക്ക് ചെയ്യാനുള്ളത് തികച്ചുകൊൾക. ഒന്നും ബാക്കി വെക്കരുത്. Nothing be left undone" എന്ന് പൗലോസ് ശ്ലീഹാ തന്റെ അരുമ ശിഷ്യനായ തീമോഥെയൊസിനെ പ്രബോധിപ്പിക്കുകയുണ്ടായി.

> "നീയോ സകലത്തിലും നിർമ്മദൻ ആയിരിക്ക, കഷ്ടം സഹിക്ക, സുവിശേഷത്തിന്റെ പ്രവർത്തി ചെയ്ക, നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക"
>
> *2 തിമൊ. 4:5*

ഒന്നും പൂർത്തീകരിക്കാതെ ബാക്കിയിട്ടേക്കരുത് എന്നാണ് അപ്പൊസ്തലൻ പറയുന്നത്. സൗത്ത് ആഫ്രിക്കയിൽ ബ്രിട്ടീഷ് ആധിപത്യം ഉറപ്പിക്കുന്നതിനും വളർത്തുന്നതിനും പരിശ്രമിച്ച സുപ്രസിദ്ധനായ സിസിൽ റോഡ്സ് അവിടെ വലിയ ഒരു വജ്ര ശേഖരം കണ്ടെത്തി. വജ്രം ഖനനം ചെയ്ത് എടുക്കുവാൻ സിസിൽ റോഡ്സ് അനേകം മാർഗ്ഗങ്ങൾ അവലംബിച്ചു. ഒട്ടേറെ അദ്ദേഹം സമ്പാദിച്ചു, വലിയ കോടീശ്വരനായി. അമ്പതാമത്തെ വയസ്സിൽ അദ്ദേഹം അന്തരിച്ചു. അദ്ദേഹം അവസാനമായി പറഞ്ഞ വാക്കുകൾ കേൾക്കണമോ?

"So Little done, so much to do'' ചെയ്യാൻ ഇനിയും ഏറെ ഉണ്ട്, എന്നാൽ ചെയ്തതോ വളരെ കുറച്ചു മാത്രം.ലിയൊണാർഡോ ഡാവിഞ്ചി ഒരു സുപ്രസിദ്ധ ചിത്രമെഴുത്തുകാരനാണല്ലൊ. ചിത്രരചനയിൽ അത്യത്ഭുതകരമായ പ്രാവീണ്യം സിദ്ധിച്ച ആ മഹാനുഭവനായ കലാകാരൻ പറഞ്ഞ വാക്കുകൾ ഇപ്രകാരമാണ്.

> "As a well spent day brings happy sleep, so life well-used brings happy death"

നല്ലതുപോലെ ചിലവഴിക്കപ്പെട്ട ഒരു പകൽ വളരെ സുഖകരമായ നിദ്ര നൽകുന്നതുപോലെ, നല്ലതുപോലെ ഉപയോഗിക്കപ്പെട്ട ജീവിതം നല്ല സന്തോഷകരമായ മരണത്തെ കൊണ്ടു വരുന്നു, സന്തോഷകരമായ പര്യവസാനത്തിലേക്ക് നീങ്ങുവാൻ ഏറ്റവും പ്രയോജനകരമായി ജീവിതം ചിലവഴിക്കുക എന്നതായിരുന്നു ലിയോണാർഡോ ഡാവിഞ്ചിയുടെ ആശയം.

തോമസ് ആൽവാ എഡിസൺ പറഞ്ഞു.

"When a man dies, if he can pass enthusiasm along to his children, he has left them an estate of incalculable value"

ഒരാൾ മരിക്കുമ്പോൾ തന്റെ മക്കൾക്ക് ഊർജ്ജസ്വലത പകർന്നു കൊടുക്കുവാൻ കഴിയുമെങ്കിൽ, അവൻ വെച്ചിട്ടുപോകുന്നത് എണ്ണിയാൽ തീരാത്ത അമൂല്യമായ സമ്പത് ശേഖരമാണ്, മഹാസൗഭാഗ്യമാണ്.

ജീവിതത്തിൽ നാം പ്രവർത്തിക്കുന്ന സമയം എത്രയോ താൽക്കാലികം. ഈ നിസ്സാരമായ ജീവിതം വിലപ്പെട്ടതിനു വേണ്ടി, ക്രിസ്തുവിനു വേണ്ടി നുക്ക് ചിലവഴിക്കാം. ക്രിസ്തുവിന്റെ മഹത്വത്തിനുവേണ്ടി നമുക്ക് ചിലവഴിക്കാം. ക്രിസ്തുവിനായി നമ്മുടെ ഉള്ളം തുറക്കാം. പുതിയ ജീവിതം നമുക്ക് തുടങ്ങാം, നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹവാനായ ക്രിസ്തു യേശുവേ, ഈ നിസ്സാരമായ ആയുഷ്കാലത്ത് ചെയ്തു തീർക്കേണ്ടതെല്ലാം തക്കസമയത്ത് ചെയ്തു തീർത്ത് അവിടുത്തെ നാമത്തെ മഹത്വപ്പെടുത്തുവാനുള്ള ഭാഗ്യം ഞങ്ങൾക്ക് എല്ലാവർക്കും നൽകണമേ.

# മൂന്ന്

"അവൻ പോയി കഴുകി, കണ്ണുകാണുന്നവനായി മടങ്ങിവന്നു.....നിന്റെ കണ്ണു തുറന്നതെങ്ങനെ എന്നു ചോദിച്ചതിന്നു അവൻ: യേശു എന്നുപേരുള്ള മനുഷ്യൻ ചേറുണ്ടാക്കി എന്റെ കണ്ണിന്മേൽ പൂശി: ശിലോഹാം കുളത്തിൽ ചെന്നു കഴുകുക എന്നു എന്നോടു പറഞ്ഞു, ഞാൻ പോയി കഴുകി കാഴ്ച പ്രാപിച്ചു."

*യോഹ 9 : 7-11*

അവൻ പിറവിയിലെ അന്ധനാണ്. അവൻ ഈ പ്രകൃതി കണ്ടിട്ടില്ല. അവന്റെ മാതാപിതാക്കളെ കണ്ടിട്ടില്ല. അവന്റെ വീടു കണ്ടിട്ടില്ല. അവൻ കിടക്കുന്ന ഇടം കണ്ടിട്ടില്ല, അവൻ ഭിക്ഷ യാചിച്ചുകൊണ്ടിരിക്കുന്ന സ്ഥലം കണ്ടിട്ടില്ല. അവന്റെ ആയുസ്സിൽ അവൻ ഒന്നും കണ്ടിട്ടില്ല. കാരണം കണ്ണില്ല. കണ്ണിന്റെ ഭാഗത്തു രണ്ടു കുഴിമാത്രം. നിസ്സഹായനായി, കാഴ്ചയില്ലാത്തവനായി, പിറവിയിലെ കുരുടനായി ആ അഗതിയായ മനുഷ്യൻ, ഒരു യാചകനായി, അവിടെ ഇരിക്കുകയാണ്. യേശു അവനെ കണ്ടു. നാം വായിക്കുന്നത് അങ്ങിനെയാണ്.

"അവൻ കടന്നു പോകുമ്പോൾ പിറവിയിലെ കുരുടനായോരു മനുഷ്യനെ കണ്ടു"

*യോഹ 9:1*

ജന്മനാ കുരുടനാണ് അവൻ. ബൈബിൾ നാം പഠിക്കുമ്പോൾ പിറവിയിലെ കുരുടനായ ഒരാളെക്കുറിച്ചു മാത്രമേ നാം കാണുന്നുള്ളൂ. പക്ഷെ പിറവിയിലെ മുടന്തരായ രണ്ടു പേരെക്കുറിച്ച് തിരുവചനം പറയുന്നുണ്ട്.

ഒന്ന്: അമ്മയുടെ ഗർഭം മുതൽ മുടന്തൻ-

*അപ്പോ. പ്ര. 3:2*

അവൻ സുന്ദരം എന്ന ഗോപുരവാതിൽക്കൽ ഇരുന്ന് ഭിക്ഷ യാചിക്കുകയാണ്. നാല്പതു വയസ്സിലേറെ പ്രായമുള്ള മനുഷ്യൻ. ജനിച്ചനാൾ മുതൽ മുടന്തൻ, ഇത്രയും കാലം മുഴുവൻ മുടന്തനായി നടന്നു. പക്ഷേ പരിശുദ്ധാത്മാവിന്റെ അത്ഭുതകൃപയാലും ശക്തിയാലും, യേശുവിന്റെ നാമത്തിൽ, പത്രോസ് അവന്റെ കൈക്കു പിടിച്ച് എഴുന്നേൽപ്പിച്ചു.

"ക്ഷണത്തിൽ അവന്റെ കാലും നരിയാണിയും ഉറെച്ചു. അവൻ കുതിച്ചെഴുന്നേറ്റു നടന്നു, നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തിയും കൊണ്ട് അവരോടു കൂടെ ദൈവാലയത്തിൽ കടന്നു"

*അപ്പൊ. പ്ര. 3:7-8*

രണ്ട്: ലുസ്ത്രയിൽ അമ്മയുടെ ഗർഭം മുതൽ മുടന്തൻ

പൗലോസ് ലുസ്ത്രയിൽ ചെല്ലുമ്പോൾ അവിടെ പിറവിയിലെ മുടന്തനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. സൗഖ്യം പ്രാപിപ്പാൻ അവന് മനസ്സുണ്ട് എന്നും, അതിനുള്ള വിശ്വാസം ഉണ്ട് എന്നും അപ്പൊസ്തലൻ മനസ്സിലാക്കി, അവനെ ഉറ്റു നോക്കി പറഞ്ഞു.

> “നീ എഴുന്നേറ്റു കാലൂന്നി നിവർന്നു നില്ക്ക എന്ന് ഉറക്കെ പറഞ്ഞു. അവൻ കുതിച്ചെഴുന്നേററു നടന്നു.”
>
> *അപ്പൊ.പ്ര: 14:10*

അവന്റെയും മുടന്തു മാറി. ജന്മനാ മുടന്തുള്ള രണ്ടുപേരെക്കുറിച്ച് തിരുവചനം പറഞ്ഞു. എന്നാൽ ജന്മനാ കുരുടനായ ഒരാളെക്കുറിച്ചേ പറയുന്നുള്ളൂ.

എന്നാൽ ബേത്ത്സയിദയിൽ ഒരു കുരുടനെ കർത്താവ് സുഖപ്പെടുത്തുന്നുണ്ട്, പക്ഷെ അവൻ കുരുടനായി പിറന്നവനല്ല.

> “അവൻ കുരുടന്റെ കൈക്കുപിടിച്ചു അവനെ ഊരിന്നു പുറത്തു കൊണ്ടുപോയി അവന്റെ കണ്ണിൽ തുപ്പി, അവന്റെ മേൽ കൈവെച്ചു. നീ വല്ലതും കാണുന്നുണ്ടോ എന്നു ചോദിച്ചു. അവൻ മേല്പോട്ടു നോക്കി. ഞാൻ മനുഷ്യരെ കാണുന്നു, അവർ നടക്കുന്നത് മരങ്ങൾ പോലെയത്രേ കാണുന്നത് എന്നു പറഞ്ഞു. പിന്നെയും അവന്റെ കണ്ണിന്മേൽ കൈവച്ചാറെ അവൻ സൗഖ്യം പ്രാപിച്ചു മിഴിച്ചുനോക്കി എല്ലാം സ്പഷ്ടമായി കണ്ടു”
>
> *മർക്കൊസ് 8 : 23-25*

വീണ്ടും യെരീഹോവിലെ തെരുവിൽ ഇരുന്നു ഭിക്ഷയാചിക്കുന്ന ഒരു കുരുടനെക്കൂടി കാണുന്നുണ്ടു! അവന്റെ പേര് ബർത്തിമായി എന്നാണ്. തിമായിയുടെ മകനായ ബർത്തിമായിയും ജന്മനാ കുരുടനല്ല.

> "യേശു നിന്നു, അവനെ തന്റെ അടുക്കൽ കൊണ്ടു വരുവാൻ കല്പിച്ചു. അവൻ അടുക്കെ വന്നപ്പോൾ ഞാൻ നിനക്ക് എന്തു ചെയ്യേണം എന്ന് ചോദിച്ചു. കർത്താവെ, എനിക്കു കാഴ്ച കിട്ടേണം എന്ന് അവൻ പറഞ്ഞു. യേശു അവനോട്; കാഴ്ച പ്രാപിക്ക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു."
>
> *ലൂക്കോസ് 18 : 40–42*

യോഹന്നാന്റെ സുവിശേഷം 9–ാം അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത് ജന്മനാ അന്ധനായ ഒരാളെക്കുറിച്ചാണ്. "അവനെ യേശു കണ്ടു." എത്ര ഹൃദ്യമായ പ്രയോഗം. നമ്മെ യേശു കാണുന്നുണ്ട്.

ജന്മനാ ചില വൈകല്യങ്ങൾ, ചില പോരായ്മകൾ! ജന്മനാ സൗന്ദര്യമില്ല, ജന്മനാ ആരോഗ്യമില്ല, ജന്മനാ അംഗവൈകല്യം, ജന്മനാ ബുദ്ധിക്കുറവ്, ജന്മനാ ദാരിദ്ര്യം, ജന്മനാ നല്ല കിടപ്പാടമില്ല, സ്നേഹിതരേ "യേശു അവനെ കണ്ടു" വളരെ ഭാഗ്യമായിപ്പോയി.

അതേ, നമ്മെ യേശു കാണുന്നുണ്ട്. അതുകൊണ്ടാണ് നമുക്ക് ഈ ജീവന്റെ വചനം ലഭിക്കുന്നത്. വചനം വായിക്കാൻ ഇന്ന് നമുക്ക് സാഹചര്യമുണ്ട്, കണ്ണുകൾക്ക് കാഴ്ച ഉണ്ട്. ജീവന്റെ വചനം നമ്മെ തേടി നമ്മുടെ അരികത്തേക്ക് എത്തിയിരിക്കുകയാണ്. വചനം നമുക്ക് സമീപസ്ഥമായി നിൽക്കുകയാണ്. വചനം നമുക്ക് ഏറ്റവും അടുത്തു വന്നിരിക്കുകയാണ്. നാം ഇരിക്കുന്ന സാഹചര്യത്തിൽ വചനം നമ്മെ തേടി വന്നിരിക്കുകയാണ്.

പിറവിയിലെ കുരുടനായ മനുഷ്യനെ യേശു കണ്ടു. സ്നേഹിതാ, യേശു നിന്നെ കാണുന്നു എന്ന് നിനക്കറിയാമോ?

മകനെ, യേശു നിന്നെ അറിയുന്നു എന്ന് നിനക്ക് അറിയാമോ? യേശു നിന്നെ തിരിച്ചറിയുന്നു എന്നും, യേശു നിന്നിൽ സ്നേഹം പകരുന്നു എന്നും നീ വിശ്വസിക്കുന്നുവോ? യേശു നിന്നെ വിളിക്കുന്നു. യേശു നിന്നെ മുന്നമേ നിയമിക്കുന്നു. യേശു നിന്നെ മുന്നമേ അറിഞ്ഞിരിക്കുന്നു. യേശു നിന്നെ പേർചൊല്ലി വിളിച്ചിരിക്കുന്നു.

യെശയ്യാ പ്രവാചകന്റെ പുസ്തകം നാല്പത്തിരണ്ടാം അദ്ധ്യായം ഒന്നാം വാക്യത്തിൽ നാം ഇങ്ങിനെ കാണുന്നു.

> "ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ, എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വ്രതൻ, ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വെച്ചിരിക്കുന്നു. അവൻ ജാതികളോട് ന്യായം പ്രസ്താവിക്കും."

വീണ്ടും ആറാം വാക്യം:

> "കുരുട്ടുകണ്ണുകളെ തുറപ്പാനും ബദ്ധന്മാരെ കുണ്ടറയിൽ നിന്നും, അന്ധകാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹത്തിൽ നിന്നും വിടുവിപ്പാനും യഹോവയായ ഞാൻ നിന്നെ നീതിയോടെ വിളിച്ചിരിക്കുന്നു, ഞാൻ നിന്റെ കൈ പിടിച്ചു നിന്നെ കാക്കും"

നമ്മുടെ കുരുട്ടു കണ്ണു തുറപ്പാൻ യേശുക്രിസ്തുവിന് തിരുമനസ്സായിരിക്കുന്നു. നമ്മുടെ അന്ധത അകറ്റാൻ യേശുവിനു മനസ്സലിഞ്ഞിരിക്കുന്നു. യേശു നമ്മെ കാണുന്നു.

> "നിന്നെ ഉരുവാക്കിയവനും ഗർഭത്തിൽ നിന്നെ നിർമ്മിച്ചവനും നിന്നെ സഹായിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു"
>
> *യെശയ്യ.44:2*

അമ്മയുടെ ഗർഭത്തിൽ നാം ഉരുവായത് ദൈവം അറിഞ്ഞു. ദൈവം കണ്ടു. വീണ്ടും യെശയ്യാ പ്രവാചകന്റെ പുസ്തകം നാല്പത്തി ആറാം അദ്ധ്യായത്തിലേക്ക് വരുമ്പോൾ നാം കാണുന്നു.

> "ഗർഭം മുതൽ വഹിക്കപ്പെട്ടവരും ഉദരം മുതൽ ചുമക്കപ്പെട്ടവരുമായി യാക്കോബ് ഗൃഹവും യിസ്രായേൽ ഗൃഹത്തിൽ ശേഷിച്ചിരിക്കുന്ന എല്ലാവരുമായുള്ളോരേ, എന്റെ വാക്കു കേൾപ്പിൻ. നിങ്ങളുടെ വാർദ്ധക്യം വരെ ഞാൻ അനന്യൻ തന്നെ, നിങ്ങൾ നരെക്കുവോളം ഞാൻ നിങ്ങളെ ചുമക്കും, ഞാൻ ചെയ്തിരിക്കുന്നു, ഞാൻ വഹിക്കയും ഞാൻ ചുമന്നു വിടുവിക്കയും ചെയ്യും".
>
> *യെശയ്യാ: 46.3–4*

ഗർഭം മുതൽ ദൈവം നമ്മെ വഹിച്ചുകൊണ്ട് വരികയാണ്. അമ്മയുടെ ഉദരം മുതലേ സ്വർഗ്ഗത്തിലെ നിത്യനായ ദൈവം നമ്മെ ചുമന്നുകൊണ്ട് വരികയാണ്.

> "ദ്വീപുകളേ, എന്റെ വാക്കു കേൾപ്പിൻ, ദൂരത്തുള്ള വംശങ്ങളേ, ശ്രദ്ധിപ്പിൻ, യഹോവ എന്നെ ഗർഭം മുതൽ വിളിച്ചു. എന്റെ അമ്മയുടെ ഉദരത്തിൽ ഇരിക്കയിൽ തന്നേ എന്റെ പേർ പ്രസ്താവിച്ചിരിക്കുന്നു"
>
> *യെശയ്യാവു 49:1*

> "ഇപ്പോഴോ, യാക്കോബിനെ തന്റെ അടുക്കൽ തിരിച്ചു വരുത്തുവാനും യിസ്രായേലിനെ തനിക്കു വേണ്ടി ശേഖരിപ്പാനും എന്നെ ഗർഭത്തിൽ തന്റെ ദാസനായി നിർമ്മിച്ചിട്ടുള്ള യഹോവ അരുളിച്ചെയ്യുന്നു".
>
> *യെശയ്യാവ്. 49:5*

ഇനി യിരെമ്യാ പ്രവാചകൻ എന്തുപറയുന്നു എന്നു നമുക്ക് വായിക്കാം.

> “യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ: നിന്നെ ഉദരത്തിൽ ഉരുവാക്കിയതിന്നു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു, നീ ഗർഭപാത്രത്തിൽ നിന്നു പുറത്തു വന്നതിന്നു മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ജാതികൾക്ക് പ്രവാചകനായി നിയമിച്ചിരിക്കുന്നു”
>
> *യിരെമ്യാവ് 1 : 4-5*

മാന്യദൈവപൈതലേ, ഈ വാക്കുകളെ നീ വായിച്ചുകൊണ്ടിരിക്കുമ്പോൾ നിന്നെ ദൈവം കാണുന്നു എന്ന് നീ അറിയുക. പിറവിയിലെ കുരുടനായിരുന്നവനെ കണ്ട ദൈവം, മകനെ നിന്നെയും അവൻ കണ്ടിരിക്കുകയാണ്, മകളെ നിന്നെയും ദൈവം കാണുകയാണ്. അവൻ നിന്നെ വാൽസല്യമായി, കരുതലായി കരുണയോടെ നോക്കുകയാണ്. നിന്റെ കഴിഞ്ഞകാല ജീവിതത്തെ ഓർത്ത് അവന് നിന്നോട് വഴക്കില്ല. നിന്റെ കഴിഞ്ഞകാല ജീവിതത്തിലെ പാപങ്ങളുടെ ചെയ്തികൾ ഓർത്ത് അവൻ നിന്നെ ശപിക്കുന്നില്ല. അവൻ നിന്നെ ബഹിഷ്കരിക്കുന്നില്ല; അവൻ നിന്നെ നിഷ്കാസനം ചെയ്യുന്നില്ല. അവൻ നിന്നോട് ഇപ്പോൾ കരുണ കാണിക്കുകയാണ്, അവൻ നിന്നെ ഓമനപ്പേർ ചൊല്ലി വിളിക്കുകയാണ്, അവൻ നിന്നെ സ്നേഹത്തോടെ ക്ഷണിക്കുകയാണ്.

മകനെ, വരുവിൻ, ഞാൻ നിനക്ക് കാഴ്ച തരാം, മകളെ, വരുവിൻ, ഞാൻ നിന്റെ അന്ധത മാറ്റാം. ദൈവ പൈതലേ, വരുവിൻ: നിന്റെ സമാധാന വിഹീനമായ ജീവിതത്തിൽ ശാന്തി ഞാൻ പകർന്നു തരാം. നിന്റെ സന്തോഷമില്ലാത്ത ജീവിതത്തിൽ പുതിയ സന്തോഷം ഞാൻ പകർന്നു തരാം. സ്നേഹവാനായ

ക്രിസ്തു നമ്മെ വിളിക്കുന്നു. അവന്റെ അരികിലേക്ക് ഓടിവരുവിൻ.

അവന്റെ കുരിശിൻ ചുവട്ടിൽ ശാന്തിയുണ്ട്, അവന്റെ തൃപ്പാദത്തിങ്കൽ ശരണമുണ്ട്, അവന്റെ പാദപീഠത്തിങ്കൽ സങ്കേതമുണ്ട്, അവന്റെ പാദത്തിങ്കൽ അഭയമുണ്ട്.

അവനെ വിളിപ്പിൻ, അവനെ ഹൃദയത്തിന്റെ നാഥനായി സ്വീകരിപ്പിൻ. ഇന്നു മുതൽ പുതിയ ജീവിതം തുടങ്ങുവിൻ. പ്രാർത്ഥിക്കുവിൻ :

കാരുണ്യവാനേ, സ്നേഹവാനേ, അവിടുന്ന് എല്ലാവരേയും കാണുന്നു എന്നും, അറിയുന്നു എന്നും, സ്നേഹിക്കുന്നു എന്നും തിരിച്ചറിയാനുള്ള വിവേകവും സൽബുദ്ധിയും എല്ലാവർക്കും നൽകണമേ;

# നാല്

"അവൻ കടന്നുപോകുമ്പോൾ പിറവിയിലെ കുരുടനായോരു മനുഷ്യനെ കണ്ടു."

*യോഹ. 9:1*

കുരുടനായ മനുഷ്യനെ യേശു കണ്ടു. യേശു അവന്റെ അരികത്തു ചെന്നു. ഭിക്ഷയാചിച്ചിരിക്കുന്നവന്റെ അരികത്തു യേശു ചെന്ന് അവനെ ആർദ്രതയോടെ നോക്കി.

അവൻ യേശുവിനെ കാണുന്നില്ല. അവൻ കുരുടനല്ലേ? ആരാണ് വന്നു നിൽക്കുന്നത് എന്ന് അവൻ അറിയുന്നില്ല. അവൻ അന്ധനല്ലേ?. എന്നാൽ യേശു അവനെ അറിഞ്ഞു, യേശു അവനെ സ്നേഹിച്ചു. യേശു അവനിൽ അത്ഭുതം പ്രവർത്തിപ്പാൻ തിരുമനസ്സായി.

സനേഹിതാ, നിന്നെ കാണുന്ന ക്രിസ്തു ഇന്ന് നിന്നിൽ അത്ഭുതം പ്രവർത്തിപ്പാൻ ആരംഭിക്കുകയാണ്. നിന്റെ ഹൃദയത്തിനു വെളിവു തരാൻ തുടങ്ങുകയാണ്. നിന്റെ ജീവിതത്തിന്റെ അന്ധകാരം മാറ്റി, അന്ധത അകറ്റി നിനക്ക് സത്യവെളിച്ചം തരു

വാൻ ക്രിസ്തു നിന്റെ അരികത്തു വന്നു നില്ക്കുകയാണ്.

യേശു അവനെ നോക്കി, അവന്റെ കണ്ണിന്റെ സ്ഥാനത്ത് രണ്ടു കുഴി. യേശു നിലത്തു തുപ്പി, തുപ്പൽ കൊണ്ട് ചേറ് ഉണ്ടാക്കി, ചേറ് അവന്റെ കണ്ണിന്മേൽ പൂശി. നീ ചെന്ന് ശീലോഹാം കുളത്തിൽ കഴുകുക എന്ന് അവനോട് പറഞ്ഞു. യേശു മണ്ണുകൊണ്ട് അവന്റെ കണ്ണു മെനഞ്ഞു. മത്തായിയുടെ സുവിശേഷം ഒൻപതാം അദ്ധ്യായം ഇരുപത്തേഴു മുതൽ മുപ്പത്തിയൊന്നുവരെയുള്ള വാക്യങ്ങൾ വായിക്കുമ്പോൾ രണ്ടു അന്ധരായ മനുഷ്യരെ യേശുക്രിസ്തുവിന്റെ അരികത്തേക്ക് കൊണ്ടുവന്നു എന്നും അവരെ യേശു സൗഖ്യമാക്കി എന്നും വായിക്കുന്നു. അവരെ സൗഖ്യമാക്കിയത് കണ്ണിന്മേൽ കൈ വെച്ചാണ്.

മാർക്കോസിന്റെ സുവിശേഷം എട്ടാം അദ്ധ്യായത്തിൽ നാം കാണുന്നത്, യേശു ബെത്സയ്ദായിൽ അന്ധനായ ഒരു മനുഷ്യന്റെ കണ്ണിലേക്ക് തുപ്പി സൗഖ്യമാക്കി എന്നാണ്.

ലൂക്കോസിന്റെ സുവിശേഷം പതിനെട്ടാം അദ്ധ്യായത്തിൽ ബർത്തിമായി എന്നു പറയുന്ന കുരുടനായ മനുഷ്യന് യേശു സൗഖ്യം നൽകി എന്ന് നാം കാണുന്നു. എങ്ങിനെയാണ് കണ്ണു കാഴ്ച കിട്ടിയത്?

> “ഞാൻ നിനക്കു എന്തു ചെയ്യേണം എന്നു ചോദിച്ചു. കർത്താവേ, എനിക്കു കാഴ്ച കിട്ടേണം എന്ന് അവൻ പറഞ്ഞു. യേശു അവനോട്: കാഴ്ച പ്രാപിക്ക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു. ക്ഷണത്തിൽ അവൻ കാഴ്ച പ്രാപിച്ചു ദൈവത്തെ മഹത്വീകരിച്ചും കൊണ്ട് അവനെ അനുഗമിച്ചു”
>
> *ലൂക്കോസ് 18.41-43*

ഇവിടെ യേശു കുരുടനോട് സംസാരിക്കമാത്രമേ ചെയ്തുള്ളു. അവൻ കാഴ്ച പ്രാപിച്ചവനായി അവനെ അനുഗമിച്ചു. യേശുക്രിസ്തുവിന്റെ പ്രവർത്തനം വിവിധ രീതികളിലാണ്. ഏതുമാതിരിയിലാണ്, ഏതു വിധത്തിലാണ് ക്രിസ്തു പ്രവർത്തിക്കുന്നത് എന്നല്ല, യേശുക്രിസ്തു പ്രവർത്തിക്കുന്നു എന്നതാണ് പ്രധാനം. അതാണ് മഹത്വമേറിയ കാര്യം.

യേശു കുഷ്ഠരോഗിയെ തൊട്ടു സൗഖ്യമാക്കി. എന്നാൽ പത്തു കുഷ്ഠരോഗികൾ യേശുവിനു എതിരെ വന്ന് "ദാവീദു പുത്രാ, ഞങ്ങളോട് കരുണതോന്നണമേ എന്ന് അപേക്ഷിച്ചപ്പോൾ യേശു അവരെ തൊട്ടില്ല, പക്ഷെ അവരോട് "നിങ്ങൾ പോയി പുരോഹിതന് നിങ്ങളെത്തന്നെ കാണിക്ക" എന്നേ പറഞ്ഞുള്ളു. അവർ പോകയിൽ തന്നേ സൗഖ്യമായി എന്നാണ് നാം വായിക്കുന്നത്.

യേശുക്രിസ്തുവിന്റെ പ്രവർത്തന വിധങ്ങൾ എങ്ങിനെയെന്നല്ല, യേശുക്രിസ്തു പ്രവർത്തിക്കുന്നു എന്ന മഹാഭാഗ്യം നാം അനുഭവിച്ചാൽ മതി. കർത്താവെ, എങ്ങിനെയാണ് നീ എന്റെ ജീവിതത്തിൽ പ്രവർത്തിക്കുന്നത് എന്നു എനിക്ക് ഒട്ടും പ്രധാനമല്ല, നാഥാ തിരുഹിതം പോലെ അങ്ങ് എന്റെ ജീവിതത്തിൽ പ്രവർത്തിക്കണമേ, എനിക്കു കാഴ്ച തരണമേ, എനിക്ക് സൗഖ്യം തരണമേ, എനിക്ക് സമാധാനം തരണമേ, എനിക്ക് സന്തോഷം തരണമേ, എനിക്ക് ശാന്തി തരണമേ, എന്റെ കടത്തിന് ഒരു പൊറുതി തരണമേ, എന്റെ രോഗത്തിന് ഒരു സൗഖ്യം തരണമേ, എന്റെ ജീവിതത്തിനു ഒരു കെട്ടുറപ്പു തരണമേ, എന്റെ ജീവിതത്തിനു ഒരു ലാക്കു തരണമേ, എനിക്കു നിത്യ ജീവൻ തരണമേ, നിത്യസ്വർഗ്ഗം തരണമേ, എന്റെ ദുശ്ശീലങ്ങൾ മാറ്റിത്തരണമേ, എന്റെ ദുരാത്മബന്ധനങ്ങൾ അഴിച്ചു മാറ്റണമേ, കർത്താവേ എന്റെ കെട്ടുകൾ പൊട്ടിച്ചു കളയണമേ, പൈശാചികന്റെ കാരാ

ഗൃഹത്തിൽ നിന്ന് എന്നെ പുറപ്പെടുവിക്കണമേ, നാഥാ, സാത്താന്റെ ജയിലറയിൽ നിന്ന് എനിക്ക് മോചനം നൽകണമേ, നിന്റെ വിശുദ്ധ ആരാധനക്ക് എനിക്ക് ഭാഗ്യം നൽകണമേ, ജീവന്റെ സമൃദ്ധിയിൽ ആനന്ദത്തോടെ, ആരവാരത്തോടെ, ആഘോഷത്തോടെ ആരാധിപ്പാനുള്ള നൽവരം എനിക്കു നൽകണമേ. നമുക്ക് അതു മാത്രമേ പ്രാർത്ഥിക്കേണ്ടതുള്ളൂ.

ശീലോഹാം കുളത്തിൽ പോയി കഴുകുക എന്നു യേശു പറഞ്ഞു എങ്കിലും, ഈ കുളം എവിടെയാണെന്ന് അവൻ എങ്ങിനെ അറിയും. ശിലോഹാം കുളം അവൻ കണ്ടിട്ടില്ല, അവന് കാഴ്ചയില്ലല്ലൊ. കുളം എവിടെയാണ് എന്ന് ആരും പറഞ്ഞ് അവന് വിവരമില്ല. ആരെങ്കിലും നടത്തിയെങ്കിലല്ലേ ഒക്കൂ. കർത്താവിന്റെ ശിഷ്യന്മാർ അവിടെ ഉണർന്നു പ്രവർത്തിച്ചു. ശിഷ്യന്മാർ അവന്റെ കൈയ്ക്ക് പിടിച്ചു അവനെ കുളത്തിന്നടുത്തേക്ക് കൊണ്ടുപോയി.

ശിഷ്യന്മാർക്കുകൊടുത്ത ശുശ്രൂഷ അവർ നിർവ്വഹിച്ചു. ഓരോരുത്തരും അവരവരെ ഏല്പിച്ച വേലകൾ നിവർത്തിക്കട്ടെ. ശിഷ്യന്മാർ അവനെ കുളത്തിൽ വെള്ളത്തിൽ ഇറക്കി നിർത്തി. അവനോട് തലകുനിച്ചു നിൽക്കാൻ ആവശ്യപ്പെട്ടു. അവൻ തലകുനിച്ചു നിന്നു. അവർ വെള്ളം അവന്റെ കണ്ണിലേക്ക് പയ്യെ പയ്യെ തട്ടിത്തെറുപ്പിച്ചു കഴുകി.

സ്വാഭാവികമായും ചിന്തിക്കാവുന്നതാണ്, ചേറ് ഉണ്ടാക്കി കണ്ണിൽ പൂശിയിരിക്കുന്ന ഭാഗത്തേക്ക് വെള്ളം തളിച്ചാൽ, കണ്ണു കഴുകിയാൽ ആ മണ്ണെല്ലാം പോകുകയില്ലേ? എന്നാൽ ഇവിടെ യേശുക്രിസ്തുവിന്റെ വചനം അതിന്റെ പിന്നിൽ ഉണ്ട്. ശിലോഹാം കുളത്തിൽ പോയി കഴുകുക എന്നു പറഞ്ഞവൻ, അവിടെ കഴുകുമ്പോൾ നടക്കാനിരിക്കുന്ന അത്ഭുതം മുന്നമേ

കണ്ടിരുന്നു.

മഹാനായ കീറ്റ്സ് എന്ന ആംഗ്ലേയ കവി പാടിയിട്ടുണ്ട്.

"Poetry is not logic but magic" കവിത എന്നു പറയുന്നത് Logic അല്ല Magic ആണ് എന്ന്.

കവിത തത്വചിന്ത കൊണ്ടോ, തർക്ക ശാസ്ത്ര വിചിന്ത കൾ കൊണ്ടോ മനസ്സിലാക്കാൻ പറ്റുന്നതല്ല, അതു കേവലം ഐന്ദ്രജാലികാനുഭൂതി നൽകുന്നതാണ്, ഇന്ദ്രജാലത്തിന്റെ അത്ഭുത, മാസ്മരശക്തി പകരുന്നതാണ്, എന്നത്രേ കീറ്റ്സ് പറ ഞ്ഞത്. എന്നാൽ കീറ്റ്സ് പറയുന്നതിനപ്പുറം നമുക്ക് പറയാം., യേശുക്രിസ്തു ചെയ്യുന്നത് ഐന്ദ്രജാലികമായ മഹാത്ഭുതമാണ്. അത് ബുദ്ധിക്ക് നിരക്കുന്നതല്ല. അത് മനുഷ്യ ബുദ്ധിയിൽ ഇണ ങ്ങുന്നതല്ല, മനുഷ്യ ബുദ്ധിക്ക് മനസ്സിലാക്കാൻ കഴിയുന്നതല്ല. അത് മനുഷ്യചിന്ത്ക്ക് അതീതമാണ്.

കുരുടന്റെ കണ്ണിലേക്ക് വെള്ളം തട്ടിത്തെറിപ്പിച്ചു, കണ്ണുക ഴുകി. എന്തൊരു അതിശയം! അവൻ അത്ഭുതത്തോടെ തല നിവർത്തി. അവന്റെ അരികത്തു നിൽക്കുന്നവരെ അവൻ കണ്ടു. അവൻ വെള്ളം കണ്ടു. അവൻ പ്രകൃതി കണ്ടു. വെള്ളത്തിലെ ചെന്താമരകൾ കണ്ടു, പൊന്നാമ്പലുകൾ കണ്ടു, അവൻ വെള്ള ത്തിൽ ചെറുമീനുകളെ കണ്ടു, അവൻ പ്രകൃതിയുടെ ലാവണ്യം കണ്ടു. അവൻ പ്രകൃതിയുടെ ശോഭനമായ ഛായ കണ്ടു, ആദ്യ മായി അവൻ കണ്ണു വിടർത്തി കാണുകയാണ്. എല്ലാം ഒരു പുതിയ ലോകം. നാളിതുവരെ കണ്ടിട്ടില്ലാത്തൊരു പുതിയ ലോകം.

പ്രിയ സ്നേഹിതാ, ഈ പുതുലോകത്തിലേക്ക് നിനക്ക് കടന്നു വരണമോ? ആ പുതിയലോകം നിനക്ക് കാണണമോ?

കോഴിമുട്ടയ്ക്ക് അകത്തിരിക്കുന്ന കോഴിക്കുഞ്ഞിനോട് അടയിരിക്കുന്ന തള്ളക്കോഴി പറയുന്നത് സങ്കൽപിക്കൂ.

“മോനേ, നീ ഏതാനും ദിവസം കഴിഞ്ഞ് മുട്ടത്തോടിനുപുറത്തു വരും, ഇപ്പോൾ നിന്റെ ലോകം ഈ മുട്ടയ്ക്ക് അകമാണ്. എന്നാൽ ഈ ലോകത്തുനിന്നും നീ പുറത്തുവരുന്ന ഒരു ദിവസമുണ്ട്. അന്ന് ഒരു ലോകം നീ കാണും. ഒരിക്കലും നീ കണ്ടിട്ടില്ലാത്ത, അനുഭവിച്ചിട്ടില്ലാത്ത ഒരു ലോകം. നിന്റെ ശരീരത്തിലുള്ള, നിന്റെ കൈകളിലുള്ള ആ നനുനനുത്ത മുളയിൽ നിന്ന് തൂവലുകൾ ഉയർന്നു വരും, വളർന്നുവരും. നീ പയ്യെ പറക്കാൻ തുടങ്ങും. നീ വിശാലമായ ലോകത്തിൽ സഞ്ചരിക്കും.”

കോഴിമുട്ടയ്ക്കകത്തിരുന്നു കോഴിക്കുഞ്ഞ് മൊഴിയുന്നത് ഒന്നു ചിന്തിക്കൂ. അമ്മ വെറുതെ അബദ്ധം പറയുകയല്ലേ ? ഇങ്ങനെ വല്ലതും സംഭവിക്കുവാൻ പോകുന്നുണ്ടോ? ഇതല്ലേ എന്റെ ലോകം? ഇതിനപ്പുറം മറ്റൊരു ലോകമുണ്ടോ?

കോഴിക്കുഞ്ഞിന് അമ്മ പറഞ്ഞത് ഒന്നും മനസ്സിലാകുന്നില്ല. അവൻ കണ്ടിട്ടില്ലാത്ത, അറിഞ്ഞിട്ടില്ലാത്ത ലോകത്തെപ്പറ്റി മനസ്സിലാകുന്നില്ല. പക്ഷെ ഏതാനും ദിവസം കഴിഞ്ഞ് മുട്ടയ്ക്കുള്ളിലെ കോഴിക്കുഞ്ഞ് പുറത്തുവരുമ്പോൾ കാണുന്നു മഹാപ്രപഞ്ചം.

സഹോദരങ്ങളെ, ഒരു വലിയ അത്ഭുത ലോകത്തിലേക്ക് നാം കടക്കുകയാണ്. ആത്മാവിന്റെ നവ്യാനുഭൂതി തരുന്ന പുതിയ ലോകം ! യേശുക്രിസ്തുവിന്റെ പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളത്തിൽ വന്ന് നമ്മുടെ അന്ധകാരാവൃതമായ ജീവിതത്തെ പ്രകാശപൂരിതമാക്കുമ്പോൾ നാം നേരിടേണ്ടതായ, നാം നേടുന്നതായ മഹത്തായ വെളിച്ചത്തിന്റെ ദിവ്യമായ അനുഭൂതി. ആ മഹാത്ഭുതം നമുക്ക് വേണമോ? യേശുവിനെ നമുക്ക് വേണമോ?

നമ്മുടെ ഹൃദയക്കണ്ണ് തുറക്കണമോ? നമ്മുടെ ജീവിതം വികസ്വരമാകണമോ? നമ്മുടെ ജീവിതം പ്രശാന്തമോഹനമാകണമോ? ജീവിതത്തിന്നു അർത്ഥം കണ്ടെത്തണമോ? ആത്മലോകം തുറന്നു കിട്ടണമോ?

മകനെ, ക്രിസ്തു നിന്റെ അരികത്തു വന്നിട്ടുണ്ട്, അവൻ അത്ഭുതം പ്രവർത്തിക്കുകയാണ്. സ്നേഹവാനേ, ആത്മലോകം തുറന്നു കാണാനുള്ള ഭാഗ്യം ഞങ്ങൾക്കെല്ലാവർക്കും നൽകണമേ. അന്ധകാരം മാറ്റണമേ, കൂരിരുട്ട് അകറ്റണമേ, ദിവ്യപ്രകാശം ഉദിക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

# അഞ്ച്

“ഇങ്ങിനെ പറഞ്ഞിട്ട് അവൻ നിലത്തു തുപ്പി തുപ്പൽ കൊണ്ട് ചേറുണ്ടാക്കി ചേറു അവന്റെ കണ്ണി ന്മേൽ പൂശി നീ ചെന്ന് ശിലോഹാം കുളത്തിൽ കഴുകുക എന്ന് അവനോട് പറഞ്ഞു.”

*യോഹ. 9.6–7*

എന്തുകൊണ്ടാണ് കർത്താവ് ഇവിടെ മണ്ണ് ഉപയോഗിച്ചത്? യേശുക്രിസ്തു മണ്ണു കുഴച്ചുവെച്ചത് എന്തുകൊണ്ടായിരിക്കാം?

അതിനുകാരണം: പൊടിയിൽ നിന്നാണ് മനുഷ്യൻ നിർമ്മി ക്കപ്പെട്ടത്. നിത്യനായ ദൈവം ആദിമ മനുഷ്യനെ മെനഞ്ഞത് മണ്ണിലെ പൂഴിയിൽ നിന്നാണ്. ജീവനുള്ള ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ ഏറ്റവും മഹത്തായ ചിത്രം പൊടിയിൽ നിന്ന് മനുഷ്യനെ മെനഞ്ഞു എന്നതാണ്.

“യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവ ശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു ”

*ഉല്പത്തി 2:7*

ദൈവം തന്റെ പുത്രനെ ഒരു പൂർണ്ണ മനുഷ്യനായിട്ടാണ് ഭൂമിയിലേക്ക് അയച്ചത്. ഒരിടത്തും ഒതുങ്ങാത്തവനായ നിത്യനായ ദൈവം കേവലം ഒരു മനുഷ്യനായി ഒതുങ്ങി. ഒരിടത്തും ഒതുങ്ങാത്തവനായ നിത്യനായ ദൈവം ഒരു കന്യകയുടെ ഗർഭപാത്രത്തിൽ ഒതുങ്ങിക്കിടന്നു. ഒരിടത്തും ഒതുങ്ങാത്തവനായ നിത്യനായ ദൈവം ഒരു കാലഘട്ടത്തിന്റെ പരിമിതിയിൽ ഒതുങ്ങിനിന്നു. ഒരിടത്തും ഒതുങ്ങാത്തവനായ നിത്യനായ ദൈവം ബി.സിയും ഏ.ഡിയും രണ്ടായി പകുത്തു നിർത്തികൊണ്ട് അതിന്റെ മദ്ധ്യത്തിൽ ഒതുങ്ങിനിന്നു.

ഒരിടത്തും ഒതുങ്ങാത്തവനായ നിത്യനായ ദൈവം ഗലീലാ നാടുകളിൽ കേവലം ഇരുന്നൂറു നാഴികയ്ക്കുള്ളിൽ ഒതുങ്ങി നിന്നു. ഒരിടത്തും ഒതുങ്ങാത്തവനായ നിത്യനായ ദൈവം ബേത്‌ലഹേമിലെ പുൽക്കൂട്ടിൽ ഒതുങ്ങിനിന്നു. ഒരിടത്തും ഒതുങ്ങാത്തവനായ നിത്യനായ ദൈവം ഗോഗുൽത്തായിലെ മരക്കുരിശിൽ ഒതുങ്ങിക്കിടന്നു. ഒരിടത്തും ഒതുങ്ങാത്തവനായ നിത്യനായ ദൈവം അരിമത്ത്യക്കാരൻ യൗസേപ്പിന്റെ കല്ലറയിൽ ഒതുങ്ങിക്കിടന്നു.

ഒരിടത്തും ഒതുങ്ങാത്തവനായ നിത്യനായ ദൈവം, ദൈവപൈതലേ, നിന്റെ അരികത്ത് വിനീതനായി, സൗമ്യനായി, ദയവായ്പ്പോടെ, ആർദ്രതയോടെ മനസ്സലിവോടെ വന്നുനിൽക്കുന്നു. അവൻ നിന്നിൽ ഒതുങ്ങാൻ, നിന്റെ ഹൃദയത്തിൽ വസിപ്പാൻ ആഗ്രഹിക്കുന്നു. നിന്റെ ഹൃദയത്തിൽ ഒതുങ്ങി നിൽപ്പാൻ, നിന്റെ ഹൃദയത്തിൽ വസിപ്പാൻ അവൻ ആഗ്രഹിക്കുന്നു.

> “മകനേ, നിന്റെ ഹൃദയം എനിക്കു തരിക, എന്റെ
> വഴി നിന്റെ കണ്ണിനു ഇമ്പമായിരിക്കട്ടെ”
>
> *സദൃശ.23:26*

നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിൽ വാഴുവാൻ ക്രിസ്തു നമ്മുടെ അരികത്തേക്ക് വന്നിരിക്കുകയാണ്. ഹൃദയത്തിൽ വസിപ്പാൻ അവൻ കൊതിപൂണ്ടു നിൽക്കുന്നു.

ദൈവത്തിന്റെ വഴി നമ്മുടെ കണ്ണുകൾക്ക് ഇമ്പമായി ത്തീർന്നാൽ നമ്മുടെ ഹൃദയം ക്രിസ്തുവിനു കൊടുക്കാൻ നമുക്ക് സാധിക്കും.

ബേത്‌ലഹേം പുൽക്കൂട്ടിൽ അവിടന്ന് ഒതുങ്ങിക്കിടന്നാൽ പോരാ, ഗോഗുൽത്തായിലെ കുരിശിൽ അവിടന്നു മൂന്നാണികളിൽ തറയ്ക്കപ്പെട്ടുകിടന്നാൽ പോരാ, അരിമത്യക്കാരൻ യൗസേഫിന്റെ കല്ലറയിൽ അവിടന്ന് കിടന്നാൽ പോര, അവൻ കിടക്കേണ്ടത് എവിടെയാണ്? എന്റെ ഈ ഹൃദയത്തിൽ.

ദൈവപൈതലേ, നിന്റെ ഹൃദയത്തിൽ അവന് നീ ഇടം കൊടുക്കുമോ? എങ്കിൽ നീ ഭാഗ്യശാലിയാണ്.

യോഹന്നാന്റെ സുവിശേഷം ഏഴാം അദ്ധ്യായത്തിന്റെ ഒടുവിലത്തെ വാക്യം.

"അങ്ങിനെ ഓരോരുത്തൻ താന്താന്റെ വീട്ടിൽ പോയി"

എട്ടാം അദ്ധ്യായം ഒന്നാം വാക്യം

"യേശുവോ ഒലിവു മലയിലേക്കു പോയി"

ഓരോരുത്തനും പോകാൻ താന്താന്റെ വീടുണ്ട്. അന്ന് യേശുവിന്റെ പ്രസംഗം കേൾക്കാൻ ബഹു പുരുഷാരം വന്നിട്ടുണ്ട്. വചനം കേട്ടതിനുശേഷം അവർ ഓരോരുത്തരും പിരിഞ്ഞു പോകുകയാണ്. യേശു അവിടെത്തന്നെ നിൽക്കുകയാണ്.

> "ദാഹിക്കുന്നവനെല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും".
>
> *യോഹ. 7:38*

എന്നു വിളിച്ചു പറഞ്ഞു കൊണ്ട് യേശു പിരിഞ്ഞുപോകുന്ന ജനത്തെ നോക്കി നിൽക്കുകയാണ്. അവർ വചനം കേട്ടു, വചനം ഉൾക്കൊണ്ടു, പക്ഷെ അവരിതാ താന്താങ്ങളുടെ വീടുകളിലേക്ക് പോകുകയാണ്.

അവർക്ക് പോകാൻ പോക്കിടമുണ്ട്, അവർക്കു പോകാൻ വീടുണ്ട്. എന്നാൽ യേശു നോക്കി നിന്നു, ആരെങ്കിലും എന്നെ വിളിക്കുമോ? എന്നെ കൂടെകൊണ്ടുപോകാൻ ആരെങ്കിലും ഉണ്ടോ?

ഓരോരുത്തരും താന്താന്റെ വീടുകളിലേക്കു പോകുന്നതും നോക്കി യേശു ആർദ്രതയോടെ നിന്നു, ആർത്തിയോടെ നോക്കി നിന്നു, ആഗ്രഹത്തോടെ നോക്കിനിന്നു, ആരെങ്കിലും എന്നെ ക്ഷണിക്കുമോ ? ആരെങ്കിലും എന്നെ എതിരേൽക്കുമോ? ആരെങ്കിലും എന്നെ കൊണ്ടു പോകുമോ?

ഇല്ല, ആരുമാരും തയ്യാറായില്ല. നാം വായിക്കുന്നത് "യേശുവോ ഒലിവു മലയിലേക്കുപോയി" എന്നാണ്.

പാട്ടുകാരൻ പാടിയതുപോലെ

"അരക്കാശിന്നും മുതലില്ലാതെ, തലചായിപ്പാൻ ഇടമില്ലാതെ" അഗതിയെപ്പോലെ, വഴിയാധാര ജീവിയായി യേശു മുപ്പത്തിമൂന്നരകൊല്ലം കഴിഞ്ഞു. സ്വന്തമായി കിടപ്പാടമില്ലാത്തവൻ നമ്മുടെ അരികത്തു വന്നു നിൽക്കുന്നു. അവൻ നമ്മെ പേർ ചൊല്ലി വിളിക്കുന്നു: മകനെ, നിന്റെ ഹൃദയം എനിക്കു തരിക, മകളെ നിന്റെ ഹൃദയം എനിക്കു തരിക. എന്റെ വഴി നിന്റെ കണ്ണിനു ഇമ്പമായിരിക്കട്ടെ.

എങ്കിൽ നീ ഒരു ഭാഗ്യശാലിയാണ്. ശോഭനമായ നല്ല നാളുകളിലേക്ക് നിനക്ക് നീങ്ങാം. ഐശ്വര്യസമൃദ്ധമായ നല്ലകാലം

നിനക്കു ലഭിക്കും. ആശിസ്സും അനുഗ്രഹവും നിന്റെ ജീവിത്തിൽ പെയ്തിറങ്ങും. നിന്റെ ജീവിതത്തിൽ ആനന്ദൈശ്വര്യങ്ങളെഴുന്ന മാസാബ്ദങ്ങൾ ലഭിക്കും. നാളും മാസവുമാണ്ടും പാപപ്പാഴിരുളിൽ പോക്കിയ ദൈവപൈതലേ, അവന്റെ ജീവദ്ധ്വനി നിന്റെ കണ്ണുതെളിക്കട്ടെ. നിന്റെ ഹൃദയം ആനന്ദിക്കട്ടെ.

വിവാഹ ഗീതത്തിൽ അതിസുന്ദരമായി, മധുരോദാരമായി ഒരു ഗാനം പാടാറുണ്ട്.

“നാളും മാസവുമാണ്ടും ഞാൻ
പാപപ്പാഴിരുളിൽ പോക്കി,
നിൻ ജീവദ്ധ്വനി കേട്ടപ്പോൾ
കണ്ണു തെളിഞ്ഞാനന്ദിച്ചേൻ”

ജീവദ്ധ്വനി കേട്ടപ്പോൾ കണ്ണ് തെളിഞ്ഞു, ആനന്ദിച്ചു, ആനന്ദൈശ്വര്യങ്ങളെഴുന്ന മാസങ്ങളും ആണ്ടുകളും ലഭിച്ചു.

നാളുകൾ, മാസങ്ങൾ, ആണ്ടുകൾ പാപത്തിന്റെ പാഴിരുളിൽ പോക്കിയതാണ്. അന്ധകാരാവൃതമായിരുന്ന കാലങ്ങൾ, അന്ധതമസ്സു ബാധിച്ചിരുന്ന കാലങ്ങൾ, ഇരുളടഞ്ഞ കാലങ്ങൾ, അന്ധവിശ്വാസത്തിൽ മുഴുകിപ്പോയ കാലങ്ങൾ അബദ്ധാചാരങ്ങളിൽ കുടുങ്ങിക്കിടന്ന കാലങ്ങൾ ചില പാരമ്പര്യങ്ങളുടേയും, ചില മാമൂലുകളുടേയും, ചില ആചാരങ്ങളുടേയും ചില അനുഷ്ഠാനങ്ങളുടേയും, കെട്ടുപാടിൽക്കിടന്നു പിടച്ച കാലങ്ങൾ! വെളിവില്ലാത്ത കാലങ്ങൾ!

ദൈവപൈതലേ, ക്രിസ്തുവിനെ നീ ഇപ്പോൾ ഒന്നു എതിരേൽക്കുമോ? നിന്റെ കണ്ണു തെളിയും. നിനക്ക് ആനന്ദം ലഭിക്കും. നിത്യാനന്ദം! നിത്യ സ്വർഗ്ഗീയ പരമ സൗഭാഗ്യം നിനക്കു ലഭിക്കും.

ക്രിസ്തു പൂർണ്ണ മനുഷ്യനായിരുന്നു. പൂർണ്ണ മനുഷ്യനായി അവിടന്ന് ജീവിച്ചു, പൂർണ്ണ മനുഷ്യനായി അവിടന്ന് പ്രവർത്തിച്ചു. നിത്യനായ ദൈവം തന്റെ മകനെ പൂർണ്ണമനുഷ്യനായി ഭൂമിയിലേക്കയച്ചു. ക്രിസ്തു അയക്കപ്പെട്ടവനാണ്. ശീലോഹാം എന്നതിന് അയക്കപ്പെട്ടവൻ എന്നർത്ഥം. അയക്കപ്പെട്ടവൻ ശീലോഹാം കുളത്തിൽ പോയി കഴുകുക എന്നു കല്പിച്ചു. അയക്കപ്പെട്ടവനാണ് കഴുകുന്നവൻ. ക്രിസ്തുവാണ് വെളിവു തരുന്നവൻ. ആന്തരീകാശുദ്ധികൾ കഴുകി ജീവിതം സംശുദ്ധമാക്കുന്നത് ക്രിസ്തുവാണ്. അന്ധകാരം മാറ്റുന്നത് ക്രിസ്തുവാണ്. അവനാണ് അയക്കപ്പെട്ടവൻ; അതാണ് - Incarnation.

ദൈവപൈതലേ, ക്രിസ്തു നിനക്കുവേണ്ടി ഈ ഭൂമിയിൽ തിരു അവതാരം ചെയ്തു, മൺമയനായ മനുഷ്യനെപ്പോലെ, മണ്ണിൽ നിന്ന് എടുക്കപ്പെട്ടവനെപ്പോലെ ഭൂമിയിൽ പിറന്നു. മനുഷ്യവേഷമെടുത്തു വേഷത്തിൽ മനുഷ്യനായി വിളങ്ങി, ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു. നിത്യനായ ദൈവത്തിന്റെ ഏക ജാതനായ തിരുക്കുമാരനത്രേ ഇപ്പോൾ നിന്റെ അരികത്ത് വന്നു നിൽക്കുന്നത്. അവനാണ് നിന്നോട് വാദിക്കുന്നത്. നിന്റെ ഹൃദയം അവനു കൊടുക്കുമോ? അവനോടു വാക്കു പറയുമോ?

നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക, എനിക്കുവെളിവു തരണമേ, എന്റെ അന്ധകാരം മാറ്റണമേ, ആത്മലോകം എനിക്കു തുറന്നു തരണമേ. സ്വർഗ്ഗീയ കൃപ ഈ ഭൂമിയിലേക്ക് ഇറങ്ങി വരുവാൻ നിന്നെത്തന്നെ താഴ്ത്തിക്കൊണ്ടു വന്നതിനായി സ്തോത്രം.എല്ലാ നന്മകളാലും ഞങ്ങളെ അലങ്കരിക്കണമേ, നിത്യസ്വർഗ്ഗത്തിനു ഞങ്ങളെ യോഗ്യരാക്കണമേ, വിശുദ്ധീകരിക്കണമേ, സൽക്കാലങ്ങൾ തരണമേ എന്ന് നമുക്ക് അപേക്ഷിക്കാം.

## ആറ്

"ഇങ്ങനെ പറഞ്ഞിട്ട് അവൻ നിലത്തു തുപ്പി തുപ്പൽ കൊണ്ട് ചേറുണ്ടാക്കി ചേറ് അവന്റെ കണ്ണിന്മേൽ പൂശി നീ ചെന്ന് ശിലോഹാം കുളത്തിൽ കഴുകുക എന്നു അവനോട് പറഞ്ഞു. ശിലോഹാം എന്നതിനു അയക്കപ്പെട്ടവൻ എന്നർത്ഥം. അവൻ പോയി കഴുകി, കണ്ണു കാണുന്നവനായി മടങ്ങി വന്നു."

*യോഹ. 9 : 6–7*

യേശു നിലത്തു തുപ്പി. തുപ്പൽ കൊണ്ട് ചേറുണ്ടാക്കി, ചേറ് അവന്റെ കണ്ണിന്മേൽ പൂശി. ചേറുണ്ടാക്കി പൂശുന്നതിനുള്ള കാരണം. മണ്ണിൽ നിന്ന് മനുഷ്യൻ മെനയപ്പെട്ടു. മനുഷ്യസാദൃശത്തിൽ ക്രിസ്തു ഈ ഭൂമിയിൽ വിളങ്ങി.

ഒന്ന്: യേശുവിന്റെ തിരു അവതാരം – Incarnation

രണ്ട്: അസ്വസ്ഥത – Irritation

പൂഴിയുടെ ഒരു തരിയോ, മറ്റെന്തെങ്കിലും ഒരു കരടോ കണ്ണിൽ പോയാൽ അസ്വസ്ഥത – Irritation ഉണ്ടാകും. ഉടനെ കഴുകുവാൻ തോന്നും. ചേറ് ഉപയോഗിക്കാനുള്ള കാരണം Irritation ഉണ്ടാക്കാനാണ്. എന്തിന്? അത് കുറ്റബോധത്തെ സൂചിപ്പിക്കുന്നു. പാപബോധത്തെ സൂചിപ്പിക്കുന്നു. നമുക്ക് നമ്മിൽത്തന്നെ കുറ്റബോധം ഉണ്ടാകുന്നു. Conviction ഉണ്ടാകുന്നു. പാപബോധം ഉണ്ടാകുന്നു. ഞാൻ അന്ധനാണല്ലോ എന്നുള്ള വിചാരം ഉണ്ടാകുന്നു. എനിക്ക് കണ്ണിൽ എന്തോ കരുകരുക്കുന്നല്ലോ എന്നുള്ള വിചാരം ഉണ്ടാകുന്നു.

ദൈവപൈതലേ, നിന്റെ ജീവിതത്തിൻ കരുകരുപ്പ് ഉണ്ടാകുന്നത് നല്ലതാണ്. എന്തോ നിന്നെ അലോസരപ്പെടുത്തുന്നു. എവിടെയോ ഒരു ശൂന്യത, എന്തോ ഒരു പോരായ്മ, എവിടെയോ ഒരു പ്രയാസം, ഹൃദയത്തിൽ എന്തോ ഒന്നു മുറിപ്പെടുത്തുന്നതുപോലെ, എവിടെയോ ഒരു വേദന – നല്ലതുതന്നെയാണ്. കുറ്റബോധവും, പാപബോധവും ലഭിക്കുന്നത് നല്ലതാണ്.

പത്രോസിനു പാപബോധം ലഭിച്ചു. പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞതാണ്, എന്നാൽ പത്രോസ് പുറത്തുപോയി അതിദു:ഖത്തോടെ കരഞ്ഞു. അതിവേദനയോടെ കരഞ്ഞു. അയ്യോ, അങ്ങിനെ പറയരുതായിരുന്നു, അയ്യോ, കർത്താവിനെ ഞാൻ തള്ളിപ്പറയരുതായിരുന്നു.

“ഇവനെ ഞാൻ അറിയുന്നില്ല” എന്നു ഞാൻ പറഞ്ഞു പോയല്ലോ. ഇവനെ എനിക്കു പരിചയമില്ല എന്നു ഞാൻ പറഞ്ഞു പോയല്ലോ, ഞാൻ പറയുകമാത്രമല്ല. ഞാൻ പ്രാകുവാനും ആണയിടുവാനും ഇടയായിപ്പോയല്ലോ. വെറും ഒരു പാവപ്പെട്ട സ്ത്രീയുടെ മുമ്പാകെ ഞാൻ അവനെ തള്ളിപ്പറഞ്ഞു പോയല്ലോ. വേലക്കാരുടെ മുമ്പാകെ, സേവകന്മാരുടെ മുമ്പിൽ ഞാൻ അവനെ തള്ളിപ്പറഞ്ഞുപോയല്ലോ. പത്രോസിന്റെ ഉള്ളിൽ നീറിപ്പിടിക്കുന്ന വേദന, Conviction- കുറ്റബോധം – ഹൃദയം പുക

യുകയാണ്.

ദൈവപൈതലേ നിന്റെ ജീവിതത്തിൽ എന്നെങ്കിലും പാപത്തെ ഓർത്ത് ഒരു പുകച്ചിൽ ഉണ്ടായിട്ടുണ്ടോ? പാപബോധം നിന്റെ ഹൃദയത്തിൽ ഉണ്ടായിട്ടുണ്ടോ? പാപബോധം കൊണ്ട് നിന്റെ ഹൃദയം വലഞ്ഞിട്ടുണ്ടോ? അയ്യോ വേണ്ടായിരുന്നു എന്നുള്ള കുറ്റബോധം നിന്റെ ഹൃദയത്തിൽ നീറി നീറിപ്പടർന്നു കയറിയിട്ടുണ്ടോ? ഉമിത്തീ നീറുന്നതുപോലെ ഹൃദയം നീറുന്നുണ്ടോ?

ലോക ചരിത്രത്തിൽ എവിടെയെല്ലാം ആരെല്ലാം ഉയർന്നിട്ടുണ്ടോ, വളർന്നിട്ടുണ്ടോ ആത്മീയന്മാർ മാത്രമല്ല, ആരെല്ലാം വളർന്നിട്ടുണ്ടോ, അവർ ജീവിതത്തിൽ തങ്ങളുടെ പോരായ്മകൾ കണ്ട് തിരുത്തുവാൻ ഉൽസാഹിച്ചിട്ടുള്ളവരാണ്. ജീവിതത്തിൽ തങ്ങളുടെ പോരായ്മകളിലേക്ക് നോക്കി തിരുത്തണമെന്നുള്ളതായ ആവേശവും ആവശ്യവും ഉള്ളവരാണ്. തിരുത്തണമെന്നുള്ളതായ അദമ്യമായ വാഞ്ഛ അവരുടെ ജീവിതത്തിൽ നീറിപ്പിടിച്ചതുകൊണ്ടാണ്, അവർ തിരുത്തലുകളിൽ നിന്ന് തികവിലേക്ക് നീങ്ങുവാൻ ഇടയായിട്ടുള്ളത്.

തെറ്റുകൾ പറ്റി എന്നുള്ള ബോദ്ധ്യം, എനിക്ക് ഇനിയും നേരയാകാനുണ്ട് എന്ന ബോദ്ധ്യം, എനിക്ക് ഏറെയേറെ ശരിയാകാനുണ്ട് എന്ന ബോദ്ധ്യം, ഏറെയേറെ തിരുത്താനുണ്ട് എന്ന വിചാരം.

റോബർട്ട് ഫ്രോസ്റ്റ് എന്ന സുപ്രസിദ്ധനായ ആംഗ്ലേയ കവി അതിമനോഹരമായ ഒരു കവിതാശകലം പാടി.

""The woods are lovely, dark and deap
But I have promises to keep
And miles to go before I sleep
And miles to go before I sleep''

വനങ്ങളും കാന്താരങ്ങളും മനോഹരങ്ങളാണ്, നല്ല കൂരിരുട്ട് നിറഞ്ഞതാണ്, അഗാധമായ കൂരിരുട്ട് തിങ്ങിയതാണ്. പക്ഷെ എനിക്ക് സൂക്ഷിക്കേണ്ടതായ അനേകമനേകം വാഗ്ദാനങ്ങൾ ഉണ്ട്. ഞാൻ പാലിക്കേണ്ടതായ വാഗ്ദാനങ്ങൾ ഞാൻ നിറവേറ്റേണ്ടതായ വാഗ്ദാനങ്ങൾ അവശേഷിക്കുന്നു. ഞാൻ ഉറങ്ങുന്നതിനു മുൻപ് എനിക്കു മൈലുകൾ യാത്ര ചെയ്യേണ്ടിയിരിക്കുന്നു. ഏറെയേറെ മൈലുകൾ എനിക്ക് താണ്ടേണ്ടിയിരിക്കുന്നു. ഏറെ ദൂരം നടക്കേണ്ടിയിരിക്കുന്നു.

ഈ സുപ്രസിദ്ധമായ കവിതയിൽ റോബർട്ട് ഫ്രോസ്റ്റ്- Robert frost-അർത്ഥമാക്കിയത് ഇനിയും ഏറെ നേടാനുണ്ട് എന്നാണ്. ഇനിയും ഏറെ സഞ്ചരിക്കാനുണ്ട് എന്നാണ്.

സ്നേഹിതരേ, വളർച്ചയുടെ പടവ് കുറ്റബോധത്തിന്റെ പടവുകൾ ആണ്, തികഞ്ഞില്ലഎന്ന ബോധ്യമാണ്, പൂർണ്ണതയില്ല എന്ന ബോധ്യമാണ്.

ഞാൻ ഏതാണ്ടെല്ലാം ആയി എന്ന ബോധ്യം ഒരാൾക്കു വന്നാൽ അവന്റെ ജീവിതം അവിടെ മുരടിച്ചു എന്നാണ് അർത്ഥം. എനിക്കതിനു കഴിയും, ഞാൻ ശക്തനാണ്, ഞാനതിനു പോന്നവനാണ്, എന്നെക്കൊണ്ട് എന്തും സാധിക്കാൻ കഴിവുണ്ട് എന്നുള്ള ബോധ്യം ഒരാൾക്കുവന്നാൽ അതിന്റെ അർത്ഥം അവന്റെ ജീവിതം മരവിച്ചു, അവന്റെ ജീവിതത്തിന്റെ വളർച്ച മുറ്റി എന്നുള്ളതാണ്.

ദൈവപൈതലേ, നിന്റെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കി നിനക്ക് കുറ്റബോധത്തോടെ അനുസ്മരിക്കാൻ എന്തെങ്കിലും ഉണ്ടോ?

കഴിഞ്ഞകാല ജീവിതത്തിൽ വന്നുപോയ പാകപ്പിഴകൾ ഒന്നോർത്തുനോക്കൂ, ഓർമ്മവെച്ചകാലം മുതലുള്ള ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കൂ. നിന്റെ സംസാരത്തിൽ വന്നു

പോയ അപാകതകൾ, നിന്റെ പെരുമാറ്റത്തിൽ വന്നുപോയ അവിവേകങ്ങൾ, നിന്റെ പ്രവർത്തന പദ്ധതികളിൽ നിഴലിച്ചതായ അബദ്ധങ്ങൾ, നിന്റെ സംസാരത്തിൽ വന്നുപോയതായ ഹീനമായ വാക്കുകൾ, ഹീനമായ പ്രയോഗങ്ങൾ, മറ്റുള്ളവരുടെ ഹൃദയത്തെ നൊമ്പരപ്പെടുത്തിയതായ വാക്കുകൾ മുതലായവയെല്ലാം ഇന്നു നിന്നെ അലോരസപ്പെടുത്തുന്നുണ്ടോ?

ആരോടെങ്കിലും കോപിച്ചു ഗർജ്ജിച്ചത്, നിന്റെ വീട്ടിൽത്തന്നെ നിന്റെ ഭാര്യയോട് കോപിച്ചത്, അവളെപ്പറ്റി അരുതാത്തത് പറഞ്ഞത്, നിന്റെ മക്കളോട് നീ കോപിക്കുകയും, അവരെ ശപിക്കുകയും ചെയ്തത്, നിന്റെ മാതാപിതാക്കളോട് ധിക്കാരമായി പെരുമാറിയതും, സംസാരിച്ചതും, എല്ലാമെല്ലാം, മകനെ, പാകപ്പിഴകൾ ഏറെ വന്നിട്ടില്ലേ, നിന്റെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കിയാൽ ഇന്നു ലജ്ജിക്കാൻ ഏറെ വകയില്ലേ,? കരയാൻ ഏറെ വകയില്ലേ? അനേകം കാര്യങ്ങൾ നിന്റെ അന്തരാത്മാവിൽ ബന്ധനങ്ങളായി തീർന്നില്ലേ,? അഴുക്കു നിനക്ക് പറ്റിയില്ലേ ? അശുദ്ധി നിനക്ക് വന്നു ഭവിച്ചില്ലേ? നിന്റെ സൽപ്പേരു മാഞ്ഞു പോയില്ലേ? നിന്റെ മാന്യത നഷ്ടപ്പെട്ടില്ലേ? നിനക്ക് ജനമദ്ധ്യത്തിലുണ്ടായിരുന്ന പിന്തുണ പൊയ്പ്പോയില്ലേ? ആളുകളുടെ ഇടയിലുണ്ടായിരുന്ന Popularity നഷ്ടപ്പെട്ടില്ലേ? നിന്റെ വിലയും നിലയും നഷ്ടപ്പെടുത്തിക്കളഞ്ഞില്ലേ?

മകനെ, ചിന്തിച്ചുനോക്കൂ, മകളെ നിന്റെ ശരീരം അശുദ്ധിക്കു വിട്ടുകൊടുത്തില്ലേ? യൗവ്വനക്കാരാ, നിന്റെ ശരീരം നീ അഴുക്കിനായി വേർതിരിച്ചുകൊടുത്തില്ലേ? നിന്റെ പണം നീ നഷ്ടപ്പെടുത്തിയില്ലേ? നിന്റെ സമ്പത്ത് നീ നഷ്ടപ്പെടുത്തിയില്ലേ? നിന്റെ ആരോഗ്യം നീ കളഞ്ഞില്ലേ? പാപത്തിനു വേണ്ടി നിന്റെ സമ്പത്തും, ആരോഗ്യവും എല്ലാം കളഞ്ഞു കുളിച്ചില്ലേ? നിന്റെ സല്പേരും നിന്റെ കുടുംബ മഹിമയും നിന്റെ ആഭിജാത്യവും നിന്റെ തറവാടിത്തവും നിന്റെ കുലീനത്വവും എല്ലാം നീ പാപത്തിനു വേണ്ടി നശിപ്പിച്ചു കളഞ്ഞില്ലേ? Irritation ഉണ്ടാകു

ന്നുണ്ടോ? കുറ്റബോധം ഉണ്ടാകുന്നുണ്ടോ? ദൈവവചനം ഇങ്ങിനെ പറയുന്നു.

> "... എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിൽ വിറെക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും"
>
> *യെശയ്യാവു. 66:2*

സ്നേഹിതാ, ഹൃദയത്തിൽ ദൈവത്തിന്റെ വചനം കടന്നു വരുമ്പോൾ നിനക്ക് അരിഷ്ടത വരുന്നുണ്ടോ? ഹൃദയത്തിനു നുറുക്കം വരുന്നുണ്ടോ?

> "ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ: മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു."
>
> *സങ്കീ. 34: 18-19*

> "ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല"
>
> *സങ്കീ. 51:17*

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ തകർച്ച, നിന്റെ ജീവിതത്തിൽ തകർന്ന ഹൃദയം, നിന്റെ ജീവിതത്തിൽ മുറിവേറ്റ ഹൃദയം, തെറ്റുകളെ ഓർത്തുള്ള പശ്ചാത്താപം നിന്റെ ഹൃദയത്തിൽ നീറിപ്പിടിക്കുന്നുണ്ടോ? റോമാ ലേഖനത്തിൽ അപ്പൊസ്തലൻ എന്തു പറയുന്നു എന്നു നോക്കാം.

> " നിങ്ങൾ പാപത്തിനു ദാസന്മാരായിരുന്നപ്പോൾ നീതിയെ സംബന്ധിച്ചു സ്വതന്ത്രരായിരുന്നല്ലോ. നിങ്ങൾക്ക് അന്നു എന്തൊരു ഫലം ഉണ്ടായിരുന്നു? ഇപ്പോൾ നിങ്ങൾക്ക് ലജ്ജ തോന്നുന്നതു തന്നെ"
>
> *റോമർ 6 : 20-21*

ലജ്ജാകരമായ ജീവിതം, അറയ്ക്കത്തക്ക ജീവിതം, വെറുക്കത്തക്ക ജീവിതം, ഹീനമായ ജീവിതം, അഴുക്കുപറ്റിയ ജീവിതം, തകർന്നുപോയ ജീവിതം, ജീവിതമാകെ നശിച്ചു പോയി, എന്നാൽ ഇനിയും ജീവിതം പുതുക്കിപ്പണിയാം. ക്രിസ്തുവിനെ നീ സ്വീകരിക്കുമോ? Invitation നല്ലതുതന്നെയാണ്.

നിന്റെ ഹൃദയം ജീവനുള്ള ക്രിസ്തുവിന്റെ പാദപീഠത്തിൽ ഇരിക്കുമ്പോൾ തകരട്ടെ. കുറ്റബോധത്തോടെ കരയുവിൻ, പാപ ബോധത്തോടെ നിലവിളിപ്പിൻ.

നാഥാ, എനിക്കൊരു സമാധാനം തരണമേ, എനിക്കൊരു സുബോധം തരണമേ, എനിക്കു വെളിവു തരണമേ, വചനത്താൽ എല്ലാവരേയും അവിടുന്ന് ആദരിക്കണമേ, അനുഗ്രഹിക്കണമേ, സന്ദർശിക്കണമേ, കാക്കണമേ;

# ഏഴ്

"ഇങ്ങനെ പറഞ്ഞിട്ട് അവൻ നിലത്തു തുപ്പി തുപ്പൽ കൊണ്ട് ചേറുണ്ടാക്കി ചേറു അവന്റെ കണ്ണി ന്മേൽ പൂശി നീ ചെന്ന് ശിലോഹാം കുളത്തിൽ കഴുകുക എന്ന് അവനോടു പറഞ്ഞു."

*യോഹ. 9 : 6–7*

ഒന്ന്: Incarnation പൊടിയിൽ നിന്ന് മനുഷ്യൻ നിർമ്മിക്ക പ്പെട്ടു. ക്രിസ്തു മനുഷ്യവേഷത്തിൽ പ്രത്യക്ഷനായി.

രണ്ട്: Irritation– കണ്ണിൽ കിരുകിരുപ്പ് ഉണ്ടായി, കിരുകിരു പ്പിന്റെ അസഹ്യത, ഹൃദയത്തിന്റെ ആഴത്തിൽ കിരുകിരുപ്പു ണ്ടാകും, കുറ്റബോധം ഉണ്ടാകും, അത് കഴുകലിലേക്ക് നയിക്കും.

മൂന്ന്: Irrigation - കുറ്റബോധത്തോടെ കരുണക്കുവേണ്ടി യാചിച്ചാൽ കഴുകൽ ലഭിക്കും, കർത്താവേ കഴുകണമേ, എന്റെ മേൽ നിർമ്മല ജലം തളിക്കണമേ എന്നു നാം പ്രാർത്ഥിച്ചാൽ കർത്താവു കഴുകും.

ദൈവമക്കളേ, കഴുകേണ്ടതായി പലതും നമ്മുടെ ജീവിതത്തിൽ ഇല്ലേ? കഴുകൽ പ്രാപിക്കേണ്ടതായി പലതും നമ്മുടെ ജീവിതത്തിൽ ഇല്ലേ? കഴുകലിനു ആവശ്യമുള്ളതായി പല പല അഴുക്കുകൾ നമ്മുടെ ഹൃദയത്തിൽ പറ്റിപ്പിടിച്ചിരിക്കുന്നില്ലേ? യെഹെസ്കേൽ പ്രവാചകൻ എന്തു പറയുന്നു എന്നു നോക്കാം.

> "ഞാൻ നിങ്ങളുടെ മേൽ നിർമ്മല ജലം തളിക്കും, നിങ്ങൾ നിർമ്മലരായി തീരും, ഞാൻ നിങ്ങളുടെ സകല മലിനതയേയും സകല വിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും. ഞാൻ നിങ്ങൾക്ക് പുതിയോരു ഹൃദയം തരും, പുതിയോരു ആത്മാ വിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും, കല്ലാ യുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും"
>
> *യെഹെസ്കേൽ 36 : 25-27*

ദൈവത്തിന്റെ സ്നേഹത്തിന്റെ ജീവജലം, ദൈവത്തിന്റെ കൃപയുടെ ജീവജലം, ദൈവത്തിന്റെ കരുണയുടെ നിർമ്മലജലം, ദൈവം തരുന്ന പാപക്ഷമയുടെ നിർമ്മല ജലം, പാപമോചനത്തിന്റെ നിർമ്മല ജലം, നമ്മുടെ മേൽ തളിക്കാൻ കർത്താവിനു തിരുമനസ്സാണ് എന്നാണ് ഈ വാക്യത്തിൽക്കൂടി തിരുവചനം നമ്മെ അനുസ്മരിപ്പിക്കുന്നത്. അൻപത്തിഒന്നാം സങ്കീർത്തനത്തിൽ, പാപം ചെയ്ത് പാപ ബോധത്തിന്റെ Irritation കൊണ്ട് മനസ്സു നൊന്ത്, ഉള്ളു നുറുങ്ങിക്കരയുന്ന ദൈവദാസൻ ദാവീദ് പറയുകയാണ്.

"ദൈവമേ, നിന്റെ ദയക്കു തക്കവണ്ണം എന്നോട് കൃപയുണ്ടാകേണമേ, നിന്റെ കരുണയുടെ ബഹുത്വ പ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയേണമേ. എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ, എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ."

*സങ്കീ. 5 : 1-2*

എന്നെ നന്നായി കഴുകണമേ എന്നാണ് ദാവിദ് പ്രാർത്ഥി ക്കുന്നത്. എന്റെ അകൃത്യം പോക്കേണമേ എന്നാണ് പറയു ന്നത്. എന്റെ ലംഘനങ്ങളെ മായിച്ചുകളയണമേ എന്നാണു അപേക്ഷിക്കുന്നത്. എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേ ണമേ എന്നാണ് ദാവീദ് പ്രാർത്ഥിക്കുന്നത്.

"ഞാൻ നിർമ്മലനാകേണ്ടതിന്നു ഈസോപ്പു കൊണ്ട് എന്നെ ശുദ്ധീകരിക്കേണമേ, ഞാൻ ഹിമത്തെക്കാൾ വെളുക്കേണ്ടതിന്നു എന്നെ കഴു കേണമേ."

*സങ്കീ. 51.7*

പ്രിയ സ്നേഹിതരേ, ക്രിസതുവിന്റെ തിരുരക്തം വന്ന് നമ്മെ കഴുകുമ്പോൾ നാം നിർമ്മലരായിത്തീരും. നിർമ്മല ജലം ക്രിസ്തുവിന്റെ തിരുരക്തമാണ്. പാപിയെ വിശുദ്ധീകരിക്കുന്ന തിരുരക്തം, അശുദ്ധനെ വിശുദ്ധനാക്കുന്ന തിരുരക്തം, ആ നിർമ്മല ജലം നമ്മുടെ മേൽ തളിക്കട്ടെ. പാപം കഴുകിപ്പോ കട്ടെ. നമ്മുടെ ഹൃദയം സംശുദ്ധമായിത്തീരട്ടെ. മീഖാ പ്രവാച കന്റെ പുസ്തകം ഒടുവിലത്തെ അദ്ധ്യായത്തിൽ നാം ഇങ്ങിനെ കാണുന്നു.

"അകൃത്യം ക്ഷമിക്കയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോടു അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോടു സമനായ ദൈവം ആരുള്ളൂ?"

*മീഖാ 7:18*

കാരുണ്യവാനായ ദൈവം നമ്മുടെ പാപം ക്ഷമിക്കുന്നവനാണ്. ദൈവം നമ്മുടെ അകൃത്യം പൊറുക്കുന്നവനാണ്. ദൈവം നമ്മെ വിശുദ്ധീകരിക്കുന്നവനാണ്. ദൈവം നമ്മെ കഴുകി വെടിപ്പാക്കുന്നവനാണ്. യോവേൽ പ്രവാചകൻ എന്തുപറയുന്നു എന്നു നോക്കാം.

> "അന്നാളിൽ പർവ്വതങ്ങൾ പുതു വീഞ്ഞു പൊഴിക്കും, കുന്നുകൾ പാൽ ഒഴുക്കും, യെഹൂദയിലെ എല്ലാ തോടുകളും വെള്ളം ഒഴുക്കും, യഹോവയുടെ ആലയത്തിൽ നിന്നു ഒരു ഉറവ പുറപ്പെട്ടു ശിത്തീം താഴ്വരയെ നനെക്കും."
>
> *യോവേൽ 3:18*

ദൈവജനമേ, നമ്മെ നനക്കുന്ന ഉറവ, ഗോഗുൽത്തായിൽ കുരിശിൽ തൂങ്ങിയ ക്രിസ്തുവിന്റെ തിരുവിലാവിൽ നിന്നും പൊട്ടി ഒഴുകിയ ജീവ ഉറവയാണ്. അത് നമ്മെ കഴുകുന്നതാണ്, അത് നമ്മെ വിശുദ്ധീകരിക്കുന്നതാണ്, അതിനെക്കുറിച്ച് സെഖര്യാപ്രവാചകൻ ഇങ്ങിനെയാണ് പറയുന്നത്.

> "അന്നാളിൽ ദാവീദു ഗൃഹത്തിനും യെരുശലേം നിവാസികൾക്കും പാപത്തിന്റേയും മാലിന്യത്തിന്റേയും പരിഹാരത്തിന്നായി ഒരു ഉറവ തുറന്നിരിക്കും"
>
> *സെഖര്യ 13:1*

Irrigation തരുന്ന ഉറവ, നമ്മുടെ പാപം കഴുകുന്ന ഉറവ, പാപത്തിന്റേയും അകൃത്യത്തിന്റേയും മാലിന്യത്തിന്റേയും പരിഹാരമായി നമ്മുടെ മേൽ ഒഴുകുന്ന ജീവന്റെ നീരുറവ. അതിനെക്കുറിച്ച് സെഖര്യാവ് വീണ്ടും പറയുന്നു.

"ഞാൻ ദാവീദു ഗൃഹത്തിന്മേലും യെരൂശലേം നിവാസികളുടെ മേലും കൃപയുടേയും യാചനകളുടേയും ആത്മാവിനെ പകരും, തങ്ങൾ കുത്തീട്ടുള്ളവങ്കലേക്കു അവർ നോക്കും, ഏകജാതനെക്കുറിച്ചു വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വിലപിക്കും, ആദ്യജാതനെക്കുറിച്ച് വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വ്യസനിക്കും."

*സെഖര്യാ. 12:10*

അങ്ങിനെ പാപബോധത്തോടെ, അകൃത്യബോധത്തോടെ, കുറ്റബോധവും എളിമയും അരിഷ്ടതയും ഹൃദയത്തിൽ വന്ന് നിലവിളിക്കുമ്പോൾ "പാപത്തിന്റേയും മാലിന്യത്തിന്റേയും പരിഹാരത്തിനായി ഒരു ഉറവ തുറന്നിരിക്കും"

ഈ അത്ഭുതകരമായ ജീവന്റെ ഉറവയുടെ സൗഖ്യം നാം പ്രാപിച്ചിട്ടുണ്ടോ? ആ ഉറവയിൽ നിന്ന് നാം കുടിച്ചിട്ടുണ്ടോ? ആ ഉറവയിൽ നാം കുളിച്ചിട്ടുണ്ടോ? നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ ശാപവും, പാപവും മാറ്റുന്ന ജീവന്റെ ഉറവയിൽ നാം നമ്മെത്തന്നെ സമർപ്പിച്ചിട്ടുണ്ടോ? ഇപ്പോൾത്തന്നെ ക്രിസ്തുവിന്റെ ജീവ ഉറവയുടെ അടുക്കലേക്ക് അണഞ്ഞു കൊണ്ട് അവനോട് യാചിപ്പിൻ:

നാഥാ, എന്നെ വിശുദ്ധീകരിക്കണമേ, എന്നെ കഴുകണമേ.

ജീവനുള്ള ക്രിസ്തുവിന്റെ ഉറവയുടെ മുമ്പാകെ നാം എത്തിയിരിക്കുകയാണ്. ആ തിരു രക്തം, കഴുകുന്ന തിരുരക്തം, ഏതു കഠോര പാപവും കഴുകി വിശുദ്ധീകരിക്കുന്ന തിരുരക്തം, ഇപ്പോൾ ഗുണകരമായി സംസാരിക്കുകയാണ്.

ആ ഉറവയിൽ നിന്ന് നമുക്ക് കുടിക്കാം, നമുക്ക് കുളിക്കാം,

നമുക്ക് ജീവൻ പ്രാപിക്കാം, നമുക്ക് കഴുകൽ പ്രാപിക്കാം.

സ്നേഹിതരേ, അക്വാ റീജിയാ -Aqua regia- എന്ന ഒരു ലായനിയെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? ഒരു ഭാഗം നൈട്രിക് ആസിഡും മൂന്നു ഭാഗം ഹൈഡ്രോക്ലോറിക് ആസിഡും ചേർന്ന അക്വ റീജിയ എന്ന സൊലൂഷനിൽ സ്വർണ്ണം അലിഞ്ഞു പോകും. മറ്റൊന്നിലും അലിയാത്ത സ്വർണ്ണം അക്വാ റീജിയായിൽ അലിഞ്ഞു പോകും.

പാപം അലിയുന്ന ഒരു ലായനിയും ഭൂമിയിൽ ഇല്ല. എന്നാൽ പാപം അലിഞ്ഞലിഞ്ഞ് ഒലിച്ചുപോകുന്ന ഒരു ഉറവയുണ്ട്, അത് കർത്താവായ യേശുക്രിസ്തുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ ജീവ ഉറവയാണ്. ഇപ്പോൾ നാം ആ ഉറവയുടെ അരികിലാണ് നിൽക്കുന്നത് എന്ന് വിശ്വസിച്ചുകൊണ്ട്, നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം.

ഒരു പുതിയ ജീവിതത്തിനുള്ള തീരുമാനമെടുക്കാം.

> "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും നോക്കി നമ്മെ ശുദ്ധീകരിക്കുന്നു"
>
> *യോഹ 1:7*

നമുക്ക് വരാം ആ ഉറവയിലേക്ക്, നമുക്ക് സമർപ്പിക്കാം. ഇന്നു മുതൽ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും എന്ന് തീരുമാനിക്കാം.

> "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായിത്തീർന്നിരിക്കുന്നു, അതിന്നൊക്കെയും ദൈവം തന്നെ കാരണഭൂതൻ"
>
> *2 കൊരി. 5.17*

നമുക്ക് കഴുകൽ പ്രാപിക്കാം.

Incarnation ആയി വന്ന, തിരു അവതാരം ചെയ്ത ക്രിസ്തുവിന്റെ അരികിൽ നിന്ന് Irritation പ്രാപിച്ചുകൊണ്ട്, Irrigation അനുഭവിച്ച് നമുക്ക് വിശുദ്ധന്മാരായി മാറാം.

കാരുണ്യവാനേ, അവിടുത്തെ കൃപയാൽ ഞാൻ ഇതാ എന്നെത്തന്നെ സമർപ്പിക്കുന്നു. കണ്ണു കുരുടനു കാഴ്ചകൊടുത്ത അരുമനാഥാ എന്നെ സത്യവെളിച്ചത്തിലേക്ക് നയിക്കണമേ. എന്റെ പാപക്കറകൾ കഴുകണമേ, നാഥാ, എന്നെ അനുഗ്രഹിക്കണമേ.

# എട്ട്

“അവൻ പോയി കഴുകി, കണ്ണുകാണുന്നവനായി മടങ്ങിവന്നു“

*യോഹ 9.7*

അവന് ഇപ്പോൾ കണ്ണിൽ വെളിച്ചം കിട്ടി. ദീപക്കാഴ്ച - Illumination കിട്ടി. അവന്റെ കണ്ണിനു പ്രകാശം കിട്ടി. അവൻ പോയി കഴുകി കണ്ണുകാണുന്നവനായി മടങ്ങിവന്നു.

കഴുകൽ പ്രാപിച്ചാൽ Illumination കിട്ടും; വെളിച്ചം കിട്ടും. ഇതുവായിക്കുമ്പോൾത്തന്നെ നിന്റെ ഇരുളടഞ്ഞ ഹൃദയത്തിലേക്ക്, നിന്റെ അന്തരാത്മാവിലേക്ക് വെളിച്ചം കടന്നുവരട്ടെ.

ഇന്ന് അനേകരുടെ ഹൃദയം അടഞ്ഞു കിടക്കുന്ന വീടുപോലെയാണ്. നാളുകളായി ആ വീടിന്റെ വാതിലുകളും, ജനലുകളും അടച്ചിട്ടിരിക്കുകയാണ്.

അത് നിങ്ങളുടെ വീടാണ്. അത് നിങ്ങളുടെ ഹൃദയത്തിന്റെ നിദർശനമാണ്. അത് നിങ്ങളുടെ ഹൃദയത്തിന്റെ പ്രതീകമാണ്.

ആ വിട് നിങ്ങൾ തുറന്നപ്പോഴേക്കും അതിനകത്തുനിന്ന് ഇര മ്പലുകൾ കേൾക്കാം; ചീവീടുകളുടെ ശബ്ദം, പാമ്പുകളുടെ സീൽക്കാരം, തേളുകളുടെ ഞരക്കം, ഭീകര ജീവികളുടെ മുരള ലുകൾ. നിങ്ങൾ അമ്പരപ്പോടുകൂടെ അതിനകത്തു കടന്ന് ജന ലുകളും വാതിലുകളുമെല്ലാം തുറന്നു. ഇതാ നരിച്ചീറുകൾ പറ ന്നുപോകുന്നു, പാമ്പുകൾ വേഗം ഇഴഞ്ഞകലുന്നു. തേളുകൾ ഓടി അകലുന്നു, ചീവീടുകൾ പൊത്തുകളിൽ ഒളിക്കുന്നു, അവിടം മുഴുവൻ പുകപടലം പിടിച്ചിരിക്കുന്നതുപോലെ, എല്ലാം മാറാല കെട്ടിക്കിടക്കുന്നു. പ്രിയരെ, ഇതു നിങ്ങളുടെ ഹൃദയ ത്തിന്റെ അവസ്ഥയാണ്.

പാമ്പുകളുടെ ആവാസം, തേളുകളുടെ വിഹാരരംഗം, അതി നകം ചീവീടുകളും, നരിച്ചീറുകളും, വവ്വാലുകളും നിറഞ്ഞിരി ക്കുന്നു. അതിനകത്ത് ഹിംസ്രജീവികൾ ഉണ്ട്. അതിനകത്ത് വിഷ ജീവികൾ ഉണ്ട്. അതിനകത്ത് എല്ലാ അപകടങ്ങളും നിറഞ്ഞു നിൽക്കുന്നു.

അനേകരുടെ ഹൃദയം ഇതുപോലെയാണ്. അനേകരുടെ ജീവതം ഇതുപോലെയാണ്. അവിടെ ഒരു വിളക്ക് നിങ്ങൾ കത്തി ച്ചുവെച്ചു നോക്കൂ. ആ വെളിച്ചം കാണുമ്പോൾ എല്ലാ ഭീകര ജീവികളും എല്ലാ വിഷജീവികളും എല്ലാമെല്ലാം ഓടിയും പറന്നും അകലുന്നു. കുറച്ചുനേരം ആ വിളക്ക് അവിടെ കത്തി ച്ചുവെച്ചപ്പോഴേക്കും, അതിനകം പ്രകാശമാനമായപ്പോഴേക്കും, പിന്നെ ആ ദുഷ്ടജീവികൾക്ക് അവിടെ ഇടമില്ല. അവയെല്ലാം പറന്നും ഓടിയും ഇഴഞ്ഞും അകലുന്നു.

മകനെ, നിന്റെ ഹൃദയത്തിന്റെ ചിത്രം നിത്യനായ ദൈവം വരച്ചു കാണിച്ചു തരികയാണ്. വെളിച്ചം നിന്റെ ഹൃദയത്തിലേക്ക് കടന്നാൽ എല്ലാ ദുഷ്ട ജീവികളും ഓടി അകലും. നിന്റെ ഹൃദ യത്തിൽ വെളിച്ചം – Illumination - ഉദിക്കട്ടെ, ജീവിതം പ്രകാശ പൂരിതമാകട്ടെ, ശോഭിതമാകട്ടെ, നീതിയിൻ സൂര്യൻ നിന്റെ ഹൃദ

യത്തിൽ ഉദിക്കട്ടെ. ക്രിസ്തുവിന്റെ അലൗകീക പ്രകാശം, അഭൗമപ്രകാശം നിന്റെ ഹൃദയത്തിൽ ഉദിക്കട്ടെ, അവിടം മുഴുവനും ശോഭിക്കട്ടെ, അവിടം മുഴുവൻ ധന്യമാകട്ടെ. അവിടം അനുഗൃഹീതമാകട്ടെ, ക്രിസ്തുവിന്റെ അലൗകീക ദിവ്യ ദീപ്തി അവിടം പ്രശോഭിതമാക്കട്ടെ. നാളുകൾ ,നാളുകൾ അടഞ്ഞു കിടന്ന ഹൃദയങ്ങൾ തുറന്നു വരട്ടെ. കർത്താവ് ഒരിക്കൽ ഒരു യൗവ്വനക്കാരനെ നോക്കി പറഞ്ഞു.

> "കുറുനരികൾക്ക് കുഴിയും ആകാശത്തിലെ പറവജാതിക്കു കൂടും ഉണ്ട്, മനുഷ്യപുത്രനോ തല ചായിപ്പാൻ സ്ഥലമില്ല"
>
> *ലൂക്കോ. 9:58*

കുറുനരികൾ മാളങ്ങളിൽ പാർക്കുന്നുണ്ട്. നിന്റെ ഹൃദയത്തിൽ കുറുനരികൾക്കുള്ള മാളങ്ങൾ, ഒളിവിടങ്ങൾ ഉണ്ട്. കുറുനരി ഒളിച്ചു പാർക്കുന്ന കൗശലക്കാരൻ, കുബുദ്ധി, തന്ത്രശാലി, ഉപായി, സൂത്രവും കൗശലവും ഉപായവും കൈവശമുള്ളവൻ, അനേകമനേകം സൂത്രവിദ്യകളാൽ പലരേയും കെണിയിൽ ആക്കിയവൻ. പ്രിയമുള്ളവരേ, ചിന്തിച്ചു നോക്കൂ, കുറുനരിക്ക് നിന്റെ ഹൃദയത്തിൽ മാളം ഉണ്ടായിരുന്നില്ലേ? ആകാശത്തിലെ പറവജാതിക്ക് നിന്റെ ഹൃദയത്തിൽ കൂടുണ്ടായിരുന്നില്ലേ? പക്ഷെ മനുഷ്യപുത്രന്നു തല ചായ്പാൻ, മകനെ, നിന്റെ ഹൃദയത്തിൽ ഇടമില്ലായിരുന്നല്ലോ?

ആകാശത്തിലെ പറവ ജാതി എന്നത് പൈശാചീക സൈന്യത്തിന്റെ പ്രതീകമാണ്, ദുരാത്മാക്കളുടെ പ്രതീകമാണ്. നിന്റെ ഹൃദയത്തിന്റെ അവസ്ഥ എന്താണ്? യിരെമ്യാ പ്രവാചകൻ എന്തു പറയുന്നു എന്നു നോക്കാം.

> "ഹൃദയം എല്ലാറ്റിനേക്കാളും കപടവും വിഷമവുമുള്ളത്"
>
> *യിരെമ്യാവു. 17:9*

കപടഹൃദയം, വിഷമയമായ പ്രകൃതി, തന്ത്രവും, കൗശലവും, സൂത്രവും, ഉപായവും തിങ്ങിയതാണ്. ഭാവാഭിനയങ്ങൾ തിങ്ങിയതാണ്, അന്യനെ കബളിപ്പിക്കുന്ന സൂത്രങ്ങൾ, അന്യനെ ഉപദ്രവിക്കുന്ന, അന്യനുകെണിവെയ്ക്കുന്ന, അനേകമനേകം ദുഷ്ടചിന്തകളും ദുഷ്ടലാക്കുകളും കുടി പാർക്കുന്നതാണ്.

അവിടം Illuminated ആകട്ടെ; ക്രിസ്തുവിന്റെ പ്രകാശം ഉദിക്കട്ടെ, നീതിയിൽ സൂര്യൻ അവിടെ ഉദിക്കട്ടെ. സൂര്യ പ്രകാശം വന്നുദിക്കുമ്പോൾ ദുഷ്ടജീവികൾ എല്ലാം ഓടി അകലും.

നിന്റെ ഹൃദയം അങ്ങിനെ സംശുദ്ധമാകാൻ നിനക്ക് ആഗ്രഹമുണ്ടോ? നിന്റെ ഹൃദയം വെളിവുള്ളതാകാൻ നിനക്ക് ആഗ്രഹമുണ്ടോ? നിന്റെ ജീവിതത്തിൽ ഒരു മാനസാന്തരംവരാൻ നിനക്ക് താൽപര്യം ഉണ്ടോ ?

ക്രിസ്തു ഉദിക്കുന്നു, ദിവ്യപ്രകാശം ഉദിക്കുന്നു, നല്ല വെളിച്ചം ഉദിക്കുന്നു.

കാർഡിനൽ ന്യൂമാൻ ഇങ്ങനെ പാടി:

“ വെളിച്ചമേ നയിച്ചാലും ” - Lead Kindly Light-

കർത്താവേ, വെളിച്ചമായ യേശുവേ, എന്നെ നയിക്കണമേ, സത്യദീപമേ എന്നെ നയിക്കണമേ, സത്യപ്രകാശമേ എന്നെ നയിക്കണമേ, ഇരുൾ എന്നെ വലയം ചെയ്യുന്നു.

ദൈവ പൈതലേ, ജീവന്റെ പ്രകാശത്തിൽ ഉല്ലസിച്ച് ആനന്ദിപ്പാൻ നിനക്ക് ആഗ്രഹമുണ്ടോ? നിത്യസമാധാനം നിന്റെ ഹൃദയത്തിൽ പുലരുവാൻ നിനക്ക് താൽപ്പര്യമുണ്ടോ? ക്രിസ്തുവിന്റെ ദിവ്യജിവന്റെ അത്ഭുതപ്രകാശം നിന്റെ ഹൃദയത്തിൽ ഉദിക്കുവാൻ നിനക്കു താല്പര്യം ഉണ്ടോ?

പാപത്തോട് യാത്രപറയുവിൻ, ദുരാത്മാക്കൾ ഇറങ്ങി മാറട്ടെ, ദുർഭൂതങ്ങൾ അകലെപോകട്ടെ, ദുരാത്മ ശാപങ്ങൾ നീങ്ങിപ്പോ കട്ടെ. സകല ഭൂതപ്രേതവേതാളകേളികളും നിന്നിൽ നിന്ന് മാറി യിട്ട് നിന്റെ ഹൃദയം സംശുദ്ധമാകട്ടെ. ഹൃദയത്തിലെ സകല ദുഷ്ടചിന്തകളും ദുരാഗ്രഹങ്ങളും ദുർമ്മോഹങ്ങളും ഹീനവി ചാരങ്ങളും മ്ലേച്ഛവികാരങ്ങളും എല്ലാം നിന്റെ ഹൃദയത്തിൽ നിന്ന് മാറിപ്പോകട്ടെ, നിന്റെ ഹൃദയം സംശുദ്ധമാകട്ടെ. ജീവന്റെ വെളിച്ചം ഉല്ലസിക്കട്ടെ.

ദൈവ പൈതലേ, എത്രയോ ജീവിതങ്ങൾ യേശുവിന്റെ വെളിച്ചം പ്രാപിച്ചു. Illuminated ആയി. ജോൺ മിൽട്ടൻ നാല്പ താമത്തെ വയസ്സിൽ അന്ധനായി. പക്ഷെ അദ്ദേഹം ഉള്ളത്തിൽ ക്രിസ്തുവിന്റെ വെളിച്ചം പ്രാപിച്ചു. അദ്ദേഹം അന്ധനായതിനു ശേഷം അതിവിശ്രുതമായ, ലോകോത്തരമായ, വിശ്വേതിഹാസ മായ Paradise Lost-പറുദീസ നഷ്ടം, Paradise Regained- പറു ദീസ തിരികെ കിട്ടി – എന്നീ പുസ്തകങ്ങളെഴുതി.

ടോൾസ്റ്റോയി ക്രിസ്തുവിന്റെ ദിവ്യ വെളിച്ചം ഉള്ളത്തിൽ ഉൾക്കൊണ്ടു. ടോൾസ്റ്റോയിയുടെ നോവലുകളും കഥകളും എല്ലാം സാഹിത്യപ്രതിഭയുടെ അനശ്വരലാവണ്യം തിങ്ങുന്ന തായ, അനുഭൂതി മധുരമായ ജീവന്റെ വെളിച്ചം ഉൾക്കൊള്ളു ന്നവ ആയിരുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ വെളിച്ചം ഉള്ളിൽ വന്ന അനേകമനേകം കവികളും, കലാകാരന്മാരും, സാഹിത്യകാരന്മാരും ജീവന്റെ വെളിച്ചത്തിൽ ഉല്ലസിച്ചിട്ടുണ്ട്. ഡാന്റേ എന്ന ഒരു സുപ്രസിദ്ധ ഇറ്റാലിയൻ കവി ഉണ്ടായിരുന്നു. അദ്ദേഹം എഴുതിയതാണ് Divine Comedy. അതിന്റെ പിന്നിലെ പ്രേരകശക്തി ക്രിസ്തുവിന്റെ ദിവ്യ വെളിച്ചമാണ്. പരദേശിമോ ക്ഷയാത്ര–Pilgrims Progress - എഴുതിയ ജോൺ ബനിയൻ കാരാ ഗൃഹത്തിൽ കഠിനമായ യാതനയുടേയും പീഡയുടേയും, ഞെരു

ക്കത്തിന്റേയും കഠോരമായ ശോധനയുടേയും നിഴൽപ്പാടിൽ ഇരുന്നുകൊണ്ട്, ക്രിസ്തുവിന്റെ ജീവന്റെ വെളിച്ചം ഉള്ളത്തിൽ പ്രാപിച്ചു കൊണ്ട്, ഈ പുസ്തകം എഴുതി.

ദൈവപൈതലേ, നിനക്കും കിട്ടും Illumination, ഇന്ന് ഈ വാക്കുകളെ വായിക്കുമ്പോൾ ജീവന്റെ പ്രകാശമായ ക്രിസ്തുവിനോട് നീ ഒരു വാക്ക് പറയുമോ?

കർത്താവേ, എന്റെ അന്ധകാരം നിറഞ്ഞ ഹൃദയത്തിൽ നീ സത്യവെളിച്ചമായി ഇരിക്കണമേ, എന്റെ ഇരുൾ അടഞ്ഞ ജീവിതത്തിൽ Illumination നൽകണമേ, പ്രകാശം പരത്തണമേ, എന്നെ അനുഗ്രഹിക്കണമേ.

കരുണയുള്ള കർത്താവേ, സത്യവെളിച്ചമായ യേശുവേ, എന്റെ അന്ധകാരം നിറഞ്ഞ ഹൃദയത്തിൽ, പാപം നിറഞ്ഞ ജീവീതത്തിൽ, വിഷമയമായ ജീവിതത്തിൽ അവിടന്ന് ഇറങ്ങി വന്ന് എന്നെ വിശുദ്ധീകരിച്ച്, നിന്റെ ദിവ്യവെളിച്ചംകൊണ്ട് എന്നെ പ്രശോഭിപ്പിക്കണമേ.

> “അയൽക്കാരും അവനെ മുമ്പെ ഇരക്കുന്നവനായി കണ്ടവരും; ഇവനല്ലയോ അവിടെ ഇരുന്ന് ഭിക്ഷ യാചിച്ചവൻ എന്നു പറഞ്ഞു. അവൻ തന്നേ എന്നു ചിലരും അല്ല, അവനെപ്പോലെയുള്ളവൻ എന്നു മറ്റു ചിലരും പറഞ്ഞു, ഞാൻ തന്നേ എന്നു അവൻ പറഞ്ഞു“
>
> *യോഹ 9 : 8-9*

ഇപ്പോൾ വലിയ ഒരു പ്രശ്നം. അവനു കണ്ണു കാഴ്ച കിട്ടി. ഇവനായിരുന്നോ ആ കുരുടൻ? ചിലർ ചേദിക്കുകയാണ്. വാസ്തവത്തിൽ ആ അന്ധനായ യാചകൻ ഇവൻ തന്നെയായിരുന്നുവോ? അതാണ് അവരുടെ ചോദ്യം. അവനാണെങ്കിൽ ഇവന്

എങ്ങിനെയാണ് കാഴ്ച ലഭിച്ചത്? അതാണ് അവരുടെ ചിന്താ വിഷയം.

ഒന്ന് : Incarnation

രണ്ട് : Irritation

മൂന്ന് : Irrigation

നാല് : Illumination

അഞ്ച് : Identification

അവനെ തിരിച്ചറിയുന്നു – Identification - അവന് കണ്ണു കാഴ്ച കൊടുത്തവൻ ആരാണ്?

ചിലർ ചിന്തിക്കുന്നു. രണ്ടു ചോദ്യങ്ങൾ ഇപ്പോൾ പൊങ്ങി വരികയാണ്.

ഒന്ന് : ഇവൻ ആയിരുന്നോ ആ കുരുടനായ യാചകൻ?

രണ്ട് : അവന് ആരാണ് കാഴ്ചകൊടുത്തത്?

യോഹന്നാന്റെ സുവിശേഷം ഒൻപതാം അദ്ധ്യായം തുടർന്ന് വായിക്കുമ്പോൾ അവിടെയെല്ലാം ഇതു പോലെയുള്ള ചോദ്യ ങ്ങൾ കാണുവാൻ സാധിക്കും.

പള്ളി പ്രമാണിമാർ, ദേവാലയത്തിലെ മുഖ്യന്മാർ, സന്നിദ്രിം സംഘത്തിലെ അംഗങ്ങൾ, പരീശ പ്രമാണികൾ, ശാസ്ത്രിമാ രായ വേദവിജ്ഞാനികൾ എല്ലാവരുടേയും ഒരു വലിയ ചോദ്യം – ഇവനായിരുന്നോ ആ കുരുടനായ യാചകൻ? എങ്കിൽ ഇവന് കണ്ണുകാഴ്ച കൊടുത്തതാര്? ഈ ചോദ്യത്തെ ചുറ്റിപ്പറ്റിയുള്ള ഒരു വലിയ Conflict - തർക്കവിതർക്കങ്ങൾ – തുടർന്ന് നാം നാലു സ്ഥലങ്ങളിൽ വായിക്കുകയാണ്.

ഒന്ന്: നിന്റെ കണ്ണ് തുറന്നതെങ്ങനെ? യോഹ. 9:10
രണ്ട്: അവൻ കാഴ്ച പ്രാപിച്ചതെങ്ങനെ? യോഹ. 9:15
മൂന്ന്: എന്നാൽ അവന്നു ഇപ്പോൾ
കണ്ണു കാണുന്നതെങ്ങനെ? യോഹ. 9:19
നാല്: നിന്റെ കണ്ണു എങ്ങിനെ തുറന്നു? യോഹ. 9:26

നാലുപ്രാവശ്യം ചോദ്യങ്ങൾ. സൗഖ്യം പ്രാപിച്ചു എന്ന മനോഹരമായ, മധുരോദാരമായ സത്യം സന്തോഷസമേതം കൈക്കൊണ്ടാൽ മതിയായിരുന്നല്ലോ. ഇത്രയും നാൾ, ജനിച്ച അന്നുമുതൽ, ഈ പ്രകൃതി കണ്ടിട്ടില്ലാത്ത സാധുവായ മനുഷ്യൻ ഇപ്പോൾ കാഴ്ചയുള്ളവനായിത്തീർന്നു. അവന് അത്ഭുതമായ സൗഖ്യം കിട്ടി. കണ്ണില്ലാതെയിരുന്നവന്ന് കണ്ണുകിട്ടി, കാഴ്ചയില്ലാതെയിരുന്നവന്നു കാഴ്ചകിട്ടി. സന്തോഷിച്ചാൽ മതിയായിരുന്നു.

പക്ഷെ, അവൻ തിരിച്ചറിയപ്പെട്ടത് - Identification വലിയ ചോദ്യങ്ങൾക്ക് കാരണമായിത്തീർന്നു. ചിന്താക്കുഴപ്പത്തിനു കാരണമായിത്തീർന്നു. വലിയ പ്രശ്നങ്ങൾക്ക് കാരണമായിത്തീർന്നു. ദേവാലയത്തിൽ ഒരു വലിയ ആലോചനയ്ക്കും, തുടർന്ന് പല നടപടികൾക്കും അത് കാരണമായിത്തീർന്നു.

ലാസറിനെ കർത്താവ് ഉയർപ്പിച്ച സംഭവത്തിൽ ഇതേ പ്രശ്നം തന്നെ പള്ളി പ്രമാണിമാർക്കിടയിൽ വരുന്നുണ്ട്.

> "അവൻ ഹേതുവായി അനേകം യഹൂദന്മാർ ചെന്ന് യേശുവിൽ വിശ്വസിക്കയാൽ ലാസറേയും കൊല്ലേണം എന്ന് മഹാപുരോഹിതന്മാർ ആലോചിച്ചു."
>
> *യോഹ. 12-11*

കഷ്ടം, മരിച്ചുപോയ ഒരു മനുഷ്യൻ ഉയർത്തെഴുന്നേറ്റതിൽ സന്തോഷിച്ചാൽ മതിയായിരുന്നല്ലോ. പക്ഷെ ഈ ലാസറിനെ

കൊല്ലേണം, അല്ലെങ്കിൽ യേശുവിൽ ജനം വിശ്വസിച്ചുപോകും.

"മഹാപുരോഹിതന്മാരും പരീശന്മാരും സംഘം കൂടി: നാം എന്തു ചെയ്യേണ്ടു? ഈ മനുഷ്യൻ വളരെ അടയാളങ്ങൾ ചെയ്യുന്നുവല്ലോ. അവനെ ഇങ്ങനെ വിട്ടേച്ചാൽ എല്ലാവരും അവനിൽ വിശ്വസിക്കും; റോമക്കാരും വന്ന് നമ്മുടെ സ്ഥലത്തേയും ജന ത്തെയും എടുത്തു കളയും എന്നു പറഞ്ഞു."

*യോഹ. 11 : 47–48*

കുരുടൻ കാഴ്ച പ്രാപിച്ചപ്പോൾ വളരെയേറെ ആഹ്ലാദം പൂണ്ട് ആരവാരത്തോടെ ദൈവത്തെ മഹത്വപ്പെടുത്തുവാനും സ്തുതികരേറ്റുവാനും സാധിക്കേണ്ടതാണ്. എന്നാൽ സ്തുതി മുഴങ്ങേണ്ട ദേവാലയത്തിൽ തർക്ക വിതർക്കങ്ങളാണ്, ചർച്ചക ളാണ്.

ചോദ്യങ്ങളുടെ മേൽ ചോദ്യങ്ങൾ. എങ്ങിനെയെന്നും ആര് എന്നും അവർ ചോദിക്കരുതായിരുന്നു. അവരുടെ ഹൃദയത്തിൽ ഒരു ചിന്തമാത്രം മതിയായിരുന്നു. ഭാഗ്യം, ഒരു അരിഷ്ടനും ദു:ഖി തനും യാചകനും അന്ധനുമായ ഒരു സാധുവിന് കാഴ്ച ലഭി ച്ചല്ലോ, അതുമതി.

എക്കാലത്തും മാനസാന്തരത്തെത്തുടർന്ന് പ്രകോപനങ്ങൾ ഉണ്ടാകാറുണ്ട്. മന:പരിവർത്തനത്തെ തുടർന്ന് കുടുംബത്തിൽ പ്രശ്നം ഉണ്ടാകാറുണ്ട്. സ്വന്തം വീട്ടിൽത്തന്നെ പ്രശ്നങ്ങൾ ഉണ്ടാകും. സ്വന്തം സമൂഹത്തിൽ പ്രശ്നങ്ങൾ ഉണ്ടാകും. സ്വന്തം സമുദായത്തിലും സഭയിലും പ്രശ്നങ്ങൾ ഉണ്ടാകാം. സ്വന്തം കൂട്ടായ്മയിൽ പ്രശ്നങ്ങൾ ഉണ്ടാകാം.

എന്തുകൊണ്ട്? ക്രിസ്തുവിന്റെ ജീവൻ ഒരാളിൽ പ്രവേശി ക്കുമ്പോൾ അന്ധകാര ശക്തിക്ക് അത് സഹിക്കാൻ സാധിക്കു ന്നതല്ല.

ഏദൻ തോട്ടത്തിന്റെ സന്തോഷ സമൃദ്ധമായ സമാധാനാന്തരീക്ഷത്തിലേക്ക് കടന്നുചെന്ന് ദൈവത്തിന്റെ മോഹന സൃഷ്ടിയായ മനുഷ്യന്റെ ശാന്തി കെടുത്തിയ പൈശാചിക ശക്തി അന്നു മുതൽ ഇന്നയോളം മനുഷ്യനെ നശിപ്പിക്കുവാനും, അവനെ അറപ്പാനും, മുടിപ്പാനും, മോഷ്ടിക്കുവാനും, അവനെ തകർത്ത് ഇല്ലായ്മ ചെയ്യുവാനും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നിത്യാന്ധകാരത്തിന്റെ ഭീകരമായ ദണ്ഡനത്തിലേക്ക് മനുഷ്യനെ നയിച്ചുകൊണ്ടു പോകുവാൻ  അന്ധകാരശക്തി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യ നരകത്തിന്റെ ഭീകരമായ കെടുതിയിലേക്കും ദണ്ഡനത്തിലേക്കും തീപ്പൊയ്കയിലേക്കും മനുഷ്യനെ ആനയിച്ചുകൊണ്ടുപോകുവാൻ സാത്താന്യശക്തി അവിരാമം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ദൈവപൈതലേ, ദുരാത്മാവിന്റെ വലകളിൽ നീ കുടുങ്ങല്ലേ, സാത്താന്റെ ചെയ്തികൾക്ക് നീ നിന്നെത്തന്നെ വിട്ടുകൊടുക്കല്ലേ. പൈശാചികന്റെ ഒരു ഏജന്റായി പ്രവർത്തിപ്പാൻ നീ നിന്നെത്തന്നെ വിട്ടുകൊടുക്കല്ലെ. സാത്താന്റെ ഒരു ദൂതനായി വസിപ്പാൻ നീ നിന്നെത്തന്നെ വിട്ടുകൊടുക്കാതിരുന്നാൽ നന്ന്.

ആ പാവപ്പെട്ട കുരുടൻ സാക്ഷിച്ചു. ഞാൻ തന്നെയാണ് കുരുടനായിരുന്ന ഞാൻ, ഞാൻ അന്ധനായിരുന്നു. ഞാൻ കണ്ണുകാഴ്ചയില്ലാത്തവനായിരുന്നു. ഞാൻ യാചകനായിരുന്നു. മറ്റുള്ളവരുടെ സഹായം കൊണ്ടു മാത്രം നടക്കുന്നവൻ ആയിരുന്നു. മറ്റുള്ളവരുടെ തുണകൊണ്ടുമാത്രമാണ് ഇതുവരെ ജീവിച്ചത്. ഞാനൊരു അഗതിയായിരുന്നു, ഞാൻ അനാഥനായിരുന്നു, ഞാൻ ആരോരുമില്ലാത്തവനായിരുന്നു. ഞാൻ തന്നേ ആ കുരുടൻ എന്നു അവൻ പറഞ്ഞു.

സ്നേഹിതാ, ഇന്നു ഈ വാക്കുകളെ വായിക്കുമ്പോൾ ഞാൻ കുരുടനായിരുന്നു, ഇപ്പോൾ കണ്ണുകാണുന്നു എന്നു പറയുവാൻ തക്കവണ്ണം അന്ധകാരത്തിൽ നിന്ന് മോചനം പ്രാപിക്കുവാൻ നിനക്ക് താല്പര്യമുണ്ടോ? പാപത്തിന്റെ ഭീകരമായ കെടുതികളിൽ നിന്ന് മോചനം പ്രാപിച്ചു സത്യവെളിച്ചമായ ക്രിസ്തുവിന്റെ സ്നേഹത്തിൽ ഉല്ലസിപ്പാൻ നിനക്ക് കൊതിയുണ്ടോ?

ക്രിസ്തുവിന്റെ സ്നേഹത്തിൽ ഉല്ലസിക്കുക! നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ദൈവരാജ്യത്തിന്റെ നിത്യപദവിയിലേക്ക് കടന്നുചെല്ലുക; സ്വർഗ്ഗത്തിന്റെ പൗരത്വം സമ്പാദിക്കുക, ജീവന്റെ ഉടയവനായ ക്രിസ്തുവിന്റെ അരുമ മണവാട്ടിയായി മാറുക, ക്രിസ്തുവിന്റെ ശിഷ്യനായിത്തീരുക, ക്രിസ്തുവിന്റെ ദാസനായിത്തീരുക, ക്രിസ്തുവിന്റെ ദാസിയായിത്തീരുക, ക്രിസ്തുവിന്റെ അരുമ പൈതലായി മാറുക, ക്രിസ്തുവിന്റെ സ്നേഹിതനായി മാറുക, ക്രിസ്തുവിന്റെ ശ്രേഷ്ഠ പുരുഷനായി മാറുക, ക്രിസ്തുവിന്റെ പ്രിയ പുരുഷനായി മാറുക.

സ്നേഹിതരേ, അത് എന്തൊരു ഭാഗ്യ പദവിയാണ്. അബ്രഹാം ദൈവത്തിന്റെ സ്നേഹിതൻ എന്നുവിളിക്കപ്പെട്ടു. മോശ ദൈവത്തിന്റെ വിശ്വസ്ത പുരുഷൻ എന്നു വിളിക്കപ്പെട്ടു. നോഹ ആ തലമുറയിൽ നീതിമാൻ എന്നു വിളിക്കപ്പെട്ടു. ദാവീദ് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്നു വിളിക്കപ്പെട്ടു. ദാനിയേൽ ഏറ്റവും പ്രിയപുരുഷൻ എന്നു വിളിക്കപ്പെട്ടു. ദൈവജനമേ, ദൈവത്തിന്റെ പ്രിയപുരുഷനാകാൻ നിങ്ങൾക്ക് താൽപ്പര്യമുണ്ടോ? ദൈവത്തിന്റെ സ്നേഹിതനാകാൻ നിങ്ങൾക്ക് താൽപര്യമുണ്ടോ? ഈ തലമുറയിൽ ഒരു നീതിമാനാകാൻ താൽപ്പര്യമുണ്ടോ?

ഈ തലമുറയിൽ നീ ഒരു നീതിമാനായി നിൽക്കുക. ഒരു

വിശുദ്ധ പുരുഷനായി നിൽക്കുക. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഒരു മനുഷ്യനായി നിൽക്കുക. എനിക്ക് ബോധിച്ച പുരുഷൻ എന്ന് ദൈവം നിന്നെക്കുറിച്ച് പറയുവാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ? എന്റെ ഗൃഹത്തിൽ ഒക്കെയും വിശ്വസ്തൻ എന്ന് മോശയെക്കുറിച്ച് പറഞ്ഞതുപോലെ ഒരു വിശ്വസ്ത പുരുഷൻ എന്നു പറയപ്പെടാൻ നിനക്ക് ആഗ്രഹമുണ്ടോ? ദാനീയേലിനെപ്പോലെ എനിക്ക് ഏറ്റവും പ്രിയപുരുഷൻ, ഭയപ്പെടേണ്ട, നിനക്കു സമാധാനം, ബലപ്പെട്ടിരിക്ക, ബലപ്പെട്ടിരിക്ക എന്നുപറയുന്ന ദൈവ വചനം കേൾപ്പാൻ നിങ്ങൾക്ക് താൽപ്പര്യമുണ്ടോ? എങ്കിൽ ഇപ്പോൾത്തന്നെ സമർപ്പിച്ചുകൊൾക. ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കൂ.

- Identification - നീ തിരിച്ചറിയപ്പെടുന്നു. നല്ലത്, ദൈവത്തിന്റെ കൃപയാൽ പ്രകാശം പ്രാപിച്ചു – Illuminated- ആയി, Identified ആയി, ദൈവത്തിന്റെ സാക്ഷിയാകുന്നത് എന്തു ഭാഗ്യം. നമുക്ക് സമർപ്പിക്കാം.

കർത്താവെ, നിന്റെ സാക്ഷിയായി എഴുന്നേൽക്കാൻ എനിക്കു ഭാഗ്യം തരണമെ, നിന്റെ വിശ്വസ്ത പുരുഷനാകാൻ എനിക്കു ഭാഗ്യം തരണമേ, നീ തന്ന വെളിച്ചവും വെളിവും, അനേകർക്ക് പ്രദാനം ചെയ് വാൻ എനിക്ക് ഭാഗ്യം തരണമേ.

## ഒൻപത്

"അവൻ തന്നെ എന്നു ചിലരും അല്ല, അവനെപ്പോലെയുള്ളവൻ എന്നു മറ്റു ചിലരും പറഞ്ഞു, ഞാൻ തന്നേ എന്നു അവൻ പറഞ്ഞു. അവർ അവനോട്: നിന്റെ കണ്ണു തുറന്നതെങ്ങനെ എന്നു ചോദിച്ചതിന്നു അവൻ: യേശു എന്നുപേരുള്ള മനുഷ്യൻ ചേറുണ്ടാക്കി എന്റെ കണ്ണിന്മേൽ പൂശി: ശിലോഹാം കുളത്തിൽ ചെന്നു കഴുകുക എന്നു എന്നോടു പറഞ്ഞു, ഞാൻ പോയി കഴുകി കാഴ്ച പ്രാപിച്ചു എന്നു ഉത്തരം പറഞ്ഞു."

*യോഹ 9: 9–11*

കണ്ണു കാഴ്ചകിട്ടിയ ആ മനുഷ്യൻ വലിയ ചോദ്യങ്ങളെ നേരിടേണ്ടിവരികയാണ്, വലിയ പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടിവരികയാണ്. ആളുകൾ വലിയ ചിന്താക്കുഴപ്പത്തിൽ ആയിരിക്കുകയാണ്. ഇവൻ തന്നെയോ ആ ഭിക്ഷയാചിച്ചുകൊണ്ടിരുന്ന കുരുടനായ മനുഷ്യൻ, എങ്കിൽ ഇവനു കാഴ്ച കിട്ടി

യത് എങ്ങനെ? അവർ ചോദ്യങ്ങൾ തുടരെ തുടരെ അവന്റെ മുൻപിൽ ചോദിച്ചു കൊണ്ട് നിൽക്കുകയാണ്. അവൻ പറഞ്ഞു.

> "യേശു എന്നു പേരുള്ള മനുഷ്യൻ ചേറുണ്ടാക്കി എന്റെ കണ്ണിന്മേൽ പൂശി: ശിലോഹാം കുളത്തിൽ ചെന്ന് കഴുകുക എന്ന് എന്നോടു പറഞ്ഞു. ഞാൻ പോയി കഴുകി കാഴ്ച പ്രാപിച്ചു."
>
> *യോഹ. 9:11*

യേശു എന്നുപേരുള്ള മനുഷ്യൻ! അവന് രോഗസൗഖ്യം കിട്ടി. സത്യം, പക്ഷെ അവൻ യേശുവിനെ അറിയേണ്ടതുപോലെ അറിഞ്ഞില്ല. അവന്റെ അന്തരാത്മാവിൽ വെളിവുണ്ടായില്ല. ശരീരത്തിനു വെളിവുണ്ടായി. ശരീരത്തിനു സൗഖ്യംകിട്ടി. കണ്ണിനു കാഴ്ചകിട്ടി. പക്ഷെ അന്തരാത്മാവിൽ വെളിവുണ്ടാകുക എന്നത് മറ്റൊരു അത്ഭുത പ്രതിഭാസമാണ്.

യേശു ആരെന്ന് തിരിച്ചറിയുന്ന ആന്തരീക വെളിവ്! യേശുവിനെ ഒരു മനുഷ്യനായി മാത്രമേ അവൻ കാണുന്നുള്ളൂ. യേശുവിനെ സാക്ഷാൽ ദൈവമായി അവൻ കാണുന്നില്ല.

ജീവനുള്ള ദൈവം ഭൂമിയിൽ ഒതുങ്ങി നിൽക്കുന്നവൻ എന്നും, ഭൂമിയിൽ സഞ്ചരിക്കുന്നവൻ എന്നും, സ്വർഗ്ഗത്തിലെ ദൈവം ആളത്വമായി ഇറങ്ങി വന്നിരിക്കുന്നു എന്നും, സൃഷ്ടാവിന്റെ അൽഭുത കരമാണ് ചേറുണ്ടാക്കി എന്റെ കണ്ണിന്മേൽ പൂശിയതെന്നും അവന് മനസ്സിലായില്ല. പുറമെയുള്ള കണ്ണു തുറന്നു, പക്ഷെ ആത്മാവിന്റെ കണ്ണു തുറന്നില്ല.

പ്രിയപ്പെട്ടവരേ, നമ്മിൽ അനേകർക്കു വിദ്യാഭ്യാസം ഉണ്ട്, നല്ല ശാസ്ത്രബോധമുണ്ട്, നല്ല ബുദ്ധി വൈഭവമുണ്ട്, നല്ല കാര്യക്ഷമതയുണ്ട്, നല്ല പ്രവർത്തന നൈപുണ്യമുണ്ട്, നല്ല പ്രവർത്തന പാരമ്പര്യമുണ്ട്, നല്ല കഴിവും നല്ല മികവും നല്ല

തികവും ഉണ്ട്. എന്നാൽ ആന്തരീക കണ്ണു തുറന്നു കിട്ടുക എന്നു ള്ളത് ഒരു അത്ഭുതകരമായ സംഭവമാണ്. മഹാത്ഭുത പ്രതി ഭാസം – A wonderful phenomenon-

ഇന്ന് ഈ വാക്കുകളെ വായിക്കുമ്പോൾത്തന്നെ ഒരു നിമിഷം കർത്താവിനോട് പറയണം. കർത്താവേ, എന്റെ ആന്ത രീക കണ്ണു ഒന്നു തുറന്നു തരേണമേ, യേശുവിനെ ദിവ്യ പുരു ഷനായി, സാക്ഷാൽ ദൈവപുത്രനായി കാണുവാൻ, എന്റെ രക്ഷ കനായി, എന്റെ ഉടയവനായി, എന്റെ ഇടയനായി, എന്റെ രക്ഷ കർത്താവായി, എന്റെ നാഥനായി, എന്റെ സൃഷ്ടാവായി, എന്റെ വീണ്ടെടുപ്പുകാരനായി കാണുവാൻ എനിക്കു വെളിവു തരണമേ.

കർത്താവേ, യേശുവിനെ കാണേണ്ടതുപോലെ കാണുവാൻ എനിക്കു വെളിവു നൽകണമേ, യേശുവിനെ അറിയേണ്ടതു പോലെ അറിയുവാൻ എനിക്കു വെളിവു നൽകണമേ, അതാണ് സാക്ഷാലുള്ള സുബോധം.

Barclay പറഞ്ഞു: രണ്ടു വെളിപാടുകൾ - Revelations- ഉണ്ട്!

ഒന്ന്: Revelation of self- എന്നെത്തന്നെ കാണുക.

രണ്ട്: Revelation of God- ദൈവത്തെ കാണുക.

ഞാൻ ആര് എന്ന് അറിയുക, ദൈവം ആര് എന്നറിയുക. ഞാൻ എങ്ങനെയുള്ളവൻ എന്ന് അറിയുക, ദൈവം എങ്ങനെ യുള്ളവൻ എന്നറിയുക. എന്നെത്തന്നെ അറിയുക, ദൈവത്തെ അറിയുക, ഓരോരുത്തർക്കും ഈ രണ്ടു വെളിപാടുകൾ കിട്ടണം.

കൂടാതെ ചിന്തകന്മാർ പറഞ്ഞു, മന:ശാസ്ത്ര വിശാരദന്മാർ പറഞ്ഞു, മനുഷ്യർ ഓരോരുത്തരും മൂന്നു വ്യക്തിത്വം ഉള്ളവ രാണ് എന്ന്.

ഒന്ന്: എന്നെത്തന്നെ കാണുന്ന ഞാൻ

രണ്ട്: മറ്റുള്ളവർ എന്നെ കാണുന്ന ഞാൻ

മൂന്ന്: സാക്ഷാലുള്ള ഞാൻ.

ഞാൻ എന്നെക്കുറിച്ച് കാണുന്നത് ഒരു വിധത്തിൽ, മറ്റുള്ളവർ എന്നെ കാണുന്നത് വേറൊരുവിധത്തിൽ, എന്നാൽ സാക്ഷാൽ ആയിരിക്കുന്ന ഞാൻ മറ്റൊരുവിധത്തിൽ.

സാക്ഷാൽ ഞാൻ ആയിരിക്കുന്ന പ്രകാരം എന്നെത്തന്നെ കാണുന്നതാണ് സാക്ഷാലുള്ള വെളിപ്പാട്, സാക്ഷാലുള്ള വെളിച്ചം. അത് ആത്മാവിന്റെ വെളിച്ചമാണ്. ആ വെളിച്ചം വരുമ്പോൾ നാം താഴും, ആ വെളിച്ചം കിട്ടിയാൽ നാം എളിമപ്പെടും, ആ വെളിച്ചം കിട്ടുമ്പോഴേക്കും നാം തല വണക്കും.

സർവ്വോന്നതനായ, സർവ്വ വല്ലഭനായ, സർവ്വശക്തനായ, സർവ്വവ്യാപിയായ, സർവ്വ ജഗന്നിയന്താവായ, സർവ്വത്തിന്റേയും, ഉടയവനും ഉടമസ്ഥനുമായ, ആദിയും അന്തവുമില്ലാത്ത - Biginningless beginning and the endless end എന്നു പറയുന്ന ആദിയില്ലാത്ത ആദിയും, അന്തമില്ലാത്ത അന്തവുമാകുന്ന, അല്ഫയും ഓമേഗയും ആകുന്ന, ആദിയും അന്തവുമാകുന്ന സാക്ഷാൽ ദൈവത്തെ തിരിച്ചറിയാൻ സാധിക്കുന്നത് ഞാനാരാണെന്ന് എന്നെത്തന്നെ കാണുമ്പോഴാണ്. അപ്പോഴാണ് ദൈവത്തെ തിരിച്ചറിയുന്നത്.

ആ മനുഷ്യൻ ക്രിസ്തുവിനെ അറിഞ്ഞില്ല. "യേശു എന്നു പേരുള്ള മനുഷ്യൻ" എന്നാണ് അവൻ പറയുന്നത്.

> "ആദി മുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ച്"
>
> *1 യോഹ. 1:1*

യേശു പൂർണ്ണ മനുഷ്യനാണെന്ന് അനുഭവിച്ചു. ക്രിസ്തു പൂർണ്ണ മനുഷ്യനാണ് എന്ന് തിരിച്ചറിഞ്ഞു. യോഹന്നാന്റെ സുവിശേഷത്തിൽ കുറഞ്ഞത് പന്ത്രണ്ടു പ്രാവശ്യം യേശുവിനെ മനുഷ്യൻ എന്നു പറയുന്നുണ്ട്!

യോഹന്നാന്റെ ഒന്നാമത്തെ ലേഖനം ആദ്യത്തെ നാലു വാക്യങ്ങൾ ഉങ്ങനെ വായിക്കുന്നു.

> "ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്തകണ്ണു കൊണ്ട് കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ചു - ജീവൻ പ്രത്യക്ഷമായി, ഞങ്ങൾ കണ്ട് സാക്ഷീകരിക്കുകയും പിതാവിനോടു കൂടെയിരുന്ന് ഞങ്ങൾക്ക് പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോട് അറിയിക്കയും ചെയ്യുന്നു - ഞങ്ങൾ കണ്ടും കേട്ടുമുള്ളത് നിങ്ങൾക്ക് ഞങ്ങളോട് കൂട്ടായ്മ ഉണ്ടാകേണ്ടതിന്നു നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. നമ്മുടെ സന്തോഷം പൂർണ്ണമാകുവാൻ ഞങ്ങൾ ഇതു നിങ്ങൾക്ക് എഴുതുന്നു"
>
> *1 യോഹ. 1 : 1-4*

ഞങ്ങൾ കേട്ടത് - അത് ആദിമുതലുള്ളതായ ക്രിസ്തു.

സ്വന്ത കണ്ണുകൊണ്ട് കണ്ടത് - ക്രിസ്തുവിനെ ഞങ്ങൾ നേരിട്ടു കണ്ടു.

ഞങ്ങൾ നോക്കിയത് - ഞങ്ങൾ നേരെ അഭിമുഖമായി നോക്കിയിരുന്നു.

ഞങ്ങളുടെ കൈ തൊട്ടത് – ഞങ്ങൾ ക്രിസ്തുവിനെ തൊട്ടറിഞ്ഞു.

ജീവന്റെ വചനം – പ്രത്യക്ഷമായ ജീവന്റെ വചനം

പ്രിയപ്പെട്ടവരേ, നമുക്ക് ഈ അനുഭവം ഉണ്ടോ? നാം ദൈവത്തിന്റെ വചനം കേട്ടോ? വചനം കേട്ടുകഴിഞ്ഞപ്പോൾ നമുക്ക് സ്വന്ത കണ്ണുകൊണ്ട് കാണുന്നതുപോലെ അനുഭൂതി ലഭിച്ചോ? നാം അവനെ നോക്കി ഇരുന്നുപോയോ? നമ്മുടെ കൈ അവനെ തൊട്ടോ? അവനെ തൊട്ടവർക്കൊക്കെയും സൗഖ്യം വന്നു.

നിത്യജീവനായ ക്രിസ്തുവിനെ നേരിട്ടു കാണുന്നു, തൊടുന്നു, അറിയുന്നു, നോക്കുന്നു, അവന്റെ തിരുശബ്ദം കേൾക്കുന്നു.

സ്നേഹിതാ, ഇന്നു നിനക്കുവേണമോ ഈ യേശുവിനെ? തൊടാൻ പാകത്തിന് അടുത്തു കിട്ടിയിട്ടുണ്ട്. നിനക്ക് അവനെ തൊടാം, അവന്റെ പാദം തൊടാം, അവന്റെ പാദത്തിൽ വീഴാം. അവന്റെ പാദത്തിൽ ആ പാപിനിയായ സ്ത്രീയെപ്പോലെ ഏങ്ങലടിച്ചു കരഞ്ഞുകൊണ്ട്, പാപത്തെ ഓർത്ത് കരഞ്ഞുകൊണ്ട് അവന്റെ പാദം കെട്ടിപ്പിടിച്ചു കരയാം, കണ്ണുനീരുകൊണ്ട് അവന്റെ പാദം നനയ്ക്കാം. നിന്റെ ഹൃദയത്തിൽ യേശുവിനെ സ്വീകരിച്ചുകൊണ്ട്, അവനെ നിന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് നോക്കി നോക്കി ഇരിക്കാം.

> "അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി,
> അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല."
>
> *സങ്കീ : 34-5*

അവനെ കാണുക, അവനെ നോക്കുക, അവനെതൊടുക, അവനെ അറിയുക, അവനെ ആരാധിക്കുക.

അതൊരു ഭാഗ്യമാണ്, ഭാഗ്യപദവിയാണ്, നമുക്ക് അത് തുട ങ്ങണ്ടേ? യേശുവിനെ സ്വീകരിക്കൂ, യേശുവിനോട് വാക്കുപറയൂ.

നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക. യേശുവേ, ഇതു വരെ ഞാൻ നിന്നെ അറിഞ്ഞില്ല. നിന്നെ തിരിച്ചറിഞ്ഞില്ല - നമുക്ക് സമർപ്പിക്കാം, യേശുവിനോട് വാക്കു പറയാം.

നാഥാ, സ്വർഗ്ഗീയ ദൂതുകൾക്കായി സ്തോത്രം. നിന്നെ തൊടുവാനും, നോക്കുവാനും, കാണുവാനും, അറിയുവാനും കർത്താവേ, നിന്റെ തിരുശബ്ദം കേൾപ്പാനും ഞങ്ങൾക്കുതന്ന ഭാഗ്യത്തിനായി സ്തോത്രം -

# പത്ത്

"അവൻ എവിടെ എന്നു അവർ അവരോടു ചോദിച്ചതിന്നു ഞാൻ അറിയുന്നില്ല എന്നു അവൻ പറഞ്ഞു"

*യോഹ. 9-12*

യേശു അവിടെനിന്ന് മാറിപ്പോയിരുന്നു. അവൻ എവിടെ എന്ന് കണ്ണു കാഴ്ച കിട്ടിയ മനുഷ്യനോട് യഹൂദന്മാർ ചോദിച്ചു. യേശു എവിടെ എന്ന് അവർ അന്വേഷിച്ചു. കണ്ണു കാഴ്ച ലഭിച്ച മനുഷ്യൻ യേശു എവിടെപോയി എന്ന് അറിഞ്ഞില്ല. അവൻ യേശുവിനെ അനുഗമിച്ചില്ല. യേശുവിനോടുള്ള നന്ദികൊണ്ട് അവന്റെ ഉള്ള് നിറഞ്ഞില്ല. യേശു ആരെന്ന് അവൻ തിരിച്ചറിഞ്ഞില്ല. 'യേശു എന്നു പേരുള്ള ഒരു മനുഷ്യൻ' എന്നേ അവൻ അറിഞ്ഞുള്ളൂ.

യേശുവിനെ തിരിച്ചറിഞ്ഞാൽ നാം അവനെ അനുഗമിച്ചു പോകും. യേശു ആര് എന്നറിഞ്ഞാൽ കേവലം മനുഷ്യനല്ല, യേശു സാക്ഷാൽ ദൈവം എന്നു നീ അറിഞ്ഞാൽ, നിന്റെ ശരീരത്തിന്നു സൗഖ്യം തരികമാത്രമല്ല, ആത്മാവിനു നിത്യ ജീവൻ

നൽകുന്നവൻ എന്ന് അറിഞ്ഞാൽ, അവൻ സ്വർഗ്ഗം ചായിച്ച് ഭൂമിയിലേക്ക് ഇറങ്ങി വന്ന നിത്യനായ ദൈവം എന്നറിഞ്ഞാൽ നീ അവനെ അനുഗമിച്ചുപോകും.

യേശു ആഗ്രഹിക്കുന്നത് യേശുവിനെ അനുഗമിക്കുന്ന ഒരാ ളായി നീ മാറണം എന്നാണ്. യേശുവിനെ അനുഗമിക്കുക, യേശുവിന്റെ അനുയായി ആകുക, യേശുവിന്റെ ശിഷ്യനാകുക എന്നതൊരു ഭാഗ്യ പദവിയാണ് . അത്യുന്നതന്റെ ശിഷ്യനാകുക, യേശുവിന്റെ ദാസനാകുക, യേശുവിന്റെ സാക്ഷിയാകുക, യേശു വിന്റെ പ്രിയൻ ആകുക, യേശുവിനെ അനുഗമിക്കുന്നവനാകുക. നമുക്ക് ഈ ഭാഗ്യം നേടി എടുക്കണം.

യേശുവിനെ നമുക്ക് അനുഗമിക്കണം.

അപ്പോൾ ഓർത്തുകൊള്ളണം, അവൻ പോയ പാത കുരി ശിന്റെ പാതയാണ്, അത് മനുഷ്യർ നിന്ദിക്കുന്ന പാതയാണ്, മനുഷ്യർ വെറുക്കുന്ന പാതയാണ്, മനുഷ്യർ അറപ്പോടെ കാണുന്ന പാതയാണ്, മനുഷ്യർ നിന്നെ തുച്ഛീകരിക്കുന്ന പാത യാണ്, മനുഷ്യർ നിന്നെ ആക്ഷേപിക്കുന്ന പാതയാണ്, യേശു പോയ പാത പിൻതുടരുവാൻ അവൻ നമുക്ക് ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.

> "ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭ വിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരു വാൻ ഒരു മാതൃക വെച്ചേച്ചുപോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ട് ഭീഷണം പറയാതെയും ന്യായമായി വിധിക്കു ന്നവങ്കൽ കാര്യം ഭരമേൽപിക്കയത്രേ ചെയ്തത്."
>
> *1 പത്രോസ് 2 : 21–23*

അവന്റെ അനുയായി ആകണമെങ്കിൽ, നീ പാപം വിടണം, അവൻ പാപം ചെയ്തിട്ടില്ല, അവന്റെ അനുയായി ആകണമെങ്കിൽ നീ അവന്റെ സ്വഭാവം പ്രാപിക്കണം. അവന്റെ പിറകെ അന്ത്യത്തോളം പോകണമെങ്കിൽ ദൈവപൈതലേ, അവന്റെ നിന്ദ നീ ഏറ്റെടുക്കുവാൻ തയ്യാറാകണം.

അവൻ പോയ വഴി ആക്ഷേപത്തിന്റെ വഴിയാണ്, അത് കുരിശിന്റെ വഴിയാണ്. "No crown without a cross"കുരിശില്ലാതെ കിരീടമില്ല. “No blessing without a bleeding", അനുഗ്രഹം വേണമോ, രക്തച്ചൊരിച്ചിൽ വേണം. “No pain no gain"

Pain എടുക്കാൻ മനസ്സുണ്ടോ? ദുരിതം അനുഭവിക്കാൻ മനസ്സുണ്ടോ? ഒറ്റപ്പെടാൻ മനസ്സുണ്ടോ? നീ തഴയപ്പെടാൻ മനസ്സുണ്ടോ? നിന്റെ പേര് വിടക്ക് എന്ന് യേശുവിന്റെ നാമത്തിൽ നിന്നെ ദുഷിക്കുമ്പോൾ, തള്ളുമ്പോൾ നിരാശവരാതെ, ദു:ഖം വരാതെ, പുഞ്ചിരിയോടെ, അതൊരു പദവി എന്നോർത്ത് ഏറ്റെടുക്കാൻ നിനക്ക് മനസ്സുണ്ടോ? എങ്കിൽ ദൈവപൈതലേ നിനക്ക് ക്രിസ്തുവിന്റെ അനുയായി ആകാം.

അവൻ എവിടെ എന്ന് സൗഖ്യം പ്രാപിച്ച മനുഷ്യൻ അറിഞ്ഞില്ല. എന്നാൽ നമ്മുടെ നാഥൻ എവിടെ എന്ന് നമുക്ക് അറിയണം.

“യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?”

*മത്തായി. 2:2*

വിദ്വാൻമാർ അന്വേഷിച്ചു, അവർ കണ്ടെത്തി. അവർ ബേത്‌ലഹേം പുൽക്കൂട്ടിൽ ഉണ്ണിയേശുവിനെ കണ്ടെത്തി. രാജകുമാരനെ കണ്ടെത്തി.

മകനേ, നിനക്കും യാത്ര പുറപ്പെടാം. യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? അവൻ എവിടെയാണ്, അന്വേഷിച്ചിറങ്ങാം.

അവൻ ബേത്‌ലഹേമിലെ പുൽക്കൂട്ടിൽ, അവൻ യോർദ്ദാൻ ആറ്റിന്റെ വക്കിൽ, അവൻ യോഹന്നാൻ സ്നാപകന്റെ മുൻപിൽ, അവൻ യെറീഹോവിന്റെ തെരുവിൽ, അവൻ സക്കായിയുടെ ഭവനത്തിൽ, അവർ കപ്പർന്നഹൂമിലെ സമനിലത്തിൽ, അവൻ ശീമോൻ പത്രോസിന്റെ അമ്മാവിയമ്മ ജ്വരം പിടിച്ചു പനിച്ചു വിറച്ചു കിടക്കുന്ന സാധു സ്ത്രീയുടെ അരികത്ത്, അവൻ ബേഥാന്യയിലെ ചെറു ഭവനത്തിൽ, ലാസറിന്റെ കല്ലറയ്ക്കൽ, അവൻ കാനാവിലെ കല്യാണവീട്ടിൽ, അവൻ കുഴഞ്ഞിരിക്കുന്ന, ദുരിതപ്പെട്ടു വലഞ്ഞിരിക്കുന്നവരുടെ ഭവനത്തിൽ, അവൻ ബേത്സെയ്ദായിലെ മലഞ്ചെരുവിൽ, അവൻ വിശന്നു പൊരിയുന്ന അയ്യായിരങ്ങളുടെ നടുവിൽ, അവൻ യെരൂശലേം ദേവാലയത്തിൽ, അവൻ ഒലിവു മലയുടെ ചെരിവിൽ ഗുഹയ്ക്കകത്ത്, അവൻ എവിടെയാണ്? നമുക്ക് സൂക്ഷിച്ചു നോക്കാം, നമുക്ക് അവനെ കാണാം, അവൻ ഗദരദേശത്ത് ആറായിരം ഭൂതങ്ങൾ ബാധിച്ച, ലെഗ്യോൻ ബാധിച്ച, മനുഷ്യന്റെ അരികത്ത് നിൽക്കുന്നു.

അവൻ എവിടെയാണ്? ദുഖം എവിടെയുണ്ടോ, ദുരിതം എവിടെയുണ്ടോ, ദാഹം എവിടെയുണ്ടോ, ആവശ്യം എവിടെയുണ്ടോ, അവിടെ അവൻ ഓടിയെത്തും. അവിടെ അവൻ പാഞ്ഞണയും, അവൻ ആശ്വാസം പകരും, അവൻ ആശ്വാസം വിതറും, ദുഖതപ്തരായി, വലയുന്നവരായി, ക്ലേശിക്കുന്നവരായി, പ്രശ്നങ്ങളിൽപ്പെട്ട് ഉഴലുന്നവരായി, വേദനകളിൽ ഞരങ്ങുന്നവരായി, ആരെല്ലാം എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം അവൻ ഓടിയെത്തും.

അവൻ ഇപ്പോൾ മകനേ, നിന്റെ അരികത്തേക്കു വന്നിട്ടുണ്ട്. മകളേ, നിന്റെ സമീപത്ത് നിൽക്കുന്നുണ്ട്, ഇപ്പോൾത്തന്നേ അവന്റെ പാദത്തിൽ നീ വീഴുക. അവനെ നീ ദൈവമായി കാണുക. അവനോട് നീ വാക്കു പറയുക.

നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക, ഇന്നു മുതൽ ഞാൻ നിന്റെ ശിഷ്യൻ, ഇന്നു മുതൽ ഞാൻ നിന്റെ അനുയായി. നീയോ സാക്ഷാൽ ദൈവപുത്രൻ.

അവൻ എവിടെയാണ്? അവനിതാ ഗെത്ത് ശേമൻ തോട്ടത്തിൽ പാറമേൽ കമിഴ്ന്നു വീണു കരയുന്നു, അവൻ ഏങ്ങലടിക്കുന്നു, അവന്റെ രക്തം വിയർപ്പു തുള്ളികളെപ്പോലെ പുറത്തു തുള്ളിച്ചു വരുന്നു, അവൻ എവിടെയാണ്? അവൻ പീലാത്തോസിന്റെ അരമനയിൽ, അവൻ ഹന്നാവിന്റെ വിസ്താരരംഗത്ത്, കയ്യാഫാവിന്റെ വിസ്താരരംഗത്ത്, ഹേരോദാവിന്റെ വിസ്താരരംഗത്ത്, വിസ്തരിക്കപ്പെടാൻ വീണ്ടും പീലാത്തോസിന്റെ അരമനയിൽ.

അവൻ എവിടെയാണ്? അവനിതാ കുരിശും ചുമന്നുകൊണ്ട് ഗോഗുൽത്തായിലേക്കുള്ള വഴിയിൽ.

യെരൂശലേം തെരുവിൽക്കൂടെ കുരിശും ചുമന്നുകൊണ്ട്, പാളയത്തിന്നപ്പുറത്ത്, യെരൂശലേം നഗരത്തിനു പുറത്ത്, വെളിംപ്രദേശത്ത്, കാൽവരിക്കുന്നിലേക്ക് അവൻ കയറിപ്പോകുന്നു.

അവൻ എവിടെയാണ്? അവനിതാ കുരിശിന്മേൽ മൂന്നാണികളിൽ തൂങ്ങിക്കിടക്കുന്നു. അവനിതാ രണ്ടു വശത്തും രണ്ടു കള്ളന്മാരുടെ നടുവിൽ, ഭീകരന്മാരുടെ നടുവിൽ, കൊള്ളക്കാരുടെ നടുവിൽ, മോഷ്ടാക്കളുടെ നടുവിൽ, കൊലപാതകികളുടെ നടുവിൽ, ഇതാ യേശു ഹീന മനുഷ്യരുടെ നടുവിൽ!

അവൻ എവിടെയാണ്? അവനിതാ കുരിശിന്മേൽ തല ചായ്ച്ച് കിടക്കുന്നു.

അവൻ എവിടെയാണ്? അവൻ അരിമത്യക്കാരൻ യൗസേഫിന്റെ കല്ലറയിൽ, അവനിതാ മരിച്ചുകിടക്കുകയാണ്.

തീർന്നില്ല, അവൻ എവിടെയാണ്? അവനിതാ എന്റെ ചങ്കിൽ, ദൈവപൈതലേ, നിനക്കിത് പറയുവാൻ കഴിയുമോ? മകളേ, നിനക്കിത് പറയുവാൻ കഴിയുമോ? എന്റെ ഹൃദയത്തിൽ അവൻ ഉണ്ട്, എവിടെയാണ് അവൻ വസിക്കുന്നത്, ഇന്ന് അവൻ ഇവിടെയുണ്ട്. ഇതു പറയുവാൻ നിനക്കു കഴിയുമോ? എങ്കിൽ നിങ്ങൾ രക്ഷപ്പെട്ടു. നിങ്ങളുടെ നിത്യത ശോഭനമായി, നിത്യ സ്വർഗ്ഗം നിങ്ങൾക്ക് കരഗതമായി. നിത്യസൗഭാഗ്യം നിങ്ങൾക്കു ലഭിച്ചു. നിങ്ങൾ നിത്യജീവന്റെ ഉടമകളായി.

യേശു നിന്റെ ഹൃദയത്തിലേക്ക് എഴുന്നെള്ളി വരട്ടെ. ഗോഗുൽത്തായിലെ കുരിശിൽ മരിച്ചവൻ, അരിമത്യക്കാരൻ യൗസേഫിന്റെ കല്ലറയിൽ കിടന്നവൻ, അവനിപ്പോൾ നിന്റെ ഹൃദയത്തിൽ ഉയർത്തെഴുന്നേറ്റു  ജീവിക്കട്ടെ. അവൻ അവിടെ സിംഹാസനമിട്ടു വാഴട്ടെ. അവൻ നിന്നെ നടത്തട്ടെ, അവൻ നിന്നെ നിയന്ത്രിക്കട്ടെ, അവൻ നിന്റെ നാഥനും കർത്താവും ആയിത്തീരട്ടെ. അവനായി ജീവിതം സമർപ്പിക്കുവിൻ. നമുക്കു പ്രാർത്ഥിക്കാം.

രക്ഷകാ, വാഴ്ത്തപ്പെട്ട കർത്താവേ, അവിടത്തെ ദിവ്യദൂതുകൾക്കായിസ്തോത്രം. സ്വർഗ്ഗീയ വചനങ്ങൾക്കായി സ്തോത്രം. എന്നെ പുതിയ സൃഷ്ടിയാക്കി രൂപാന്തരപ്പെടുത്തണമേ.

# പതിനൊന്ന്

"കുരുടനായിരുന്നവനെ അവർ പരീശന്മാരുടെ അടുക്കൽ കൊണ്ടുപോയി. യേശു ചേറുണ്ടാക്കി അവന്റെ കണ്ണു തുറന്നത് ശബ്ബത്ത് നാളിൽ ആയിരുന്നു. അവൻ കാഴ്ച പ്രാപിച്ചത് എങ്ങിനെ എന്ന് പരീശന്മാരും അവരോടു ചോദിച്ചു: അവൻ അവരോട്: അവൻ എന്റെ കണ്ണിന്മേൽ ചേറു തേച്ചു ഞാൻ കഴുകി; കാഴ്ച പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞു. പരീശന്മാരിൽ ചിലർ: ഈ മനുഷ്യൻ ശബ്ബത്ത് പ്രമാണിക്കായ്കകൊണ്ട് ദൈവത്തിന്റെ അടുക്കൽ നിന്നു വന്നവനല്ല എന്നു പറഞ്ഞു."

*യോഹന്നാൻ 9 : 13-16*

കുരുടനായിരുന്നവനെ അവർ പരീശന്മാരുടെ അടുക്കൽ കൊണ്ടുപോയി. എപ്പോഴും ലോകത്ത് രണ്ടു ശക്തികളുണ്ട്. ഒന്ന്: ക്രിസ്തു സഹിതർ, രണ്ട്: ക്രിസ്തു രഹിതർ.

സാധു സുന്ദർസിംഗിന്റെ പ്രസിദ്ധമായ ഒരു പുസ്തകം

ഉണ്ട്. അതിന്റെ പേര് “With and Without Christ"- എന്നാണ്. ക്രിസ്തു ഉള്ളവരും ക്രിസ്തു ഇല്ലാത്തവരും, ക്രിസ്തു സഹിതരും ക്രിസ്തു രഹിതരും, രണ്ടേ രണ്ടു കൂട്ടർ.

ക്രിസ്തുവിനെ മാനിക്കുന്ന ഒരു ന്യൂനപക്ഷം. ക്രിസ്തുവിനെ നിഷേധിക്കുകയും ത്യജിക്കുകയും ചെയ്യുന്ന ഒരു ബഹുഭൂരിപക്ഷം.

ഒന്ന് ജീവന്റെ വഴി, മറ്റൊന്ന് മരണത്തിന്റെ വഴി

ഒന്ന് അനുഗ്രഹത്തിന്റെ വഴി, മറ്റൊന്ന് ശാപത്തിന്റെ വഴി

ഒന്ന് നിത്യജീവങ്കലേക്കുള്ള വഴി, മറ്റൊന്ന് നിത്യനരകത്തിലേക്കുള്ള വഴി

ഒന്ന് നന്മയുടെ വഴി മറ്റൊന്ന് തിന്മയുടെ വഴി

ഒന്ന് സ്വർഗ്ഗത്തിലേക്കുള്ള വഴി, മറ്റൊന്ന് നരകത്തിലേക്കുള്ള വഴി

പിതാക്കന്മാർ ഇങ്ങനെ പാടി

“ജീവകരം മൃതികരമെന്നേവം-
കണ്ടിരുസരണികൾ സഹദേന്മാർ,
നൂതനമാം ജീവിതമാർജ്ജിപ്പാൻ
ദുർഘടമാർഗ്ഗം കാംക്ഷിച്ചാർ
ദുഷ്ടാത്മാവൊടു പടവെട്ടി-
ജയമോടേറിപ്പറയുന്നു
ആവശ്യക്കാർക്കാശ്രയവും
ഭക്തന്മാർക്കനുഗാമിയുമാം
കർത്താവിൻ നാമം ധന്യം”

ജീവന്റെ വഴിയും മരണത്തിന്റെ വഴിയും – അങ്ങനെ രണ്ടു വഴികൾ – രണ്ടു സരണികൾ വിശുദ്ധന്മാർ കണ്ടു. ജീവന്റെ

വഴിയിൽ വിശുദ്ധന്മാർ പോയി. മരണത്തിന്റെ വഴിയെ പോകുന്നവർ ധാരാളം പേരുണ്ട്.

സുപ്രസിദ്ധ  മലയാള കവിയായ ശ്രീ.എൻ.എൻ. കക്കാട് എഴുതിയ ഒരു കാവ്യ ഗ്രന്ഥമാണ് "സഫലമീ യാത്ര". ആ കാവ്യ ഗ്രന്ഥത്തിൽ ധർമ്മവൃക്ഷം എന്ന ഒരു കവിതയുണ്ട്. അതിൽ രണ്ടു തരം വൃക്ഷങ്ങളെക്കുറിച്ചു പറയുന്നുണ്ട്. ഈ വൃക്ഷത്തെക്കുറിച്ചുള്ള ആശയം മഹാഭാരതത്തിൽ നിന്ന് നിഷ്പന്നമായതാണ്. മഹാഭാരതത്തെക്കുറിച്ച് വ്യാസമുനിതന്നെ പറയും:

"യദിഹാസ്തി തദന്യത്ര
യന്നേഹാസ്തി നകർഹിചിത് "

ഇതിലുള്ളതെല്ലാം മറ്റെങ്ങുമുണ്ട്, മറ്റെങ്ങുമുള്ളതെല്ലാം ഇതിലുണ്ട്. ഇതിലില്ലാത്തത് മറ്റൊരിടത്തും കാണുകയില്ല എന്നാണ് വ്യാസമുനി പറഞ്ഞത്. അതിൽ നിന്ന് എടുത്തതാണ് ഈ ധർമ്മവൃക്ഷത്തെക്കുറിച്ചുള്ള ആശയം.

രണ്ടു തരം വൃക്ഷത്തെക്കുറിച്ച് പറയുന്നുണ്ട്.

ഒന്ന്: ധർമ്മ വൃക്ഷം - അത് ശോഷിച്ചു ശോഷിച്ചു പോകുന്നു

രണ്ട്: അധർമ്മ വൃക്ഷം - അത് ശാഖോപശാഖകളായി തഴച്ചു വളരുന്നു.

ധർമ്മത്തിന് ശോഷണം സംഭവിച്ച് അത് ഉണങ്ങിപ്പോകുന്നു. അധർമ്മമോ തഴച്ചുവളർന്ന് വലുതായിത്തീരുന്നു. ഈ ആശയം നന്മയുടേയും തിന്മയുടേയും മുമ്പോട്ടുള്ള പ്രയാണത്തിന്റെ വ്യക്തമായ ഒരു ചിത്രീകരണമാണ്. നന്മയുടെ വശം തളരുന്നു. തിന്മയുടെ വശം വളരുന്നു.

പാവം കുരുടനായ മനുഷ്യന് കണ്ണു കാഴ്ച കിട്ടി, അപ്പോൾ പരീശന്മാർ ഇളകി; പള്ളി പ്രമാണിമാർ ഇളകി; അവർ ആലോചനയായി. കണ്ണു കാഴ്ചകിട്ടിയവനെ അവർ അന്വേഷിക്കുന്നു, അവരുടെ അടുക്കലേക്ക് ആനയിക്കുകയാണ്.

പാവം! അവിടെ ഭിക്ഷയാചിച്ചുകൊണ്ടിരുന്നപ്പോൾ അവൻ എവിടത്തുകാരനാണെന്നോ, അവന്റെ മാതാപിതാക്കൾ ആരാണെന്നോ, അവന്റെ വീട് എവിടെയാണെന്നോ, അവന്റെ വീട്ടുപേർ എന്തെന്നോ ഒന്നും തിരക്കാൻ ആളുകളില്ലായിരുന്നു. പക്ഷെ അവനു കാഴ്ച കിട്ടിയപ്പോൾ അവനെക്കുറിച്ച് പരീശന്മാരും, പള്ളിപ്രമാണിമാരുമെല്ലാം അന്വേഷിക്കാൻ തുടങ്ങി. നോക്കൂ! എക്കാലത്തും ഉള്ള ചരിത്രത്തിന്റെ അനവദ്യ മോഹനമായ ഒരു ചിത്രീകരണം.

ഒരാൾ മാനസാന്തരപ്പെട്ടു കഴിഞ്ഞാൽ ഉടനെ അവൻ ഒരു ചോദ്യചിഹ്നമായി, സമൂഹം അവനെ പഴിചാരുകയായി, സമൂഹം അവനെ ഒറ്റപ്പെടുത്തുകയായി. ഒരാൾക്ക് ഒരു സത്യവെളിവുകിട്ടിയാൽ അനേകർ അവനെ ചോദ്യം ചെയ്യുകയായി. അനേകർ അവനിൽ കുറ്റം കണ്ടെത്താൻ നോക്കുകയായി.

അവൻ യെരൂശലേം ദേവാലയത്തിന് എതിരാണ്, അവൻ ദേവാലയത്തിന്റെ പ്രമാണങ്ങൾക്ക് എതിരാണ്; അവൻ ദേവാലയത്തിന്റെ മഹാപുരോഹിതന്മാർക്ക് എതിരാണ്. എന്നിങ്ങനെയുള്ള ആരോപണങ്ങൾ അവന്റെ നേരെ തെറുത്തുയർത്തി അവനെ ഒറ്റപ്പെടുത്തുകയും, കുറ്റപ്പെടുത്തുകയും ചെയ്യുകയാണ്.

എന്നാലോ ആ സാധു മനുഷ്യൻ പറഞ്ഞു;

"അവൻ എന്റെ കണ്ണിന്മേൽ ചേറു തേച്ചു, ഞാൻ കഴുകി, കാഴ്ച പ്രാപിച്ചിരിക്കുന്നു."

അവൻ പോയി കഴുകാൻ പറഞ്ഞു, ഞാൻ പോയി കഴുകി, കാഴ്ച പ്രാപിച്ചു.

സഹോദരങ്ങളെ, ഇവന് മറ്റൊന്നും പറയാനില്ല; എതിർപ്പുകളുടെ മുമ്പിൽ അവന് ഒന്നും പറയാനില്ല. അവന് അവന്റെ അനുഭവം മാത്രമേ പറയാനുള്ളൂ.

എതിർപ്പുകളുടെ മുമ്പിൽ നിനക്ക് എന്തെങ്കിലും അനുഭവം പറയാനുണ്ടോ? ദൈവത്തിന്റെ മഹത്വമേറിയ സാക്ഷിയായി നിനക്ക് എന്തെങ്കിലും പറയാനുണ്ടോ? സങ്കീർത്തനക്കാരൻ ഇങ്ങനെ പാടി.

> "സകല ഭക്തന്മാരുമായുള്ളോരേ, വന്നു കേൾപ്പിൻ, അവൻ എന്റെ പ്രാണനുവേണ്ടി ചെയ്തത് ഞാൻ വിവരിക്കാം"
>
> *സങ്കീർത്തനം. 66:16*

വീണ്ടും ലേവ്യ പുസ്തകത്തിൽ നാം ഇങ്ങനെ കാണുന്നു.

> "ഒരുത്തൻ സത്യവാചകം കേട്ടിട്ടു, താൻ സാക്ഷിയായി കാണുകയോ അറികയോ ചെയ്തത് അറിയിക്കാതെ അങ്ങനെ പാപം ചെയ്താൽ അവൻ തന്റെ കുറ്റം വഹിക്കേണം."
>
> *ലേവ്യ. 5:1*

ഒരുത്തൻ സത്യവചനം കേട്ടിട്ട് താൻ കാണുകയോ അറിയുകയോ ചെയ്തത് മറ്റുള്ളവരെ അറിയിക്കാതിരുന്നാൽ പാപമാണെന്നാണ് പറഞ്ഞിരിക്കുന്നത്. വീണ്ടും ദാനിയേൽ പ്രവാചകൻ എന്തു പറയുന്നു എന്ന് നോക്കാം.

> "അത്യുന്നതനായ ദൈവം എങ്കൽ പ്രവർത്തിച്ച അടയാളങ്ങളും അത്ഭുതങ്ങളും പ്രസിദ്ധമാക്കു

ന്നത് നന്നെന്ന് എനിക്കു തോന്നിയിരിക്കുന്നു”

*ദാനീ. 4:2*

ദൈവം നിന്നിൽ അടയാളം ചെയ്തെങ്കിൽ അത് പ്രസിദ്ധ മാക്കണം. ദൈവം അത്ഭുതം പ്രവർത്തിച്ചെങ്കിൽ അത് പ്രസിദ്ധ മാക്കണം. സാക്ഷ്യം വഹിക്കണം.

ലൂക്കോസിന്റെ സുവിശേഷം പതിനാറാം അദ്ധ്യായം 28-ാം വാക്യത്തിൽ പാതാളത്തിൽ യാതന അനുഭവിക്കുന്ന ധനവാൻ യാചിച്ചു പറയുകയാണ്!

> “എനിക്ക് അഞ്ചു സഹോദരന്മാർ ഉണ്ട്; അവരും ഈ യാതനാ സ്ഥലത്ത് വരാതിപ്പാൻ അവൻ അവരോട് സാക്ഷ്യം പറയട്ടെ എന്നു പറഞ്ഞു”

കണ്ടതും അനുഭവിച്ചതുമായ കാര്യങ്ങൾ ലാസർ ഭൂമിയിൽ പോയി സാക്ഷ്യപ്പെടുത്തുവാൻ ധനവാൻ ആഗ്രഹിക്കുകയാണ്. സാക്ഷ്യത്തെക്കുറിച്ച് വേദപുസ്തകം വീണ്ടും എന്തു പറയുന്നു എന്ന് നോക്കാം.

> “ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നത് പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല എന്നു ഉത്തരം പറഞ്ഞു”

*അപ്പോ:പ്ര. 4:20*

> “നീ കാൺകയും കേൾക്കയും ചെയ്തതിനു സക ല മനുഷ്യർക്കും നീ അവന്റെ സാക്ഷിയായി ത്തീരും.

*അപ്പോ.പ്ര. 22:15*

> “എങ്കിലും എഴുന്നേറ്റു നിവർന്നു നിൽക്ക; നീ എന്നെ കണ്ടതിന്നും ഇനി ഞാൻ നിനക്ക് പ്രത്യ

ക്ഷൻ ആവാനിരിക്കുന്നതിനും നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിപ്പാൻ ഞാൻ നിനക്ക് പ്രത്യക്ഷനായി”

*അപ്പോ. പ്ര. 26:16*

ദൈവമക്കളെ, അവൻ നമുക്ക് എന്തു ചെയ്തു എന്ന് നമുക്ക് സാക്ഷിക്കാം. മറ്റുള്ളവരുടെ മുമ്പിൽ നമുക്ക് പ്രസ്താവിക്കാം. മറ്റുള്ളവരുടെ മുമ്പിൽ നമുക്ക് പ്രഖ്യാപിക്കാം. നമുക്ക് സമർപ്പിക്കാം.

കരുണയുള്ള കർത്താവേ, ഈ നല്ല സന്ദർഭത്തിനായി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. സ്നേഹമോലുന്ന സന്ദേശത്തിനായി സ്തോത്രം. സത്യസാക്ഷ്യം വഹിപ്പാൻ ഞങ്ങൾക്ക് ഭാഗ്യം തരണമേ. വചനം വായിക്കുന്ന എല്ലാവരേയും അനുഗ്രഹിക്കണമേ.

## പന്ത്രണ്ട്

"പരീശന്മാരിൽ ചിലർ: ഈ മനുഷ്യൻ ശബ്ബത്ത് പ്രമാണിക്കായ്ക കൊണ്ട് ദൈവത്തിന്റെ അടുക്കൽ നിന്ന് വന്നവനല്ല എന്നു പറഞ്ഞു. മറ്റു ചിലർ: പാപിയായോരു മനുഷ്യന്നു ഇങ്ങനെയുള്ള അടയാളങ്ങൾ ചെയ്‌വാൻ എങ്ങനെ കഴിയും എന്നു പറഞ്ഞു. അങ്ങനെ അവരുടെ ഇടയിൽ ഒരു ഭിന്നത ഉണ്ടായി. അവർ പിന്നെയും കുരുടനോട്: നിന്റെ കണ്ണു തുറന്നതുകൊണ്ട് നീ അവനെക്കുറിച്ച് എന്തു പറയുന്നു എന്നു ചോദിച്ചതിന്നു: അവൻ ഒരു പ്രവാചകൻ എന്നു പറഞ്ഞു.

*യോഹ. 9 : 16-17*

കുരുടനായ മനുഷ്യന് ശരീരസൗഖ്യം കിട്ടി. കണ്ണിനു കാഴ്ച കിട്ടി. പക്ഷെ യേശുവിനെ ഒരു മനുഷ്യൻ എന്നു മാത്രമേ അവൻ ആദ്യം അറിഞ്ഞുള്ളൂ. എന്നാൽ എതിർപ്പുകൾ പെരുകുന്തോറും അവൻ ക്ഷീണിതനാവുകയല്ല, അവൻ ആത്മാവിൽ കാഴ്ച പ്രാപിച്ചു വരികയാണ്.

പരീശന്മാർ അവനെ ചോദ്യം ചെയ്യുകയും എതിർക്കുകയും ചെയ്തപ്പോൾ അവൻ തളരുകയല്ല, അവൻ വളരുകയാണ്. ആത്മാവിൽ പുതിയ കാഴ്ചപ്പാടുകൾ ലഭിക്കുന്നു. ഇപ്പോൾ അവൻ പറയുന്നത് യേശു ഒരു പ്രവാചകനാണെന്നാണ്.

ഇവൻ ആത്മാവിൽ വളരുന്തോറും യഹൂദന്മാരുടെ ഇട യിൽ ഭിന്നതയാണ്, പരീശന്മാരുടെ ഇടയിൽ ഭിന്നതയാണ്. യേശു വിനെ കുറിച്ച് അവർ എന്താണ് പറയുന്നതെന്നു നോക്കാം.

> "ഈ മനുഷ്യൻ ശബ്ബത്ത് പ്രമാണിക്കായ്ക കൊണ്ട് ദൈവത്തിന്റെ അടുക്കൽ നിന്നും വന്നവനല്ല എന്നു പറഞ്ഞു. മറ്റു ചിലർ: പാപിയായ മനു ഷ്യന്നു ഇങ്ങനെയുള്ള അടയാളങ്ങൾ ചെയ്‌വാൻ എങ്ങനെ കഴിയും എന്നു പറഞ്ഞു. അങ്ങനെ അവ രുടെ ഇടയിൽ ഒരു ഭിന്നത ഉണ്ടായി."
>
> *യോഹ. 9:16*

പിന്നേയും യഹൂദന്മാരുടെ ഇടയിൽ ഭിന്നത ഉണ്ടായതായി കാണാം.

> "ഈ വചനം നിമിത്തം യഹൂദന്മാരുടെ ഇടയിൽ പിന്നേയും ഭിന്നത ഉണ്ടായി. അവരിൽ പലരും; അവന്നു ഭൂതം ഉണ്ടു, അവൻ ഭ്രാന്തൻ ആകുന്നു, അവന്റെ വാക്കു കേൾക്കുന്നത് എന്തിന്നു എന്നു പറഞ്ഞു. മറ്റു ചിലർ: ഇതു ഭൂതഗ്രസ്തന്റെ വാക്കല്ല, ഭൂതത്തിനു കുരുടന്മാരുടെ കണ്ണു തുറപ്പാൻ കഴി യുമോ എന്നു പറഞ്ഞു."
>
> *യോഹ. 10 : 19–21*

> "യെരുശലേമിൽ നിന്നു വന്ന ശാസ്ത്രിമാരും; അവന്നു ബെയെത്സെ ബൂൽ ഉണ്ട്, ഭൂതങ്ങളുടെ

> തലവനെക്കൊണ്ട് അവൻ ഭൂതങ്ങളെ പുറത്താക്കുന്നു എന്നു പറഞ്ഞു.”
>
> *മർക്കോസ് 3:22*

> “അവന്റെ ചാർച്ചക്കാർ അതു കേട്ടു, അവന്നു ബുദ്ധിഭ്രമം ഉണ്ട് എന്നു പറഞ്ഞു.”
>
> *മർക്കോസ് 3:21*

യേശു ഭ്രാന്തനാണെന്ന് കണ്ടെത്തുന്നു. യേശുവിന് ഭൂതം ഉണ്ട് എന്ന് കണ്ടെത്തുന്നു. യേശുവിനെ ഭൂതങ്ങളുടെ തലവനായ ബെയെത്സെബൂൽ എന്ന് കണ്ടെത്തുന്നു. യേശുവിനെ പിടിച്ചു കെട്ടേണം എന്നു അവർ തീരുമാനിക്കുന്നു.

യേശുവിനെ കുറിച്ച് പലതരത്തിലുള്ളതായ അഭിപ്രായങ്ങൾ കേൾക്കുന്നുണ്ട്. തന്മൂലം അവരുടെ ഇടയിൽ തന്നെ ഭിന്നത ഉണ്ടായി.

യേശുവിനെക്കുറിച്ച് മറ്റൊരു പ്രസ്താവന നമുക്ക് കാണാം.

> “ഇങ്ങനെ പ്രതിവാദിക്കയിൽ ഫെസ്തൊസ്: പൗലൊസേ, നിനക്ക് ഭ്രാന്തുണ്ട്, വിദ്യാബഹുത്വത്താൽ നിനക്ക് ഭ്രാന്ത് പിടിച്ചിരിക്കുന്നു എന്നു ഉറക്കെ പറഞ്ഞു“
>
> *അപ്പോ. പ്ര. 26:24*

യേശുവിനെക്കുറിച്ച് ഭ്രാന്ത് എന്നു പറഞ്ഞ ജനം, അതേ സമൂഹം, യേശുവിന്റെ അപ്പൊസ്തലനായ പൗലോസ് ശ്ലീഹായെ കുറിച്ചും അങ്ങിനെ തന്നെ പറയുകയാണ്. യേശുവിനെക്കുറിച്ചു പറഞ്ഞ അതേ വാക്കുകൾ യേശുവിന്റെ അരുമ ശിഷ്യന്മാരെ കുറിച്ചും പറയും.

കാഴ്ച ലഭിച്ച മനുഷ്യൻ അപ്പോൾ പറയുന്നു: നിങ്ങൾ പറ

യുന്നതു പോലെ അല്ല, അവൻ ഒരു പ്രവാചകനാണ് എന്ന്.

യേശുവിനെക്കുറിച്ച് ജനം യേശു ദൈവത്തിൽ നിന്ന് വന്ന വനല്ല എന്നു പ്രഖ്യാപിക്കുമ്പോൾ ഈ കണ്ണുകാഴ്ച കിട്ടിയ മനുഷ്യൻ യേശു ഒരു പ്രവാചകനാണെന്ന് പറയുകയാണ്. അവി ടേയും നിൽക്കുന്നില്ല, തുടർന്ന് മുന്നോട്ടു പോകുമ്പോൾ അവന്റെ കാഴ്ചപ്പാട് പിന്നേയും വളരുന്നതായി കാണാം.

> "ദൈവത്തിന്റെ അടുക്കൽ നിന്നും വന്നവനല്ലെ ങ്കിൽ അവന്നു ഒന്നും ചെയ്‌വാൻ കഴികയില്ല എന്നു ഉത്തരം പറഞ്ഞു"
>
> *യോഹ. 9:33*

> "ആ മനുഷ്യൻ അവരോട്: എന്റെ കണ്ണു തുറന്നിട്ടും അവൻ എവിടെ നിന്ന് എന്നു നിങ്ങൾ അറിയാ ത്തത് ആശ്ചര്യം. പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നും ദൈവഭക്തനായിരുന്നു അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന കേൾ ക്കുന്നു എന്നും നാം അറിയുന്നു. കുരുടനായി പിറ ന്നവന്റെ കണ്ണ് ആരെങ്കിലും തുറന്ന പ്രകാരം ലോകം ഉണ്ടായതു മുതൽ കേട്ടിട്ടില്ല. ദൈവത്തിന്റെ അടുക്കൽ നിന്നു വന്നവനല്ലെങ്കിൽ അവന്നു ഒന്നും ചെയ്‌വാൻ കഴികയില്ല എന്നു ഉത്തരം പറഞ്ഞു.
>
> *യോഹ. 9:30–33*

ഒന്ന് : യേശു എന്ന് പേരുള്ള മനുഷ്യൻ–

രണ്ട് : യേശു ഒരു പ്രവാചകൻ .

മൂന്ന് : യേശു ദൈവത്തിന്റെ അടുക്കൽ നിന്നും വന്നവൻ ദൈവേഷ്ടം ചെയ്യുന്നവൻ.

നാല് : യേശു ദൈവപുത്രൻ.

"അവനെ പുറത്താക്കി എന്ന് യേശു കണ്ടു, അവനെ കണ്ടപ്പോൾ: നീ ദൈവ പുത്രനിൽ വിശ്വസിക്കുന്നുവോ എന്നു ചോദിച്ചു. അതിനു അവൻ. യജമാനനേ, അവൻ ആർ ആകുന്നു? ഞാൻ അവനിൽ വിശ്വസിക്കാം എന്നു ഉത്തരം പറഞ്ഞു."

*യോഹ. 9 : 35-36*

"ദൈവപുത്രൻ" എന്ന കാഴ്ചപ്പാടിലേക്ക് അവൻ വരികയാണ്. ഇത്രയും ആയപ്പോഴേക്കും അവർ അവനെ പള്ളിയിൽ നിന്നും പുറത്താക്കി, പള്ളി ഭ്രഷ്ഠനാക്കി.

യേശുവിനെ സത്യമായി തിരിച്ചറിഞ്ഞ് സാക്ഷിപ്പാൻ തുടങ്ങിയപ്പോൾ, അവൻ സത്യാരാധകനായി മാറിയപ്പോൾ അവനെ പള്ളി ഭ്രഷ്ഠനാക്കി, അവനെ തള്ളിക്കളഞ്ഞു.

"അവർ അവനോട്: നീ മുഴുവനും പാപത്തിൽ പിറന്നവൻ, നീ ഞങ്ങളെ ഉപദേശിക്കുന്നുവോ എന്നു പറഞ്ഞു അവനെ പുറത്താക്കിക്കളഞ്ഞു. അവനെ പുറത്താക്കി എന്ന് യേശു കേട്ടു: അവനെ കണ്ടപ്പോൾ നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ എന്നു ചോദിച്ചു അതിന്നു അവൻ: യജമാനനേ, അവൻ ആർ ആകുന്നു? ഞാൻ അവനിൽ വിശ്വസിക്കാം എന്നു ഉത്തരം പറഞ്ഞു. യേശു അവനോട്: നീ അവനെ കണ്ടിട്ടുണ്ട്, നിന്നോട് സംസാരിക്കുന്നവൻ അവൻ തന്നേ എന്നു പറഞ്ഞു."

*യോഹ. 9 : 34-37*

അഞ്ചാമത്തെ അനുഭവമാണ് അടുത്ത വാക്യത്തിൽ കാണുന്നത്.

> “കർത്താവേ ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞു അവനെ നമസ്കരിച്ചു”
>
> *യോഹ. 9:38*

അഞ്ച്: യേശു കർത്താവ് - Lord -

പടിപടിയായി ആത്മാവിൽ വളരുകയാണ്. ക്രിസ്തുവിൽ നിന്നും അത്ഭുകരമായ രോഗസൗഖ്യം കിട്ടി. കണ്ണു കാഴ്ച ലഭിച്ചു. പുറമെ സൗഖ്യം കിട്ടി. പക്ഷെ തീർന്നില്ല. അകമേ ആത്മാവിൽ വെളിവു കിട്ടിത്തുടങ്ങി.

ഈ വചനം വായിക്കുന്ന എന്റെ ബഹുമാന്യ സഹോദര ങ്ങളെ, നിങ്ങൾക്ക് ആത്മാവിൽ വെളിവ് വർദ്ധിച്ചു വരണമോ? തിളക്കം കൂടിക്കൂടി വരണമോ? കാഴ്ചപ്പാടുകൾ വർദ്ധിച്ചു വര ണമോ?

“കർത്താവേ, ഞാൻ വിശ്വസിക്കുന്നു.”

സ്നേഹിതരേ, നിങ്ങൾ യേശുവിനെ കർത്താവ് എന്നു കാണുമ്പോൾ, കർത്താവ് എന്നു വിശ്വസിക്കുമ്പോഴാണ് നിങ്ങൾ നിത്യ ജീവന്റെ അവകാശം പ്രാപിക്കുന്നത്.

തോമാശ്ലീഹാ ഒരിക്കൽ പറഞ്ഞു. “എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ” എന്ന്. അവിശ്വസിയായിരുന്നു, സംശയാലുവായിരുന്നു; പക്ഷെ സംശയ ചിന്തകൾ ഹൃദയത്തിൽ നിറഞ്ഞിരുന്നപ്പോഴും യേശു അവനെ സ്നേഹിച്ചു, യേശു അവനെ സമീപിച്ചു, യേശു അവന്റെ മുമ്പിൽ തന്നെത്തന്നെ വെളിപ്പെടുത്തി. അതിനുശേഷം യേശു തോമസിനോട് പറഞ്ഞത് സുവിശേഷത്തിൽ ഇങ്ങിനെ രേഖപ്പെടുത്തിയിട്ടുണ്ട്.

> “പിന്നെ തോമസിനോട്: നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാൺക, നിന്റെ കൈ നീട്ടി എന്റെ വിലാപ്പുറത്ത് ഇടുക, അവിശ്വാസിയാകാതെ

> വിശ്വാസിയായിരിക്ക എന്നു പറഞ്ഞു. തോമസ് അവനോട്, എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ എന്നു ഉത്തരം പറഞ്ഞു."
>
> *യോഹ. 20. 27:28*

ക്രിസ്തുവിനെ എന്റെ സ്വന്തം കർത്താവായി കാണുന്നത് രക്ഷിതാവായി കാണുന്നത്, സ്വന്തം യജമാനനായി കാണുന്നത്, എന്റെ വീണ്ടെടുപ്പുകാരനായി കാണുന്നത് അത് എത്ര വലിയ അനുഭൂതിയാണ്, എന്തൊരു പദവിയാണ്!

സ്നേഹിതരേ, ഈ മഹാഭാഗ്യം നിങ്ങൾക്കു വേണമോ? യേശുവിനെ എന്റെ കർത്താവ് എന്നു പറയത്തക്കവണ്ണം, യേശുവുമായി വ്യക്തിപരമായ ഒരു ബന്ധത്തിലേക്ക് വരാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ? എങ്കിൽ നിങ്ങളുടെ ഹൃദയം ക്രിസ്തുവിനു ഇന്നു കൊടുപ്പിൻ, നിങ്ങളുടെ ഭാവി യേശുവിന് കൊടുപ്പിൻ, നിങ്ങളെത്തന്നെ- ദേഹം, ദേഹി, ആത്മാവ് - സമ്പൂർണ്ണമായി യേശുവിന് കാണിക്കയായി അർപ്പിക്കുവിൻ. അവന്റെ പാദത്തിൽ നിങ്ങളെത്തന്നെ അടിയറവെക്കുവിൻ, ക്രൂശിൽ മുറിഞ്ഞ തൃപ്പാദത്തിൽ, നിന്റെ ഭാവി ഏല്പിച്ചു കൊടുക്കുവിൻ. അവനോട് വാക്കു പറയുവിൻ.

"യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ വക" നമുക്ക് പ്രാർത്ഥിക്കാം.

കാരുണ്യവാനേ, അൻപുള്ള പിതാവേ, ജീവന്റെ അരുളപ്പാടുകൾക്കായി സ്തോത്രം. സ്നേഹത്തിന്റെ ദൂതിനായി സ്തോത്രം, ഇത് വായിക്കുന്ന എല്ലാവരേയും തഴുകണമേ, വെളിവു നൽകണമേ, സുബോധം നൽകണമേ, അനുഗ്രഹത്തിന്റെ അനുഭവത്തിലേക്ക് നയിക്കണമെ,

# പതിമൂന്ന്

" അവനെ പുറത്താക്കി എന്നു യേശു കേട്ടു; അവനെ കണ്ടപ്പോൾ, നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ എന്നു ചോദിച്ചു. അതിന്നു അവൻ യജമാനനേ, അവൻ ആർ ആകുന്നു? ഞാൻ അവനിൽ വിശ്വസിക്കാം എന്നു ഉത്തരം പറഞ്ഞു. യേശു അവനോട്: നീ അവനെ കണ്ടിട്ടുണ്ട്, നിന്നോട് സംസാരിക്കുന്നവൻ അവൻ തന്നേ എന്നു പറഞ്ഞു. ഉടനെ അവൻ: കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞു അവനെ നമസ്കരിച്ചു. കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു എന്ന് യേശു പറഞ്ഞു "

*യോഹ 9: 35-39*

കുരുടനായിരുന്ന മനുഷ്യൻ "കർത്താവേ ഞാൻ വിശ്വസിക്കുന്നു" എന്നു പറഞ്ഞു യേശുവിനെ നമസ്കരിച്ചു. പരീശ പ്രമാണിമാർ അവനെ വിളിച്ചു

വരുത്തി അവനെ വിസ്തരിച്ചു. അവനെ ചോദ്യം ചെയ്തു: പക്ഷെ " അവൻ ഒരു പ്രവാചകൻ" എന്നു പറഞ്ഞു. അവന്റെ മാതാപിതാക്കളെ വരുത്തി അവരുടെ മകനാണെന്ന് അവർ പറയുന്നതുവരേയും അവരുടെ മകനാണ് സൗഖ്യം പ്രാപിച്ചവൻ എന്ന് പരീശ പ്രമാണിമാർ വിശ്വസിച്ചില്ല.

> "കുരുടനായി ജനിച്ചു എന്നു നിങ്ങൾ പറയുന്ന നിങ്ങളുടെ മകൻ ഇവൻ തന്നേയോ? എന്നാൽ അവന്നു ഇപ്പോൾ കണ്ണു കാണുന്നത് എങ്ങനെ എന്ന് അവർ അവരോട് ചോദിച്ചു. അവന്റെ അമ്മയപ്പന്മാർ, ഇവൻ ഞങ്ങളുടെ മകൻ എന്നും കുരുടനായി ജനിച്ചവൻ എന്നും ഞങ്ങൾ അറിയുന്നു. എന്നാൽ കണ്ണു കാണുന്നത് എങ്ങനെ എന്നു അറിയുന്നില്ല, അവന്റെ കണ്ണു ആർ തുറന്നു എന്നും അറിയുന്നില്ല. അവനോട് ചോദിപ്പിൻ, അവന്നു പ്രായം ഉണ്ടല്ലോ, അവൻ തന്നേ പറയും എന്നു ഉത്തരം പറഞ്ഞു"
>
> *യോഹ. 9 : 19-21*

സ്വന്ത അമ്മയപ്പന്മാർക്ക് സ്വന്തം മകനു കിട്ടിയ സൗഖ്യത്തെക്കുറിച്ച് സാക്ഷിപ്പാനും സൗഖ്യം നൽകിയവനെ കുറിച്ച് പ്രസ്താവിപ്പാനും ധൈര്യം ഇല്ലാതെ പോയി. അവർ ഭീരുക്കളായിപ്പോയി.

> "യഹൂദന്മാരെ ഭയപ്പെടുക കൊണ്ടത്രേ അവന്റെ അമ്മയപ്പന്മാർ ഇങ്ങനെ പറഞ്ഞത്, അവനെ ക്രിസ്തു എന്നു ഏറ്റു പറയുന്നവൻ പള്ളി ഭ്രഷ്ഠനാകേണം എന്നു യഹൂദന്മാർ തമ്മിൽ പറഞ്ഞൊത്തിരുന്നു. അതുകൊണ്ടത്രേ അവന്റെ അമ്മയപ്പ

ന്മാർ: അവന്നു പ്രായം ഉണ്ടല്ലോ, അവനോട് ചോദി
പ്പീൻ എന്നു പറഞ്ഞത്."

*യോഹ 9 : 22–23*

സ്നേഹിതരേ, യേശുക്രിസ്തുവിനെ സാക്ഷിപ്പാൻ പലരും പേടിക്കുകയാണ്, മടിക്കുകയാണ്, മനുഷ്യരുടെ മുഖം നോക്കുകയാണ്, "മാനുഷ ഭയം ഒരു കണിയാകുന്നു" എന്ന് സദൃശവാക്യങ്ങളിൽ നാം വായിക്കുന്നുണ്ട്. പ്രിയപ്പെട്ടവരേ, കണിയിൽപ്പെടാതെ സൂക്ഷിച്ചാൽ നന്ന്. ദൈവത്തെ ഏറ്റു പറയേണ്ടിടത്ത് ഏറ്റു പറഞ്ഞില്ലെങ്കിൽ നിത്യനായ ദൈവം മഹത്വത്തിൽ വരുമ്പോൾ ദൂതന്മാരുടേയും സ്വർഗ്ഗസ്ഥനായ പിതാവിന്റേയും മുൻപിൽ തള്ളിപ്പറയും എന്ന കാര്യം ഗൗരവമേറിയ കാര്യമാണ്, തിരുവചനം അങ്ങനെയാണ് പറയുന്നത്.

"മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്ന ഏവനേയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും" എന്നത്രേ കർത്താവ് പറഞ്ഞത്.

*മത്തായി 10: 32–33*

താൽക്കാലികമായ സൗകര്യവും, താൽക്കാലികമായ ലാഭവും കൊണ്ട് നിത്യമായ സൗഭാഗ്യത്തെയും നിത്യമായ സന്തോഷത്തേയും അനേകർ നഷ്ടപ്പെടുത്തുന്നു. അവനെ വീണ്ടും വിളിച്ച് അവർ ചോദ്യം ചെയ്തു.

"ദൈവത്തിന്നു മഹത്വം കൊടുക്ക, ആ മനുഷ്യൻ പാപി എന്ന് ഞങ്ങൾ അറിയുന്നു എന്നു പറഞ്ഞു. അതിന്നു അവൻ: അവൻ പാപിയോ അല്ലയോ എന്നു ഞാൻ അറിയുന്നില്ല, ഒന്നു അറിയുന്നു,

ഞാൻ കുരുടനായിരുന്നു, ഇപ്പോൾ കണ്ണു കാണുന്നു എന്ന് ഉത്തരം പറഞ്ഞു"

*യോഹ. 9 : 24-25*

അവൻ അവന്റെ സാക്ഷ്യം പറഞ്ഞു എനിക്ക് ഒന്നറിയാം, ഞാൻ കുരുടൻ ആയിരുന്നു, ഇപ്പോൾ കണ്ണു കാണുന്നു. അതിനു ഉത്തരവാദി ആ യേശു ആണ്. അവൻ തുറന്നു പറഞ്ഞു. അവനെ അവർ പള്ളി ഭ്രഷ്ഠനാക്കി.

"നീ ഞങ്ങളെ ഉപദേശിക്കുന്നുവോ എന്നു പറഞ്ഞു അവനെ പുറത്താക്കിക്കളഞ്ഞു."

*യോഹ. 9:34*

"അവനെ പുറത്താക്കി എന്ന് യേശു കേട്ടു."

*യോഹ 9:35*

നമുക്ക് സംഭവിക്കുന്നതെല്ലാം യേശു അറിയും, യേശു കേൾക്കും, യേശു സന്ദർശിക്കും. അവനെ യേശു കണ്ടു. യേശു അവനോട് ആഴമേറിയ അനുഭവത്തിലേക്ക് നീങ്ങുവാൻ ഉപദേശിക്കുകയാണ്. മകനേ, നിന്റെ കാഴ്ചപ്പാടുകൾ മാറി ഉയർന്ന തലങ്ങളിലേക്ക് കയറി വരികയാണ്.

"അവനെ കണ്ടപ്പോൾ നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ എന്നു ചോദിച്ചു. അതിനു അവൻ യജമാനനേ, അവൻ ആർ ആകുന്നു? ഞാൻ അവനിൽ വിശ്വസിക്കാം എന്നു ഉത്തരം പറഞ്ഞു. യേശു അവനോട് നീ അവനെ കണ്ടിട്ടുണ്ട്. നിന്നോട് സംസാരിക്കുന്നവൻ അവൻ തന്നേ എന്നു പറ ഞ്ഞു."

*യോഹ 9:35-37*

നിനക്ക് കാഴ്ച തന്നവൻ, ആദ്യമായി നീ കണ്ടവൻ, കണ്ണു തുറന്നപ്പോൾ ആദ്യമായി നീ ദർശിച്ചവൻ, നിന്റെ കണ്ണു തുറക്കുന്നതിന്നു വാസ്തവമായും കാരണക്കാരനായവൻ: നീ അവനെ കണ്ടിട്ടുണ്ട്.

> "കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞു അവനെ നമസ്കരിച്ചു."
>
> *യോഹ. 9:38*

ഈ വാക്യത്തിൽ മൂന്നു കാര്യങ്ങൾ സ്പഷ്ടമായി കാണാം.

ഒന്ന്: He was convinced - അവന്ന് നല്ല ബോധ്യമായി കർത്താവേ ഞാൻ വിശ്വസിക്കുന്നു. കർത്താവേ – Lord-എന്ന വാക്കിലെ അവന്റെ വിശ്വാസം, അവന്റെ ബോദ്ധ്യം, അവന്നു നല്ല ഉറപ്പായി. യേശു കർത്താവാണെന്നു മനസ്സിലായി, യജമാനൻ ആണെന്ന് മനസ്സിലായി. -Lord- എന്റെ യജമാനനാണ്, എന്റെ രക്ഷകനാണ്, എന്റെ ഉടമസ്ഥനാണെന്നു മനസ്സിലായി. – Convinced -

രണ്ട് : I believe - converted - ഇതുവരേയും അവൻ പൂർണ്ണമായും വിശ്വാസി ആയിരുന്നില്ല. അവൻ മാനസാന്തരപ്പെട്ടു, അവൻ മനം തിരിഞ്ഞു.

മൂന്ന്: Worship - Consecrated - നമസ്കരിച്ചു. കർത്താവേ ഞാൻ വിശ്വസിക്കുന്നു എന്ന് പറഞ്ഞ് അവനെ നമസ്കരിച്ചു. അവൻ ആരാധിക്കുകയാണ്. കർത്താവായി കൈക്കൊണ്ടു. ഇനി ആരാധന തുടങ്ങാം.

സ്നേഹിതരേ, നിങ്ങൾ വിശ്വാസികൾ ആകുവിൻ, നിങ്ങൾ കർത്താവിനെ സ്വീകരിപ്പിൻ, നിങ്ങൾ നല്ല ബോധ്യമുള്ളവർ ആകുവിൻ, ക്രിസ്തുവിനെ ഉടയവനും രക്ഷകനും, കർത്താവും, വീണ്ടെടുപ്പുകാരനുമായി നിങ്ങൾ സ്വീകരിപ്പിൻ. പോരാ,

ക്രിസ്തുവിനെ നിങ്ങൾ വിശ്വസിച്ചു Converted ആകുവിൻ. നിങ്ങൾ ക്രിസ്തുവിന്റെ കൃപയാൽ മാനസ്സാന്തരപ്പെട്ടവർ ആകുവിൻ – ആളുമാറുക, ഹൃദയം മാറുക, സ്വഭാവം മാറുക, ചിന്താഗതി മാറുക, കോപശീലം മാറി സൗമ്യനായിത്തീരുന്നു. അഴുക്കായ ദുശ്ശീലങ്ങൾ മാറി സ്നേഹോഷ്മളമായ നല്ല ശീലങ്ങൾ സമ്പാദിക്കുന്നു. ജീവിതം ആകെ മാറ്റം വരുന്നു. ജീവിതത്തിൽ ദ്രവ്യാഗ്രഹം മാറി മനുഷ്യസ്നേഹം വരുന്നു. സ്വാർത്ഥത മാറി എല്ലാവരേയും സ്നേഹിക്കുന്ന നിത്യ സ്നേഹോദാരമായ സമീപനം വരുന്നു. ആകെ മാറ്റം.

അവൻ അവിടെ വീണ് യേശുവിനെ നമസ്കരിക്കുകയാണ്. അപ്പോൾ കർത്താവ് എന്താണ് പറയുന്നത് :

> “കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഈ ലോകത്തിൽ വന്നു എന്നു യേശു പറഞ്ഞു”
>
> *യോഹ 9:38*

എന്താണ് ഇതിന്റെ അർത്ഥം? കർത്താവായ യേശുവിന്റെ വരവിന്റെ ഉദ്ദേശം മനുഷ്യന്റെ രക്ഷയാണ്. എന്നാൽ കർത്താവിന്റെ വരവിന്റെ ഫലം എന്താണ്? രക്ഷ അനുഭവിക്കാത്തവർക്ക് Condemnation - ശിക്ഷാവിധിയാണ്.

വിശ്വസിക്കാത്തവർക്ക് ശിക്ഷാവിധി കിട്ടുന്നു. രക്ഷിക്കാനാണ് വന്നതെങ്കിലും രക്ഷ വിശ്വസിക്കുന്നില്ല, രക്ഷ കൈക്കൊള്ളുന്നില്ല എങ്കിൽ ശിക്ഷാവിധി വരുന്നു.

സൂര്യൻ വിത്തുകൾക്കും പ്രകൃതിയിലെ അനേകമനേകം സസ്യജാലങ്ങൾക്കും സൗന്ദര്യം നൽകുന്നു. സൂര്യന്റെ വെളിച്ചം ഏൽക്കുമ്പോൾ മണ്ണിൽ കിടക്കുന്ന വിത്ത് മുളച്ച് വളർന്ന് തളിരിലകളായി വളർന്ന് മനോഹരമായി അത് പുഷ്പിച്ച് പ്രശോഭിക്കുന്നു.

അതേസൂര്യന്റെ വെളിച്ചം ക്ഷുദ്രജീവികളെ കണ്ടെത്തുന്നു. ക്ഷുദ്രജീവികൾ സൂര്യന്റെ വെളിച്ചം കാണുമ്പോൾ ഒളിക്കുന്നു.

സ്നേഹിരേ, നമുക്ക് സൂര്യന്റെ വെളിച്ചമേറ്റു പുതു ചൈതന്യം ഉൾക്കൊള്ളാം. ക്ഷുദ്രജീവികളെപ്പോലെ ഒളിച്ചു മാറാതെ, ക്ഷുദ്രപ്രാണികളെപ്പോലെ ഒളിച്ചു മാറാതെ, നമുക്ക് നേരെ വന്ന് വെളിച്ചം ഉൾക്കൊണ്ട് പ്രകാശത്തിന്റെ പ്രചുരിമ യാൽ പ്രശോഭിതർ ആകാം. യേശുവിന്റെ പ്രകാശം നമുക്ക് പ്രാപിക്കാം. നമ്മെത്തന്നെ നമുക്ക് സമർപ്പിക്കാം. യേശു ഇതാ നമ്മുടെ നേരെ കൈനീട്ടി നിൽക്കുന്നു. അവന്റെ തൃക്കരങ്ങളി ലേക്ക് നമ്മുടെ ഭാവി എല്പിക്കാം. ശോഭനമായ ഭാവിയിലേക്ക് അവൻ നമ്മെ നയിക്കും. അനുഗ്രഹത്തിന്റെ പന്ഥാവിലൂടെ അവൻ നമ്മെ നയിക്കും. ശോഭനമായ സ്വർഗ്ഗീയ തീരത്ത് അവൻ നമ്മെ എത്തിക്കും; മരണശേഷം നിത്യ സൗഭാഗ്യം, നിത്യ സ്വർഗ്ഗം അവൻ നമുക്ക് തരും. ക്രൂശിന്മേൽ മരിച്ച രക്ഷകന്റെ തിരുരക്തത്തിൽ നമുക്ക് ആശ്രയിക്കാം, ആതിരുരക്തത്തിൽ നമുക്ക് ശരണപ്പെട്ടുകൊണ്ട് പുതിയ ജീവിതം നമുക്ക് തുടങ്ങാം. Convinced ആകാം, Consecrated ആകാം, ആരാധന ആരം ഭിക്കാം.

കാരുണ്യവാനേ, അൻപുള്ള പിതാവേ, ജീവന്റെ ദൂതു കൾക്കായി സ്തോത്രം. സ്വർഗ്ഗീയ വചനങ്ങൾക്കായി സ്തോത്രം. എല്ലാവരേയും അനുഗ്രഹിക്കണമേ, ഇതുവായിക്കുന്ന എല്ലാവ രുടെ മേലും നിന്റെ കൃപ പകരണമേ, രോഗികളെ സൗഖ്യമാ ക്കണമേ, ഭൂതബാധകൾ മാറ്റണമേ, കുടുംബങ്ങളിൽ സമാധാനം അയക്കണമേ, എല്ലാവരേയും അനുഗ്രഹിക്കണമേ,

## അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| **വെള്ളി** | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : **6.30** A M |
| **ശനി** | സൂര്യ ടിവി | : **6.30** A M |
| **ഞായർ** | ജീവൻ ടിവി | : **6.30** A M |

### പ്രൊഫ. എം.വൈ. യോഹന്നാൻ

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| **രണ്ടാം ശനിയാഴ്ച** | 9.00 A M – 2.00 P M | മേച്ചക്കര, പ്രൊഫ. എം. വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| **രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച** | 12.30P M – 5.00P M | |
| **മൂന്നാം ഞായറാഴ്ച** | 12.30P M – 5.00P M | |
| **എല്ലാ തിങ്കളാഴ്ചയും** | 6.00P M – 8.00P M | |
| **ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം)** | 9.00A M – 1.00P M | |
| **എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്)** | 6.00A M – 8.00P M | **പ്രൊഫ. സി. എം. മാത്യു, ചാന്ത്യം – ഭവനം കോലഞ്ചേരി** |
| **ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം)** | 6.30A M – 9.00P M | |